കേരളത്തിലെ സ്ത്രീ തൊഴിലാളികൾക്ക് ആദ്യമായി 1,000 രൂപ ഓണം ബോണസ് കൊടുത്തു. രണ്ടാമതായി ഓണക്കോടി കൊടുത്തു. ഇനി കൊടുക്കുന്നത് സംസ്ഥാന ഗവൺമെന്റിന്റെ ഫണ്ടിൽ നിന്നായതിനാൽ സംസ്ഥാനത്തിന്റെ സാമ്പത്തികമായ ലഭ്യത കണക്കിലെടുത്തുമാത്രമേ ചെയ്യാൻ സാധിക്കുകയുള്ളു. അങ്ങ് പറഞ്ഞതുപോലെ ജോലി സമയം രാവിലെ 9 മണി മുതൽ വൈകുന്നേരം 4 മണിവരെയെന്നുള്ളത് കേരള ഗവൺമെന്റിന്റെ സമീപനമാണ്. കേരളത്തിലെ തൊഴിലാളികളിൽ 90 ശതമാനവും സ്ത്രീകളാണ്. അവർക്ക് മക്കളെ സ്കൂളിൽ അയച്ചതിനുശേഷം ജോലിക്കുപോകാൻ സാധിക്കണം. അതുപോലെ മക്കൾ വരുമ്പോൾ അമ്മമാർ വീട്ടിലുണ്ടാകുകയും ചെയ്യണം. ആ ക്രമീകരണം ഉണ്ടാകണം. അത് ശക്തമായ നിലപാടാണ്. ഇതുസംബന്ധിച്ച് വീണ്ടും ആവശ്യപ്പെടുന്നതാണ്.

ശ്രീ. എ. കെ. ബാലൻ : സർ, ഈ പ്രവൃത്തിമൂലം അസറ്റ് ക്രിയേഷനൊന്നും നാട്ടിൽ നടക്കുന്നില്ല. ഇപ്പോൾ പല സ്ഥലത്തും പുല്ല് നീക്കം ചെയ്യൽ മാത്രമാണ് കണ്ടുവരുന്നത്. യഥാർത്ഥത്തിൽ ഇതിന്റെ ഗുണം കിട്ടേണ്ടത് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആദിവാസികൾക്കാണ്. മിനിമം നൂറു ദിവസം തൊഴിൽ കിട്ടിയാൽ അവർക്ക് എങ്ങനെയെങ്കിലും ഒരു വർഷം കഴിഞ്ഞു കൂടാൻ സാധിക്കും. ബഹുമാനപ്പെട്ട മന്ത്രി എന്തുപറഞ്ഞാലും ഓരോ വർഷം കഴിയുന്തോറും അവർക്ക് നൂറു ദിവസം പണി കിട്ടുന്നില്ലായെന്നതാണ് യാഥാർത്ഥ്യം. അതുകൊണ്ട് എല്ലാ ആദിവാസികൾക്കും മിനിമം നൂറു ദിവസം തൊഴിൽ ലഭ്യമാകുമെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിക്ക് ഉറപ്പുവരുത്താൻ സാധിക്കുമോ ? അനുബന്ധമായി ചോദിക്കാനുള്ളത്, കേന്ദ്രത്തിന്റെ ഫണ്ട് കുറയുകയാണ്. TSP ഫണ്ട് ഇതിനുവേണ്ടി ഉപയോഗിക്കാം. കഴിഞ്ഞ വർഷം തന്നെ TSP ഫണ്ട് 120 കോടി രൂപ ലാപ്സായി. ലാപ്സാകുന്ന TSP ഫണ്ട് ഇതിന്റെ കൂടെ ക്ലബ് ചെയ്ത് ആദിവാസികൾക്ക് നൂറുദിവസത്തെ തൊഴിൽ ഉറപ്പുവരുത്താൻ കഴിയുമോ ; അങ്ങനെ എന്തെങ്കിലും നിർദ്ദേശം ബഹുമാനപ്പെട്ട മന്ത്രിയുടെ മനസ്സിൽ ഉണ്ടോ ?

ശ്രീ. കെ. സി. ജോസഫ് : സർ, അങ്ങ് പറഞ്ഞതുപോലെ തീർച്ചയായും എസ്.സി./എസ്.ടി. മേഖലയ്ക്ക് ജോലി ദിവസങ്ങൾ (നൂറ് ദിവസം) വർദ്ധിപ്പിക്കാൻ വേണ്ട നടപടി സ്വീകരിക്കാം. പക്ഷെ അവരെ ജോലിക്ക് ലഭിക്കുകയെന്നതാണ് ബുദ്ധിമുട്ടുള്ളകാര്യം. എങ്കിലും എസ്.ടി. ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ടുകൊണ്ട് ജോലി ദിവസങ്ങൾ വർദ്ധിപ്പിക്കാൻ ശ്രമിക്കാം. 2011-12-ൽ 1,02,242 ആൾക്കാർക്കാണ് നൂറുദിവസം ജോലി കൊടുത്തത്. ആ സ്ഥാനത്ത് ഇപ്പോൾ 4 ലക്ഷം ആൾക്കാർക്കാണ് ജോലി കൊടുത്തത്. ജോലിയുടെ അളവ് വർദ്ധിക്കുന്നുണ്ട്. പക്ഷെ അങ്ങ് പറഞ്ഞതുപോലെ

LIBRARY ARCHIVES Kerala Legislative Assembly

അസറ്റ് ക്രിയേഷൻ എന്നൊരു അദ്ധ്യായം നേരത്തെ ഉണ്ടായിരുന്നില്ല. ഞാൻ തന്നെ പോയി കണ്ടതാണ് പലയിടത്തും കോൺക്രീറ്റ് പാലങ്ങൾ 40 ശതമാനം അസറ്റ് ക്രിയേഷന് എടുക്കും ബാക്കി തൊഴിലുറപ്പിനും എടുക്കും. IAY വീടുകൾ, അതുപോലെ കൃഷിയിടത്തേക്കുള്ള ചെറിയ കനാലുകൾ എന്നിവയൊക്കെ നിർമ്മിക്കാൻ സാധിക്കും. അത്തരത്തിൽ മാറ്റം വരുത്തിയില്ലെങ്കിൽ നമുക്ക് ജോലി സാധ്യത കുറയും. കാരണം കളറെട്ടും പുല്ല് വെട്ടും ഇനി ചെയ്യിക്കാൻ സാധിക്കുകയില്ല.

ശ്രീമതി ജമീലാ പ്രകാശം : സർ, തൊഴിലുറപ്പ് പദ്ധതിയുടെ ചുക്കാൻ പിടിക്കുന്ന ഉദ്യോഗസ്ഥനെ ജനുവരി 1-ാം തീയതി മറ്റൊരു ചുമതല ഏൽപ്പിക്കുകയുണ്ടായി. തൽസ്ഥാനത്തേക്ക് അത്രയും സിനിയോറിറ്റിയുള്ള മറ്റൊരു ഉദ്യോഗസ്ഥനെ കൊണ്ടുവരുന്ന കാര്യത്തിൽ എന്തെങ്കിലും തീരുമാനമായിട്ടുണ്ടോയെന്ന് അറിയാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. കെ. സി. ജോസഫ് : സർ, തൊഴിലുറപ്പിന്റെ ചുമതലയുണ്ടായിരുന്നത് ഒരു IAS ഉദ്യോഗസ്ഥനായിരുന്നു. അദ്ദേഹത്തെ ഇപ്പോൾ കൊല്ലം ജില്ലാ കളക്ടറായി നിയമിച്ചു. തൊഴിലുറപ്പുപദ്ധതിയുടെ ഇപ്പോഴത്തെ ചുമതല വഹിക്കുന്നത് അതിനെക്കാൾ പരിണിതപ്രജ്ഞനായ ഗ്രാമവികസന കമ്മീഷണർ ശ്രീ. മോഹൻകുമാർ ആണ്. അദ്ദേഹത്തിന് ഇപ്പോൾ ഇൻ-ചാർജ് ആണ് നൽകിയിരിക്കുന്നത്. പുതിയ ഒരാളെ അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. എ. എം. ആരിഫ് : സർ, എം.എൻ.ആർ.ഇ.ജി. പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ ബഡ്ജറ്റ് വിഹിതം ഘട്ടംഘട്ടമായി വെട്ടിക്കുറച്ചുകൊണ്ടിരിക്കുകയാണ്. ഇതിനുള്ള കാരണം ഈ പദ്ധതിയുടെ പേര് മഹാത്മാഗാന്ധി എന്ന നാമധേയത്തിൽ ആരംഭിക്കുന്നതിന്റെ അലർജി കൊണ്ടായിരിക്കാം. പ്രസ്തുത പദ്ധതി നടത്തിപ്പിന്റെ ആദ്യഘട്ടത്തിൽ ഈ മേഖലയിലേക്ക് ഫിഷറീസ് അലൈഡ് സെക്ടറിനെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു ഉത്തരവ് ഉണ്ടായിരുന്നു. അതുപ്രകാരം മത്സ്യസംസ്കരണ മേഖലയിലെ പീലിംഗ് തൊഴിലാളികളെ ഈ പദ്ധതിയുമായി ക്ലബ് ചെയ്യാൻ കഴിയുമെന്നാണ് അന്നത്തെ കേന്ദ്രമന്ത്രി ശ്രീ. ജയറാം രമേശ് അങ്ങയുടെ സാന്നിദ്ധ്യത്തിൽ എന്റെ മണ്ഡലത്തിൽ വന്ന പരിപാടിയിൽ വച്ച് പറഞ്ഞത്. അത് യാഥാർത്ഥ്യമാക്കാൻ കഴിയില്ലായെന്നും അതിന് പിന്നെയും ഒരുപാട് വ്യാഖ്യാനങ്ങൾ ഉണ്ടെന്നും അങ്ങ് തന്നെയാണ് പറയുന്നത്. ഖാദി, കയർ, ക്ഷീര മേഖലകളോടൊപ്പം അന്ന് പറഞ്ഞിരുന്ന ഒരു മേഖലയാണ് മത്സ്യസംസ്കരണ മേഖല. ഇപ്പോൾത്തന്നെ അവിടെ തൊഴിലെടുക്കാൻ ആളിനെ കിട്ടുന്നില്ല, മറ്റുപല മേഖലകളിലേക്കും അവർക്ക് പോകേണ്ടിവരുന്നതു കൊണ്ട് ഇവരെ ഉൾപ്പെടുത്താമെന്ന് അന്ന് പറഞ്ഞിരുന്നതാണ്. അക്കാര്യവുമായി

LIBRARY ARCHIVES Kerala Legislative Assembly

ബന്ധപ്പെട്ട് ആവശ്യമായ പ്രൊപ്പോസൽ കൊടുക്കുന്ന കൂട്ടത്തിൽ ഈ മേഖലയെക്കൂടി ഉൾപ്പെടുത്തി കൊടുക്കാമോ ; അതുപോലെ തന്നെ തൊഴിൽ നൂറുദിവസം ഉറപ്പുവരുത്തുന്നില്ലെങ്കിൽ തൊഴിലില്ലായ്മ വേതനത്തെക്കുറിച്ച് ആക്ടിൽ പറയുന്നുണ്ട്. അങ്ങനെ ആർക്കെങ്കിലും ഇതുവരെ കൊടുക്കേണ്ടി വന്നിട്ടുണ്ടോ ; കൊടുക്കേണ്ടി വന്നാൽ കൊടുക്കുമോ എന്നുള്ള വിവരം കൂടി വ്യക്തമാക്കണം.

ശ്രീ. കെ. സി. ജോസഫ് : സർ, ഞാൻ പറയാൻ വിട്ടുപോയതാണ്. കയർ, ഖാദി, ഫിഷറീസ്, കന്നുകാലി വളർത്തൽ തുടങ്ങിയ നാലുമേഖലകളും നമ്മുടെ ശിപാർശയിൽ ഉൾപ്പെട്ടതാണ്. ഇപ്പോൾത്തന്നെ മത്സ്യത്തൊഴിലാളി മേഖലയിലെ പീലിംഗ് ഷെഡ്ഡുകൾ ഉണ്ടാക്കാൻ അനുവാദം ലഭിച്ചിട്ടുണ്ട്. പീലിംഗ് ഷെഡ്ഡുകളുടെ നിർമ്മണത്തിന് തൊഴിലുറപ്പ് തൊഴിലാളികളെ ഉപയോഗിക്കാം. അങ്ങ് പറഞ്ഞതു പോലെ തൊഴിൽ കൊടുക്കാത്ത സാഹചര്യം ഉണ്ടായിട്ടില്ല. അതുകൊണ്ട് തൊഴിലില്ലായ്മ വേതനത്തിന്റെ പ്രശ്നം ഉദിക്കുന്നില്ല.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് വേതനം നേരിട്ടാണ് നൽകുന്നത്. ഈ പ്രവർത്തനങ്ങളുടെ മുഴുവൻ ചുക്കാൻ പിടിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ വേതനം ലഭ്യമാകുന്നുണ്ടോയെന്നും ഇനി ബാക്കി നൽകാനുണ്ടോയെന്നുമുള്ള ഒരു വിവരവും ലഭിക്കുന്നില്ല. ജില്ലാതല മോണിറ്ററിംഗ് നടക്കുമ്പോഴൊക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പരാതിയായി പറയുന്നത് വേതനവുമായി ബന്ധപ്പെട്ട ഒരു വിവരവും ഞങ്ങൾക്ക് ലഭ്യമാകുന്നില്ലായെന്നാണ്. അവർക്ക് നേരിട്ട് ബാങ്ക്‌വഴി വേതനം നൽകുന്നതുമായി ബന്ധപ്പെട്ട വിവരം അതാത് തദ്ദേശസ്വയംഭരണ സ്ഥാപനത്തെ അറിയിക്കുന്ന ഒരു സംവിധാനം ഏർപ്പെടുത്തുമോ ; ഇവിടെ സൂചിപ്പിച്ചതുപോലെ നമ്മുടെ റോഡുകളിൽ വെള്ളം കെട്ടിയും മാലിന്യം അടിഞ്ഞുമാണ് പൊതുമരാമത്ത് വകുപ്പിന് ഭീമമായ നഷ്ടം ഉണ്ടാകുന്നത്. അതുകൊണ്ട് റോഡുകളിലെ അഴുക്കുച്ചാലുകൾ വൃത്തിയാക്കുന്നതിനും അതിന്റെ ചുറ്റുമുള്ള പൊന്തകൾ വെട്ടിമാറ്റുന്നതിനും തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികളെ വിനിയോഗിക്കാൻ സർക്കാർ നടപടി എടുക്കുമോ ?

ശ്രീ. കെ. സി. ജോസഫ് : സർ, അങ്ങ് പറഞ്ഞതുപോലെ കേരളത്തിൽ ഇടമലക്കുടി ഒഴികെയുള്ള എല്ലാ പഞ്ചായത്തുകളിലും EFMS മുഖേന ഫണ്ട് കൊടുക്കുന്നുണ്ട്. ഇതിനുവേണ്ടി നേരത്തെ മൂന്നുബാങ്കുകളെയാണ് ഏൽപ്പിച്ചിരുന്നത്. ചില ബാങ്കുകൾ വീഴ്ചവരുത്തിയതുകൊണ്ട് ഇതിന്റെ മുഴുവൻ ട്രാൻസാക്ഷൻസും ഇപ്പോൾ SBT-യെ മാത്രമാണ് ഏൽപ്പിച്ചിരിക്കുന്നത്. പണം ലഭിച്ചാൽ ഉടൻ തന്നെ

LIBRARY ARCHIVES Kerala Legislative Assembly

സാങ്കേതികമായ തടസ്സങ്ങളില്ലെങ്കിൽ അവർക്കുള്ള കൂലി നേരിട്ട് ബാങ്ക് കൊടുക്കുന്നുണ്ട്. അങ്ങ് ചൂണ്ടിക്കാണിച്ചതുപോലെ വേതനം നൽകുന്നതുമായി ബന്ധപ്പെട്ട വിവരം ലോക്കൽ ബോഡീസിനെക്കൂടി അറിയിക്കാനുള്ള നടപടി സ്വീകരിക്കാം. അതുപോലെ അസറ്റ് ക്രിയേഷനുമായി ബന്ധപ്പെട്ട പുതിയ ജോലി ഏറ്റെടുക്കാൻ വേണ്ട നിർദ്ദേശങ്ങൾ പഞ്ചായത്തുകൾക്ക് നൽകുന്നതായിരിക്കും

കെട്ടിട നിർമ്മാണത്തിന് ഓൺലൈൻ പെർമിറ്റ്

3 (*423) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരങ്ങളിൽ കെട്ടിട നിർമ്മാണത്തിന് ഓൺലൈൻ പെർമിറ്റ് നൽകുന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) കെട്ടിട നിർമ്മാണത്തിനുള്ള അനുമതി സുതാര്യമാക്കുന്നതിനും വേഗത്തിൽ ലഭ്യമാക്കുന്നതിനും പ്രസ്തുത സംവിധാനം എത്രമാത്രം പ്രയോജനപ്പെടുത്തുമെന്നാണ് കരുതുന്നത്.

(ഡി) പെർമിറ്റിന് വിരുദ്ധമായി നിർമ്മാണം നടത്തുന്നത് കണ്ടുപിടിക്കുവാൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; വിശദീകരിക്കാമോ ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) : സർ,

(എ) ഉണ്ട്.

(ബി) കെട്ടിടനിർമ്മാണ അനുമതി നൽകുന്നത് കൂടുതൽ കൃത്യവും സുഗമവും കാര്യക്ഷമവും സുതാര്യവുമായി നടപ്പിലാക്കുക എന്നതാണ് ഓൺലൈൻ പെർമിറ്റ് സംവിധാനം കൊണ്ട് സർക്കാർ ഉദ്ദേശിക്കുന്നത്.

(സി) കെട്ടിട നിർമ്മാണാനുമതിക്കായി ഓൺലൈൻ സംവിധാനംവഴി ലഭിക്കുന്ന അപേക്ഷകൾക്ക് നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായി കൃത്യവും സമയബന്ധിതവുമായി പെർമിറ്റ് നൽകുന്നുണ്ട്. ഓൺലൈനായി ലഭിക്കുന്ന അപേക്ഷകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മുൻഗണനാക്രമത്തിൽ പരിശോധിച്ച് ഓൺലൈനായി തന്നെ

LIBRARY ARCHIVES Kerala Legislative Assembly

അംഗീകാരം നൽകുന്നതിനാൽ കാലതാമസം നേരിടുന്നില്ല. കെട്ടിട നിർമ്മാണത്തിന് ശേഷം ഓൺലൈൻ സംവിധാനംവഴി കംപ്ലീഷൻ പ്ലാൻ സമർപ്പിക്കാവുന്നതാണ്. അപ്രകാരം ലഭിക്കുന്ന അപേക്ഷകൾക്ക് ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് കാലവിളംബം കൂടാതെ ഓൺലൈനായി തന്നെ ലഭ്യമാകുന്നതാണ്. ഫയൽ സ്റ്റാറ്റസ്, സൈറ്റ് വെരിഫിക്കേഷൻ തീയതി, ഒടുക്കേണ്ട പെർമിറ്റ് ഫീസ് തുടങ്ങിയ വിവരങ്ങൾ അപേക്ഷകർക്ക് അപ്പപ്പോൾ തന്നെ എസ്.എം.എസ്. ആയി ലഭിക്കുന്നതാണ്.

(ഡി) നിർമ്മാണം പൂർത്തിയായതിനുശേഷം കെട്ടിട നമ്പരിനുവേണ്ടി അപേക്ഷിക്കുമ്പോൾ പെർമിറ്റ് ഏരിയയിൽ വ്യത്യാസം വന്നിട്ടുണ്ടെങ്കിൽ ആയത് കണ്ടെത്താവുന്നതാണ്. കൂടാതെ, ചട്ടലംഘനത്തോടെ നിർമ്മാണം നടത്തുന്നത് കണ്ടെത്തുന്നതിനായി ജില്ലാതല വിജിലൻസ് സ്ക്വാഡ് നിലവിലുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചീഫ് ടൗൺ പ്ലാനർ വിജിലൻസിന്റെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെകീഴിൽ നിലവിലുള്ള വിജിലൻസ് സെൽ വിപുലീകരിച്ചിട്ടുണ്ട്.

<u>ശ്രീ. സി. പി. മുഹമ്മദ്</u> : സർ, സംസ്ഥാനത്ത് വീടുകളും കെട്ടിടങ്ങളും നിർമ്മിക്കുന്നതിനുവേണ്ട അനുമതി ലഭിക്കുന്നതിന് സാധാരണ ജനങ്ങൾ മാസങ്ങളോളം സർക്കാർ ഓഫീസുകൾ കയറിയിറങ്ങുകയാണ്. ഈ രംഗത്ത് നിലനിൽക്കുന്ന അഴിമതിയും കൈക്കൂലിയും ഒഴിവാക്കാനാണ് സർക്കാർ ഓൺ ലൈൻ സംവിധാനം ഏർപ്പെടുത്തിയത്. ഇതുവഴി കെട്ടിടനിർമ്മാണാനുമതി എത്രമാത്രം സുതാര്യമാകുമെന്നും അഴിമതി കുറച്ചുകൊണ്ട് എത്രത്തോളം എളുപ്പത്തിൽ അനുമതി ലഭിക്കുമെന്നും ഒരു നിശ്ചിത സമയത്തിനുള്ളിൽ അനുമതി നൽകാൻ കഴിയുമെന്ന് പ്രഖ്യാപിക്കുവാനും സർക്കാർ തയ്യാറാകുമോ ?

<u>ശ്രീ. മഞ്ഞളാംകുഴി അലി</u> : സർ, ഇന്ത്യയിൽ തന്നെ ആദ്യമായി ഓൺലൈൻ സർവ്വീസ് നടപ്പിലാക്കുന്ന സംസ്ഥാനമാണ് കേരളം. 3-12-2014 മുതലാണ് ഇത് ആരംഭിച്ചത്. ഇതുവരെ 47, 844 അപേക്ഷകൾ ലഭിച്ചതിൽ 30,467 എണ്ണം അപ്രൂവ് ചെയ്തു, 5903 എണ്ണം റിജക്റ്റ് ചെയ്തു. 10,892 അപേക്ഷകൾ അണ്ടർ പ്രോസസിംഗിലാണ്. വളരെ പെട്ടെന്ന് തന്നെ (ഒരു മാസം കൊണ്ട്) നമുക്ക് പെർമിറ്റ് കൊടുക്കാൻ സാധിക്കുമെന്നുള്ളതാണ് ഇതിന്റെ പ്രത്യേകത. ഇത് വളരെ സുതാര്യമാണ്. First in first out എന്ന നിലയിലാണ് ഇത് നടപ്പാക്കുന്നത്. ആദ്യം അപ്ലൈ ചെയ്യുന്നവർക്ക് ആദ്യം ലൈസൻസ് കിട്ടുന്ന രീതിയിലേക്ക് ഇത് മാറിയിട്ടുണ്ട്. പഴയ സിസ്റ്റം അനുസരിച്ച് വീട് നിർമ്മാണവുമായി ബന്ധപ്പെട്ട് നഗരസഭാ ഓഫീസുകൾ പലപ്രാവശ്യം കയറി ഇറങ്ങുന്ന പദ്ധതി ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

ഇല്ല. സൈറ്റ് വിസിറ്റ് ചെയ്യുന്ന സമയത്ത് ഒരു പ്രാവശ്യം മാത്രം പോയാൽ മതി. അല്ലാതെ പോകേണ്ട ആവശ്യമില്ല. വളരെ പെട്ടെന്ന് തന്നെ ലൈസൻസ് ലഭിക്കു മെന്നുള്ളതാണ് ഇതുകൊണ്ടുള്ള ഗുണം.

ശ്രീ. സി. പി. മുഹമ്മദ് : സർ, മുൻകാലങ്ങളിൽ നിർമ്മാണാനുമതി ലഭിക്കുകയും എന്നാൽ ചെറിയ ചില വയലേഷനുകളുടെ പേരിൽ നമ്പർ നൽകാതിരിക്കുകയും ചെയ്ത കെട്ടിടങ്ങളുണ്ട്. കെട്ടിട നിർമ്മാണ രംഗത്ത് പതിനായിരക്കണക്കിന് കോടി രൂപ ഇൻവെസ്റ്റ് ചെയ്ത വൻകിടക്കാരും സാധാരണക്കാരും ഉണ്ട്. Unauthorized building-കളെ regularize ചെയ്യുന്നതിന് സർക്കാർ പിഴ ചുമത്തുകയുണ്ടായി. പക്ഷേ സാധാരണക്കാരെ സംബന്ധിച്ചിടത്തോളം ഇത് ഭാരിച്ച സംഖ്യയാണ്. ഈ സംഖ്യ കുറവുചെയ്ത് റഗുലറൈസ് ചെയ്ത് കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. മഞ്ഞളാംകുഴി അലി : സർ, Regularization of unauthorized buildings രണ്ടുപ്രാവശ്യമാണ് (ആദ്യമായി 1999-ലും അതിനുശേഷം 2010-ലും) സംസ്ഥാനത്ത് ഉണ്ടായത്. 14-2-2014-ലാണ് പുതിയതായി നിയമനിർമ്മാണം നടത്തിയത്. അതിന്റെ ഫീസ് വളരെ കൂടുതലാണെന്ന് പല പ്രാവശ്യം ആളുകൾ അഭിപ്രായപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മാർച്ച് 15-ന് ഫീസിന്റെ കാര്യത്തിൽ കുറച്ച് കുറവ് ചെയ്തിട്ടുണ്ട്. ഇതിനിടയിൽ കുറെയധികം അപേക്ഷകൾ ലഭിച്ചു. പക്ഷെ എണ്ണത്തിൽ വളരെ കുറവാണ്. ഇതുവരെ മുനിസിപ്പാലിറ്റികൾ/കോർപ്പറേഷനുകളിൽനിന്നും ആകെ 47 അപേക്ഷകളാണ് റെഗുലറൈസ് ചെയ്യുന്നതിനായി ലഭിച്ചത്. കാരണം ഫീസ് കൂടുതലാണെന്നാണ് അവർ പറയുന്നത്. 14 എണ്ണത്തിന് പിഴ ഈടാക്കി റെഗുലറൈസ് ചെയ്യാൻ ഉത്തരവ് നൽകിയിട്ടുണ്ട്. 27 എണ്ണം നിബന്ധനകൾ പാലിക്കാത്തതുകൊണ്ട് നിരസിച്ചു, 6 അപേക്ഷകൾ സർക്കാർ പരിശോധിച്ചുവരികയാണ്. ഇത് സർക്കാരിൽ വന്ന അപേക്ഷകളുടെ കണക്കാണ്. നഗരസഭകളിൽ പല സ്ഥലങ്ങളിലും കുറെ അപേക്ഷകൾ കെട്ടിക്കിടക്കുന്നുണ്ടെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ഇത് ജൂൺ മാസം 30-ാം തീയതി അവസാനിക്കുമായിരുന്നത് ആറുമാസംകൂടി (ഡിസംബർ 31 വരെ) extend ചെയ്തിട്ടുണ്ട്. ഇതിനിടയിൽ unauthorized ആയ ധാരാളം കൺസ്ട്രക്ഷൻസ് നമ്മുടെ നാട്ടിൽ ഉണ്ടെന്നുള്ളത് വാസ്തവമാണ്. അത് റെഗുലറൈസ് ചെയ്യാൻ വീണ്ടും ആവശ്യപ്പെടുന്നുണ്ട്.

ശ്രീ. എം. എ. വാഹീദ് : സർ, ഓൺലൈൻ സംവിധാനം നല്ലതാണ്. നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

നാട്ടിലെ സാധാരണക്കാർക്ക് ഇത് അപ്രാപ്യമാണ്. പരിമിതമായ വിദ്യാഭ്യാസവും വിജ്ഞാനവും ഉള്ളവർക്ക് ഓൺലൈൻ ബുദ്ധിമുട്ടാണ്. എന്റെ നാട്ടിലെ സാധാരണക്കാരന് ഒരു ശൗചാലയം നിർമ്മിക്കണമെങ്കിൽ തെക്കും വടക്കും ഓൺലൈനിനുവേണ്ടി നടക്കേണ്ടിവരും. അതുകൊണ്ട് സാധാരണക്കാരന് പ്രാപ്യമാക്കത്തക്ക രീതിയിൽ എന്തെങ്കിലും സംവിധാനം വകുപ്പ് ഏർപ്പെടുത്തുന്നുണ്ടോ ; അക്ഷയ കേന്ദ്രങ്ങളെ ഇതിന് പ്രാപ്തമാക്കാൻ കഴിയുമോ ; അക്ഷയ കേന്ദ്രങ്ങൾവഴി ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുവാൻ നഗരകാര്യവകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ശ്രീ. മഞ്ഞളാംകുഴി അലി : സർ, അക്ഷയ കേന്ദ്രങ്ങൾ വഴിമാത്രമല്ല, ആർക്കും ടെലിഫോൺവഴിയും ഓൺലൈനിലേയ്ക്ക് വരാം. ഐ.കെ.എം. രൂപപ്പെടുത്തിയ വളരെ സിംപിളായിട്ടുള്ള സോഫ്റ്റ്‌വെയറാണ് ഉപയോഗിച്ചിരിക്കുന്നത്. ധാരാളം ആളുകൾ വലിയ പ്രയാസങ്ങളൊന്നുമില്ലാതെ ഇത് ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്. ആദ്യകാലങ്ങളിൽ ചില പ്രയാസങ്ങൾ ഉണ്ടായിരുന്നു എന്നുള്ളത് വാസ്തവമാണ്. പക്ഷെ അതിൽ മാറ്റം വരുത്തി, ഇപ്പോൾ സെർവർ വിപുലീകരിച്ചു. പുതിയ സെർവർ വന്നതോടുകൂടി വളരെ പെട്ടെന്ന് തന്നെ സാധാരണക്കാരായ ആളുകൾക്കെല്ലാം (അതിനായി ചെറിയ രീതിയിലുള്ള വിദ്യാഭ്യാസം വേണം, അതില്ലാതെ കഴിയില്ല) ഓൺലൈനിലൂടെ അപ്ലൈ ചെയ്യാൻ സാധിക്കും. അക്ഷയവഴിയും ലൈസൻസ്ഡ് എഞ്ചിനീയർമാർ മുഖേനയും ഇതിലേക്ക് അപ്ലൈ ചെയ്യാൻ സാധിക്കും.

ശ്രീ. എം. പി. വിൻസെന്റ് : സർ, കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഓൺലൈൻ നടപടികൾ സ്വീകരിച്ചിരിക്കുന്നത് നല്ല തീരുമാനമാണ്. നിലവിലുള്ള ചെറിയ പ്ലോട്ടുകൾ ഉള്ള സാധാരണക്കാരുടെ ഭവന നിർമ്മാണത്തിന് പല ആനുകൂല്യങ്ങളും പ്രഖ്യാപിക്കുന്നുണ്ട്. പക്ഷേ പൊതുവഴികളിൽനിന്ന് മൂന്ന് മീറ്റർ വിടണമെന്ന പ്രധാന നിർദ്ദേശം നല്ലതാണ്. എന്നാൽ പ്രാധാന്യമില്ലാത്ത ചെറിയവഴികളിൽ പോലും ചെറിയ പ്ലോട്ടുകാരെ സംബന്ധിച്ചിടത്തോളം മൂന്ന് മീറ്റർ വിടുകയെന്നുള്ളത് വലിയ ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യമാണ്. അതിൽ എന്തെങ്കിലും ഇളവ് കൊടുക്കാൻ സാധിക്കുമോയെന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീ. മഞ്ഞളാംകുഴി അലി : സർ, കെ.എം.ബി.ആർ. പ്രകാരം ചെറിയ റോഡുകൾക്ക് മൂന്നുമീറ്റർ വിടേണ്ട ആവശ്യമില്ല. പക്ഷെ ഇപ്പോൾ അതിൽ ഇളവ് നൽകുന്നതിനുള്ള ഒരു ശ്രമവും നടത്തുന്നില്ല. ചുരുങ്ങിയത് മൂന്നുമീറ്ററെങ്കിലും വേണം.വികസിച്ചുകൊണ്ടിരിക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. എല്ലാവർക്കും വാഹനങ്ങൾ ഉണ്ട്. റോഡിന്റെ വീതി മൂന്നുമീറ്ററിൽ കുറയ്ക്കുകയെന്നത് ഒരിക്കലും പ്രായോഗികമല്ല.

ശ്രീ. ബെന്നി ബെഹനാൻ : സർ, ഓൺലൈൻ സംവിധാനം നടപ്പിലാക്കുന്നത്

LIBRARY ARCHIVES Kerala Legislative Assembly

നല്ലതുതന്നെയാണ്. നമ്മുടെ സാമ്പത്തിക മേഖലയിൽ ഏറ്റവും സ്വാധീനം ചെലുത്തുന്ന നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട് കാലാകാലങ്ങളിൽ ഉണ്ടാക്കുന്ന നിയമങ്ങൾ പല തടസ്സങ്ങളും സൃഷ്ടിക്കുന്നുണ്ട്. കഴിഞ്ഞ കാലഘട്ടങ്ങളിൽ ഗവൺമെന്റ് ഉണ്ടാക്കിയ ചില ഭേദഗതികൾ നിർമ്മാണ മേഖലയെ ബാധിച്ചു. വൻതുക മുടക്കിയാണ് ഈ രംഗത്തേയ്ക്ക് പലരും വരുന്നത്. ഇന്ന് കേരളത്തിൽ കാണുന്ന പ്രത്യേകത നിർമ്മാണ മേഖലയിൽ മാന്ദ്യം സംഭവിച്ചിട്ടുണ്ടെന്നാണ്. അതിന് പല കാരണങ്ങളുണ്ട്. അതിനുള്ള മെറ്റീരിയൽസ് ലഭിക്കുന്നില്ല. അതോടൊപ്പം തന്നെ ഇപ്പോൾ എല്ലാ നിർമ്മാണ മേഖലയ്ക്കും സെല്ലാർ വേണം. മണ്ണെടുത്ത് മാറ്റിയാൽ മാത്രമേ അത്തരം സൗകര്യം ഏർപ്പെടുത്താൻ സാധിക്കുകയുള്ളൂ. പക്ഷെ അതിന് സാങ്കേതിക തടസ്സം വരുന്നുണ്ട്. അതുകൊണ്ട് നിർമ്മാണ മേഖലയിൽനിന്നും പല ആളുകളും കേരളത്തിൽ മുതൽ മുടക്കാതെ തിരിച്ചുപോകുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത്തരം സാങ്കേതിക കാരണങ്ങൾ ഒഴിവാക്കി ആ രംഗം കൂടുതൽ സജീവമാക്കുന്നതിനുവേണ്ട എന്തെങ്കിലും നിർദ്ദേശങ്ങളോ നടപടികളോ സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ; അതുപോലെ തന്നെ നമ്മുടെ മാസ്റ്റർ പ്ലാൻ ഈ രംഗത്ത് വളരെയധികം സ്വാധീനം ചെലുത്തുന്ന ഒന്നാണ്. മാസ്റ്റർ പ്ലാൻ കാലാകാലങ്ങളായി ഒരു അന്ത്യവുമില്ലാതെ നീണ്ടു പോകുകയാണ്. അതുകൊണ്ട് മാസ്റ്റർ പ്ലാൻ കുറെക്കൂടി വേഗത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

<u>ശ്രീ. മഞ്ഞളാംകുഴി അലി</u> : സർ, കൺസ്ട്രക്ഷൻ ഇൻഡസ്ട്രിക്ക് മാന്ദ്യം സംഭവിച്ചുവെന്നത് നേരാണ്. അദ്ദേഹം പറഞ്ഞതുപോലെ, 2010-ൽ പഴയകാലത്തുണ്ടായിരുന്ന നിയമങ്ങളിൽ ചില മാറ്റങ്ങൾ ഉണ്ടാക്കി. അതിന്റെ അടിസ്ഥാനത്തിൽ വലിയ വലിയ കോൺട്രാക്ടർമാരും കൺസ്ട്രക്ഷൻ കമ്പനികളും കേരളത്തിൽനിന്നും ഒഴിഞ്ഞുപോകുന്ന എന്നുള്ളകാര്യം വാസ്തവമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, ആ നിയമങ്ങൾ ഒഴിവാക്കിക്കൊണ്ട് സേഫ്റ്റി സെക്യൂരിറ്റിക്ക് ഒരു തരത്തിലുള്ള ദോഷവും ഇല്ലാത്ത രീതിയിൽ അവരെ വീണ്ടും attract ചെയ്യിപ്പിക്കാനുള്ള ചില മാറ്റങ്ങൾ കെ.എം.ബി.ആർ.-ൽ വരുത്തി. അതിന്റെ അടിസ്ഥാനത്തിൽ കൺസ്ട്രക്ഷൻ ഇൻഡസ്ട്രി കുറേശ്ശെയായി ഉയർന്നുവരുന്നുണ്ട്. നമ്മുടെ നഗരങ്ങൾക്കൊന്നും കൃത്യമായി മാസ്റ്റർ പ്ലാനില്ല. 1970-ലും 1971-ലും ഉണ്ടാക്കിയിട്ടുള്ള മാസ്റ്റർ പ്ലാനുകളും ഡി.ടി.പി. സ്കീമുകളുമാണ് ഇപ്പോഴും ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. 60 നഗരസഭകളും 5 കോർപ്പറേഷനുകളും ഉള്ളതിൽ ആകെയുള്ള പത്തോ പന്ത്രണ്ടോ നഗരസഭകൾക്കുമാത്രമേ പുതിയതായി മാസ്റ്റർ പ്ലാൻ ഉള്ളൂ. അത് മാറ്റിക്കൊണ്ട് എല്ലാ നഗരസഭകൾക്കും മാസ്റ്റർ പ്ലാൻ ഉണ്ടാക്കാനുള്ള പദ്ധതി ആസൂത്രണം ചെയ്തു. 32-ഓളം നഗരസഭകളുടെ മാസ്റ്റർ പ്ലാൻ തയ്യാറായി. പക്ഷേ അവ

LIBRARY ARCHIVES Kerala Legislative Assembly

നഗരസഭകളിലേയ്ക്ക് അയച്ചിട്ടുണ്ടെങ്കിലും അവിടെ നിന്നും മടങ്ങി വരുന്നില്ലായെന്നതാണ് വാസ്തവം. അവർ ഒരിക്കലും അത് അംഗീകരിക്കുന്നില്ല. എല്ലാ ആളുകൾക്കും അത് മുഴുവനും കൊമേഴ്സ്യൽ ആകണം. അതല്ലെങ്കിൽ റസിഡൻഷ്യൽ ഏരിയ ആകണം. അഗ്രിക്കൾച്ചർ പാടില്ല എന്നുള്ള തർക്കം ഉണ്ടാകുന്നതുകൊണ്ട് മിക്കവാറും എല്ലാ മാസ്റ്റർ പ്ലാനുകളും ഇപ്പോഴും നഗരസഭകളിൽ പെൻഡിംഗിലാണ്. അത് വലിയൊരു പ്രശ്നമായി നേരിടുന്നുണ്ട്. അത് പരിഹരിക്കാൻ പലപ്പോഴും പല പ്രാവശ്യം ചർച്ചകൾ നടത്തിയിട്ടുണ്ട്. അതല്ലാതെ ഈ പ്രശ്നം എങ്ങനെ പരിഹരിക്കാൻ കഴിയുമെന്നുള്ളത് സർക്കാർ ഗൗരവമായി ആലോചിക്കുന്നുണ്ട്.

ശ്രീ. ജെയിംസ് മാത്യു : സർ, കെട്ടിടനിർമ്മാണ പെർമിറ്റ് ലഭിച്ചതിനുശേഷം പെർമിറ്റിൽ നിർദ്ദേശിക്കപ്പെട്ട രീതിയിൽ തന്നെ കെട്ടിടം നിർമ്മിക്കുകയും നമ്പർ ലഭിക്കുകയും ചെയ്തു കഴിഞ്ഞ് അതിൽ മാറ്റം വരുത്തുകയാണ്. ഇതിന്റെ ഫലമായി ബഹുനില കെട്ടിടങ്ങൾക്ക് ആവശ്യമായ പാർക്കിംഗ് സൗകര്യം ലഭിക്കുന്നില്ല. നിർമ്മാണം പൂർത്തിയാക്കി നമ്പർ ലഭിക്കുന്നതുവരെ പാർക്കിംഗ് സൗകര്യം കാണുകയും നമ്പർ ലഭിച്ചുകഴിഞ്ഞാൽ പാർക്കിംഗ് സൗകര്യത്തിനുവേണ്ടി നിർദ്ദിഷ്ട സ്ഥലം വീണ്ടും കച്ചവടാവശ്യങ്ങൾക്കുവേണ്ടി മാറ്റുകയും ചെയ്യുന്നു. ഇതിന്റെ ഫലമായി മുഴുവൻ നഗരങ്ങളിലും പാർക്കിംഗ് ഗുരുതരമായ പ്രതിസന്ധിയായി മാറുകയാണ്. ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, അതിന് എന്തെങ്കിലും പരിഹാരം കാണുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. മഞ്ഞളാംകുഴി അലി : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വാസ്തവമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒരു വിജിലൻസ് ഡിപ്പാർട്ടുമെന്റ് ഉണ്ടാക്കി. പ്രസ്തുത ഡിപ്പാർട്ടുമെന്റ് കേരളത്തിലെ എല്ലാ ഭാഗത്തും 1585 പരിശോധനകൾ നടത്തി. അതിൽ വളരെയധികം വയലേഷൻസ് കണ്ടെത്തിയിട്ടുണ്ട്. പ്രധാനമായും നമ്പർ ലഭിച്ചുകഴിഞ്ഞതിനുശേഷം പാർക്കിംഗ് സ്ഥലം വെയർ ഹൗസിന് അല്ലെങ്കിൽ ഷോപ്പായി കൊടുക്കുന്നു. ഇതുപരിശോധിച്ച് വിജിലൻസ് ഡിപ്പാർട്ടുമെന്റ് 5 ലക്ഷം രൂപ വരെ ഫൈൻ ചുമത്തുന്നുണ്ട്. 1585 പരിശോധനകൾ നടത്തിയതിൽ 137 എഞ്ചിനീയർമാരോടും ഓവർസീയർമാരോടും വിശദീകരണം ചോദിച്ചിട്ടുണ്ട്. 63 ആർക്കിടെക്ടിനോട് വിശദീകരണം ചോദിച്ചു. 62 നഗരസഭാ സെക്രട്ടറിമാർക്ക് നടപടിക്കായി ശിപാർശ ചെയ്തിട്ടുണ്ട്. ഇത്രയും കാര്യങ്ങൾ വിജിലൻസ് ഡിപ്പാർട്ടുമെന്റ് നടത്തിക്കൊണ്ടിരിക്കുന്നു. അങ്ങ് പറഞ്ഞതുപോലെ മിക്കവാറും എല്ലാ പാർക്കിംഗ് ഏരിയകളും വെയർഹൗസായിട്ടും ഷോപ്പായിട്ടും കൺവെർട്ട് ചെയ്തിട്ടുണ്ടെന്നുള്ളത് വാസ്തവമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. മുരളീധരൻ : സർ, കേരളത്തിലെ ഏറ്റവും വലിയ പ്രശ്നം കൂണുപോലെ മുളച്ചുപൊന്തുന്ന ഫ്ലാറ്റുകളാണ്. അമിതമായി ഉണ്ടാകുന്ന ഫ്ലാറ്റുകളുടെ പരിണിതഫലമാണ് തിരുവനന്തപുരം സിറ്റിയിൽ അടിക്കടിയുണ്ടാകുന്ന പൈപ്പ് പൊട്ടൽ. കഴിഞ്ഞ ചെറിയ പെരുന്നാൾ ദിവസം പുലർച്ചെ 3.30-ന് പൈപ്പ് പൊട്ടുകയും വൈകുന്നേരംവരെ ഒരു തുള്ളിവെള്ളംപോലും ആർക്കും ലഭിക്കാത്ത സ്ഥിതി ഉണ്ടാകുകയും ചെയ്തു. അശാസ്ത്രീയമായി നിർമ്മിക്കുന്ന ഫ്ലാറ്റുകളെ നിയന്ത്രിക്കാൻ ഗവൺമെന്റ് കർശന നടപടി സ്വീകരിക്കുമോ ?

ശ്രീ. മഞ്ഞളാംകുഴി അലി : സർ, ഫ്ലാറ്റ് നിർമ്മാണം അശാസ്ത്രീയമാണെന്ന് പറയാൻ കഴിയില്ല. കേരളം പോലുള്ള ചെറിയ സംസ്ഥാനത്ത് ഭൂമി അധികമില്ല. വെർട്ടിക്കൽ ഗ്രോത്തുകൾ തന്നെയാണ് ഇവിടെ അഭികാമ്യം. ഓരോ വീടുവയ്ക്കുന്നതിനേക്കാൾ ഫ്ലാറ്റുകൾ വരുന്നതാണ് സർക്കാരിന് സൗകര്യം. ഇലക്ട്രിസിറ്റി, വേസ്റ്റ് മാനേജ്മെന്റ്, ജല വിതരണം തുടങ്ങിയ കാര്യങ്ങൾക്കെല്ലാം ഫ്ലാറ്റാകുമ്പോൾ കുറച്ച് കൂടി സൗകര്യം വരുന്നുണ്ട്. മാത്രവുമല്ല നമുക്ക് സ്ഥലമില്ല. കുന്നൊക്കെ ഇടിച്ച് നിരത്തി വെള്ളക്കെട്ടുകളൊക്കെ ഇല്ലാതാക്കുന്ന സ്ഥിതി ഒഴിവാക്കാനാണ് വെർട്ടിക്കൽ ഗ്രോത്തിനെ സർക്കാർ പ്രോത്സാഹിപ്പിക്കുന്നത്. സർക്കാർ വളരെ സ്ട്രിക്റ്റായി, സേഫ്റ്റി സെക്യൂരിറ്റിക്ക് യാതൊരുവിധ തകരാറുമില്ലാതെ മാത്രമേ ഫ്ലാറ്റുകൾക്ക് ലൈസൻസ് കൊടുക്കുന്നുള്ളൂ.

ശ്രീ. വി. ശിവൻകുട്ടി : സർ, അങ്ങ് കെട്ടിട നിർമ്മാണത്തിന് ഓൺലൈൻ പെർമിറ്റ് ഏർപ്പെടുത്തിയതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. ഒരു മാസംകൊണ്ട് പെർമിറ്റ് കിട്ടും. കേരളത്തിലെമ്പാടുമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും കെട്ടിട നിർമ്മാണ പെർമിറ്റ് ലഭിക്കണമെങ്കിൽ കെട്ടിട നിർമ്മാണ പെർമിറ്റ് കൊടുക്കുന്നതിനായി നൂറിൽ തൊണ്ണൂറ് ഉദ്യോഗസ്ഥന്മാരും ഏത് യൂണിയനിൽ പെട്ടവരായിരുന്നാലും ആയിരം രൂപ മുതൽ പത്ത് ലക്ഷം രൂപ വരെ കൈക്കൂലി വാങ്ങുന്ന കാര്യം അങ്ങേയ്ക്ക് കൃത്യമായി അറിയാവുന്നതാണ്. ഞാൻ തിരുവനന്തപുരം കോർപ്പറേഷൻ മേയറായിരുന്നപ്പോൾ വൺ ഡേ പെർമിറ്റ് സംവിധാനം നടപ്പിലാക്കി. വൺ ഡേ പെർമിറ്റ് എന്നുപറഞ്ഞാൽ കോർപ്പറേഷനിൽ അഞ്ച് രേഖകൾ ഹാജരാക്കണം. സ്ഥലത്തിന്റെ ഓണർഷിപ്പ്, പ്ലാൻ, ടാക്സ് രസീത് ഈ പറയുന്ന കാര്യങ്ങളെല്ലാം സത്യമാണെന്നുള്ള ഒരു നോട്ടറിയുടെ സർട്ടിഫിക്കറ്റ് ഇത്രയും രേഖകൾ കൊടുത്താൽ ഒന്ന്, രണ്ട്, മൂന്ന്, നാല് കൗണ്ടറുകൾ അത് വെരിഫൈ ചെയ്തശേഷം അപ്പോൾത്തന്നെ അവർക്ക് താൽക്കാലികമായ പെർമിറ്റ് കൊടുക്കുകയും കെട്ടിടം നിർമ്മിച്ചുകഴിഞ്ഞശേഷം

LIBRARY ARCHIVES Kerala Legislative Assembly

വീണ്ടും അവിടെ പോയി പരിശോധിക്കുകയും ചെയ്യുന്ന സംവിധാനമാണ്. താൽക്കാലികമായ പെർമിറ്റിലെ അഫിഡവിറ്റിൽ പറയുന്നത് പെർമിറ്റ് നൽകിയതിന് വിരുദ്ധമായി കെട്ടിടം നിർമ്മിച്ചാൽ അത് പൊളിച്ചുമാറ്റുന്നതിനുള്ള അനുവാദം തരികയാണ് എന്നാണ്. ഈ വിധത്തിൽ വൺ ഡേ പെർമിറ്റ് നടപ്പിലാക്കിയാൽ അഴിമതിയും കാലതാമസവും ഒഴിവാക്കാൻ സാധിക്കും. അങ്ങ് വിജിലൻസ് പരിശോധന നടത്തി കൈക്കൂലി വാങ്ങുന്ന ഉദ്യോഗസ്ഥരെ യൂണിയൻ നോക്കാതെ സസ്പെന്റ് ചെയ്യണം.

ശ്രീ. മഞ്ഞളാംകുഴി അലി : സർ, ബഹുമാനപ്പെട്ട വി. ശിവൻകുട്ടി പഴയ മേയറാണ്. അദ്ദേഹം പലപ്പോഴും നഗരസഭയ്ക്ക് എതിരെ ഇതുപോലുള്ള അഭിപ്രായങ്ങൾ പ്രകടിപ്പിച്ചിട്ടുണ്ട്. ആരാണ് കൈക്കൂലി വാങ്ങിയതെന്ന് അങ്ങ് എഴുതിത്തരുകയാണെങ്കിൽ ആ നിമിഷം അവരെ സസ്പെന്റ് ചെയ്യും. മേയർക്ക് തന്നെ അതിനുള്ള അധികാരമുണ്ട്. മുനിസിപ്പൽ നിയമപ്രകാരം അഴിമതി നടത്തുന്ന ഏതൊരാളേയും സസ്പെന്റ് ചെയ്യാനുള്ള അധികാരം മേയർക്കുണ്ട്. വൺ ഡേ പെർമിറ്റിന്റെ കാര്യം പറയുകയാണെങ്കിൽ 2319 വൺ ഡേ പെർമിറ്റുകളാണ് കഴിഞ്ഞ കുറച്ചുദിവസം കൊണ്ട് ഇഷ്യൂ ചെയ്തിട്ടുള്ളത്. അതിൽ തിരുവനന്തപുരത്ത് 320, മറ്റുള്ള എല്ലാ ജില്ലകളിലും വൺ ഡേ പെർമിറ്റ് ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്നുണ്ട്. ഏതെങ്കിലും ഉദ്യോഗസ്ഥന്റെ പ്രവർത്തനം ശരിയല്ല, അഴിമതിയുണ്ടെന്ന് ബഹുമാനപ്പെട്ട മെമ്പർ അറിയിക്കുകയാണെങ്കിൽ പരിശോധന നടത്തി അപ്പോൾത്തന്നെ അതിന്മേൽ നടപടിയെടുക്കുന്നതാണ്. പക്ഷേ ഉദ്യോഗസ്ഥരുടെ പേര് പറയണം. വെറുതെ അഴിമതിയെന്ന് പറഞ്ഞിട്ട് കാര്യമില്ല. അത് ആരാണ് നടത്തുന്നതെന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞാൽ ആ നിമിഷം തന്നെ അതിനെതിരെ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. പി. ഉബൈദുള്ള : സർ, വീടുകൾക്കും കെട്ടിടങ്ങൾക്കും നിർമ്മാണ അനുമതി ലഭിക്കാൻ മാസങ്ങളോളം ഓഫീസുകളിൽ കയറിയിറങ്ങേണ്ട സ്ഥിതിയാണുണ്ടായിരുന്നത്. ഓൺലൈൻ സംവിധാനം നടപ്പിലാക്കുന്നതോടുകൂടി കാര്യങ്ങൾ എളുപ്പത്തിലാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. സാധാരണക്കാരായ ആളുകൾക്ക് ഇതുമായി ബന്ധപ്പെട്ട പരിജ്ഞാനം വളരെ കുറവാണ്. അവർക്കുകൂടി എളുപ്പത്തിൽ അപേക്ഷകൾ സമർപ്പിക്കാൻ ആവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കണം. അതോടൊപ്പം മറ്റൊരുകാര്യം ശ്രദ്ധയിൽപ്പെട്ടത്താനുള്ളത്, വൻകിടക്കാർക്ക് എളുപ്പത്തിൽ അനുമതി ലഭിക്കും. എന്നാൽ അഞ്ച് സെന്റിലും പത്ത് സെന്റിലും വീടുവയ്ക്കുന്ന പാവങ്ങൾക്ക് നമ്പർ ലഭിക്കാൻ വളരെ പ്രയാസമാണ്. അത്തരം ആളുകൾക്ക് പിഴ കൂടാതെ അവരുടെ പ്രശ്നങ്ങൾ ക്രമവൽക്കരിക്കാനാവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുമോ ? സാധാരണക്കാർക്കുവേണ്ടി ഒട്ടേറെ കാര്യങ്ങൾ നടപ്പിലാക്കിയിട്ടുള്ള ഒരു ഗവൺമെന്റാണിത്. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ താൽപ്പര്യമെടുക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മഞ്ഞളാംകുഴി അലി : സർ, പിഴയില്ലാതെ ക്രമവൽക്കരിച്ച് കൊടുക്കുന്നത് ശരിയല്ല. വലുതായാലും ചെറുതായാലും പിഴ ഈടാക്കിക്കൊണ്ട് മാത്രമേ റെഗുലറൈസ് ചെയ്തുകൊടുക്കാൻ സാധിക്കുകയുള്ളൂ. ഓൺലൈൻവഴി അപേക്ഷ സമർപ്പിക്കുന്നത് വളരെ എളുപ്പമാണ്. ആർക്ക് വേണമെങ്കിലും ഇതിൽ എൻട്രി നടത്താം. ഇതിൽ ചെറിയ കാര്യങ്ങൾ മാത്രമാണ് ചോദിക്കുന്നത്. ഇന്ത്യയിൽ ആദ്യമായി കേരളത്തിലാണ് ഈ സംവിധാനം പ്രാവർത്തികമാക്കുന്നത്. മറ്റ് സംസ്ഥാനങ്ങളെല്ലാം ഇതിനെക്കുറിച്ച് പഠിച്ചുകൊണ്ടിരിക്കുകയാണ്. ഇത് വളരെ ലളിതവും എളുപ്പവുമാണ്. ഐ.കെ.എം.-ആണ് ഇതിന്റെ സോഫ്റ്റ്‌വെയർ ഉണ്ടാക്കിയിട്ടുള്ളത്. പാവപ്പെട്ടവരാണെങ്കിലും നിയമവിരുദ്ധമായി കെട്ടിടം നിർമ്മിച്ചിട്ടുണ്ടെങ്കിൽ ഫൈൻ നൽകേണ്ടതാണെന്നാണ് സർക്കാരിന്റെ തീരുമാനം.

ശ്രീമതി ഗീതാ ഗോപി : സർ, വികലാംഗനും പപ്പടം നിർമ്മാണത്തൊഴിലാളിയുമായ ചാഴൂർ ഗ്രാമപഞ്ചായത്തിലെ മണികണ്ഠൻ എന്ന ആളിന്റെ വിഷയമാണ് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. പപ്പട നിർമ്മാണത്തൊഴിലാളി എന്ന നിലയിൽ ഈ തൊഴിൽ ചെയ്യുന്നതിന് വീട്ടിനടുത്ത് ഒരു കെട്ടിടം പണിയുന്നതിനുള്ള പെർമിറ്റിനായി ചാഴൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് പ്ലാനടക്കം സബ്മിറ്റ് ചെയ്തു. തത്വത്തിൽ പഞ്ചായത്ത് പെർമിറ്റ് കൊടുക്കുകയും നിർമ്മാണ പ്രവൃത്തി പകുതി പൂർത്തീകരിക്കുകയും ചെയ്തപ്പോഴാണ് റസിഡൻഷ്യൽ സോണിൽ കൊമേഴ്സ്യൽ പർപ്പസിനായി ഈ കെട്ടിടം ഉപയോഗിക്കാൻ പാടില്ലെന്നും ആയതിനാൽ അടിയന്തരമായി കെട്ടിടം പണി നിർത്തിവയ്ക്കണമെന്നും പറഞ്ഞ് വികലാംഗനായ തൊഴിലാളിയെ വലിയ പ്രതിസന്ധിയിൽ എത്തിച്ചിരിക്കുന്നത്. ബാങ്കിൽനിന്ന് വലിയ തുക ലോണെടുത്താണ് അദ്ദേഹം പണി ആരംഭിച്ചത്. നിർമ്മാണ പ്രവൃത്തി പകുതി പൂർത്തിയായ സാഹചര്യത്തിൽ വികലാംഗനും പപ്പട നിർമ്മാണ തൊഴിലാളിയുമായ ഇദ്ദേഹത്തെ ഈ രീതിയിലെത്തിച്ച സെക്രട്ടറിയുടെ നടപടി ശരിയാണോ ? അത് പരിശോധിച്ച് ഈ വ്യക്തിക്ക് വേണ്ട സഹായം നൽകുമോ ?

ശ്രീ. മഞ്ഞളാംകുഴി അലി : സർ, പെർമിറ്റ് കൊടുക്കുന്നതിനുമുമ്പ് തന്നെ സെക്രട്ടറി പരിശോധിക്കേണ്ടതായിരുന്നുവെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം. ഇക്കാര്യം കൂടുതൽ പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കാം.

ശ്രീ. സി. എഫ്. തോമസ് : സർ, തുടർച്ചയായി രണ്ടും മൂന്നും അവധി ദിവസങ്ങൾ വരുന്ന സമയത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായി ബന്ധപ്പെട്ടവരുടെ അറിവോടുകൂടിയോ അറിവില്ലാതെയോ പല കൺസ്ട്രക്ഷനും റോഡ് സൈഡിൽ പെട്ടെന്ന് ഉണ്ടാകുന്ന ഒരു പ്രവണത വ്യാപകമായിട്ടുണ്ട്. എങ്ങനെ ഇത് ഫലപ്രദമായി തടയാൻ കഴിയുമെന്ന് ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മഞ്ഞളാംകുഴി അലി : സർ, നമ്മുടെ കണക്കനുസരിച്ച് മുനിസിപ്പൽ കോർപ്പറേഷനുകളിൽ ഇരുപത്തയ്യായിരത്തോളം വരുന്ന അൺആതറൈസ്ഡ് കൺസ്ട്രക്ഷനുകളുണ്ട്. അതിന് യു.എ. നമ്പർ കൊടുത്തിട്ടുണ്ട്. അതുപോലെ മുനിസിപ്പാലിറ്റിയുടെ മുഴുവൻ കണക്ക് എന്റെ കൈവശമില്ല. ഏകദേശം അത്രത്തോളം വരുമെന്നാണ് കണക്ക്. പത്തൊമ്പതിനായിരത്തോളം യു.എ. നമ്പർ കൊടുത്തിട്ടുള്ള കെട്ടിടങ്ങൾ നമ്മുടെ നാട്ടിലുണ്ട്. അതുകൂടാതെ ചെറിയ ചെറിയ കൺസ്ട്രക്ഷൻസും വേറെയുണ്ട്. അത് പരിശോധിച്ച് നടപടിയെടുക്കുന്നതിനായാണ് പുതിയതായി ഒരു വിജിലൻസ് ഡിപ്പാർട്ട്മെന്റ് ആരംഭിച്ചിട്ടുള്ളത്. അതിന്റെ പ്രവർത്തനം നല്ല രീതിയിൽ നടക്കുന്നു.

ശ്രീ. ജോസ് തെറ്റയിൽ : സർ, വ്യത്യസ്തമായ അഭിപ്രായമാണ് എനിക്ക് പറയാനുള്ളത്. അൺആതറൈസ്ഡ് കൺസ്ട്രക്ഷൻസ് റെഗുലറൈസ് ചെയ്യുന്നതും ലീഗലൈസ് ചെയ്യുന്നതും ദുഃസൂചനയാണ്. അത് ചെളിയിൽ ചവിട്ടിക്കോളൂ പിന്നീട് കഴുകിയാൽ മതിയെന്നുള്ള ഒരു പ്രേരണയാണ്. കറ നല്ലതാണെന്ന് പരസ്യത്തിൽ പറയുന്നതുപോലെ ഇത്തരത്തിലുള്ള പരിപാടികൾ കൂടുതൽ ആളുകൾക്ക് നിയമലംഘനം നടത്താനാണ് സഹായിക്കുന്നത്. പിന്നീട് റെഗുലറൈസ് ചെയ്യുന്നത് ഇതിൽനിന്നും ആളുകളെ പിന്തിരിപ്പിക്കുന്നതിനുപകരം ഇതിന് പ്രേരിപ്പിക്കുകയാണ് ചെയ്യുന്നത്. ഇതിനാവശ്യമായ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ?

ശ്രീ. മഞ്ഞളാംകുഴി അലി : സർ, ഇത് ആദ്യമായിട്ടല്ല. 1999-ലും 2010- ലും ഇതേ രീതിയിലുള്ള നിയമങ്ങളുണ്ടാക്കിയിട്ടുണ്ട്. യു.എ. നമ്പർ കൊടുത്തിട്ടുള്ളവയെ എന്തുചെയ്യാൻ സാധിക്കും. അവ പൊളിക്കാൻ സാധിക്കുമോ ? ഏതെങ്കിലും കൺസ്ട്രക്ഷൻ പൊളിക്കുന്നതിനായി നോട്ടീസ് കൊടുത്തിട്ടുണ്ടെങ്കിൽ അപ്പോൾ തന്നെ ട്രൈബ്യൂണലിൽ പോയി സ്റ്റേ വാങ്ങുകയാണ്. ഈ രീതിയിൽ തിരുവനന്തപുരത്ത് പല കെട്ടിടങ്ങളും പൊളിക്കാൻ കോർപ്പറേഷനോട് ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നു. പല കാരണങ്ങൾകൊണ്ടും അവർക്കതിന് കഴിഞ്ഞില്ല. സർക്കാർ വീണ്ടും ഇടപെട്ട് പൊളിച്ചുമാറ്റുന്നതിന് കർശനമായി തീരുമാനമെടുത്തപ്പോൾ അവർ കോടതിയിൽ പോയി സ്റ്റേ വാങ്ങി. കൺസ്ട്രക്ഷൻ നടത്തിയിട്ടുണ്ടെങ്കിൽ അത് പൊളിച്ചുമാറ്റുക എന്നുള്ളത് പ്രാക്ടിക്കലല്ല.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, നമ്മുടെ നഗരങ്ങളിൽ വൻകിട കെട്ടിടങ്ങൾ നിയമവിരുദ്ധമായി വന്നുകൊണ്ടിരിക്കുകയാണ്. തിരുവനന്തപുരത്ത് കിഴക്കേക്കോട്ടയിൽ ക്ഷേത്ര ട്രസ്റ്റ് വക മതിലിനോട് ചേർന്ന് നിയമവിരുദ്ധമായി മൾട്ടി കോംപ്ലക്സുണ്ടാക്കിയിട്ടും നഗരസഭ കണ്ണടയ്ക്കുന്നു. പരാതി കിട്ടിയിട്ടും നഗരസഭ കണ്ണടയ്ക്കുന്ന ഈ സാഹചര്യത്തിൽ ഗവൺമെന്റ് ഇടപെട്ട് വൻകിടക്കാർ നടത്തുന്ന ഇത്തരം നിയമവിരുദ്ധ പ്രവൃത്തികൾ അവസാനിപ്പിക്കുന്നതിന് മുന്നോട്ട് വരുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മഞ്ഞളാംകുഴി അലി : സർ, ക്ഷേത്രട്രസ്റ്റിന്റെ പരാതി പ്രകാരം 6-5-2010-ൽ എസ്.റ്റി.പി. വിജിലൻസ് ആ സ്ഥലം സന്ദർശിക്കുകയും നല്ല രീതിയിലുള്ള വയലേഷനുണ്ടെന്ന് കണ്ടെത്തുകയും ചെയ്തു. 29-6-2010-ന് അനധികൃത നിർമ്മാണം പൊളിച്ചുമാറ്റാൻ കോർപ്പറേഷൻ സെക്രട്ടറിയോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ പല കാരണങ്ങൾകൊണ്ടും അതിന് കഴിഞ്ഞില്ല. സർക്കാരിൽ നിന്നും 14-8-2010-നും 1-9-2011-നും റിമൈൻഡർ അയച്ചു. അപ്പോൾ കെട്ടിട ഉടമ ട്രൈബ്യൂണലിൽനിന്നും സ്റ്റേ ഓർഡർ വാങ്ങി. 3-2-2015-നും 18-5-2015-നും സർക്കാർ അത് പൊളിച്ചുമാറ്റാൻ കത്തെഴുതിയിട്ടുണ്ട്. ഇതുവരേയും നഗരസഭ അതിന്റെ കാര്യങ്ങൾ ചെയ്തിട്ടില്ല.

(ചോദ്യോത്തര സമയം കഴിഞ്ഞു)

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ജൈവവളങ്ങളുടെയും കീടനാശിനികളുടെയും വിപണനം

4 (*424) ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന പ്രധാനപ്പെട്ട ജൈവവളങ്ങളും ജൈവ കീടനാശിനികളും ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) അന്യസംസ്ഥാന ലോബികൾ വിറ്റഴിക്കുന്ന ജൈവവളങ്ങളും ജൈവ കീടനാശിനികളും നിലവാരമില്ലാത്തതാണെന്ന് കൃഷി വിജ്ഞാനകേന്ദ്രം നടത്തിയ പരിശോധനകളിൽ തെളിഞ്ഞിട്ടുണ്ടോ ; എങ്കിൽ നിലവിൽ ജൈവവള ഉല്പന്ന വിപണിയിൽ ഏതെല്ലാം തരത്തിലുള്ള നിയന്ത്രണങ്ങളുണ്ടെന്ന് വിശദമാക്കുമോ ;

(സി) ജൈവ വളങ്ങളുടെയും കീടനാശിനികളുടെയും പരിശോധനയ്ക്കായി എന്തെങ്കിലും സംവിധാനങ്ങൾ നിലവിലുണ്ടോ ; എങ്കിൽ വെളിപ്പെടുത്തുമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന പ്രധാന ജൈവവളങ്ങളുടെയും ജൈവ കീടനാശിനികളുടെയും പേരുകൾ ചുവടെ ചേർക്കുന്നു :

ജൈവവളങ്ങൾ

1. മണ്ണിര കമ്പോസ്റ്റ്
2. സിറ്റി കമ്പോസ്റ്റ്
3. ഫോസ്റ്റേറ്റ് റിച്ച് ഓർഗാനിക് മാനുവർ
4. ജൈവവളം (ഓർഗാനിക് മാനുവർ)

ജൈവകീടനാശിനികൾ

1. വെർട്ടിസീലിയം ലിക്കാനി
2. സ്യൂഡോമോണസ് ഫ്ലോറസൻസ്
3. ട്രൈക്കോഡെർമ്മ വിറിഡേ
4. ബ്യൂവേറിയ ബസിയാന
5. ബാസിലസ് തുറിഞ്ചിയൻസിസ്
6. മെറ്റാറൈസിയം അനിസോപ്ലിലെ
7. പേസിലോമൈസസ് സ്പീഷിസ്
8. അസാഡിറാക്ടിൻ

(ബി) അന്യസംസ്ഥാന ലോബികൾ വിറ്റഴിക്കുന്ന ജൈവവളങ്ങളും ജൈവകീടനാശിനികളും നിലവാരമില്ലാത്തതാണെന്ന് കൃഷി വിജ്ഞാനകേന്ദ്രം നടത്തിയ പരിശോധനകളിൽ തെളിഞ്ഞിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ജൈവവളങ്ങളുടെ പരിശോധനയ്ക്കായി സർക്കാർ നോട്ടിഫൈഡ് ലാബുകൾ കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള നാഷണൽ സെന്റർ ഫോർ ഓർഗാനിക് ഫാമിംഗ് എന്ന സ്ഥാപനത്തിന്റെ ആറ് റീജിയണൽ സെന്ററുകളിൽ നിലവിലുണ്ട്. ഇതിന്റെ സതേൺ റീജിയണൽ സെന്റർ കർണ്ണാടക സംസ്ഥാനത്തെ ബാംഗ്ലൂരിൽ സ്ഥിതി ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ജൈവവളങ്ങളുടെ പരിശോധനയ്ക്കുള്ള സൗകര്യം കേരള കാർഷിക സർവ്വകലാശാല, സ്പൈസസ് ബോർഡ്, റബ്ബർ ബോർഡ് എന്നീ സ്ഥാപനങ്ങളിൽ നിലവിലുണ്ട്. ജൈവകീടനാശിനികളുടെ വിഭാഗത്തിൽപ്പെടുന്ന അസാഡിറാക്ടിൻ ഒഴികെയുള്ള കീടനാശിനികളുടെ ഗുണനിലവാരം നിർണ്ണയിക്കുന്നതിന് ബാംഗ്ലൂരിൽ പ്രവർത്തിക്കുന്ന റീജിയണൽ സെന്റർ ഓഫ് ഓർഗാനിക് ഫാമിംഗ് (RCOF)-ൽ അയച്ച് ഗുണനിലവാര പരിശോധന നടത്തിവരുന്നു. അസാഡിറാക്ടിൻ തിരുവനന്തപുരത്തുള്ള സ്റ്റേറ്റ് പെസ്റ്റിസൈഡ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ പരിശോധിച്ചുവരുന്നു. കേരളത്തിൽ കാർഷിക സർവ്വകലാ ശാലയിൽ ഇവ പരിശോധിക്കുന്നുണ്ട്.

ഗോസുരക്ഷാ പദ്ധതി

5 (*425) ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. ബി. സത്യൻ :
ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗോസുരക്ഷാ പദ്ധതി ഇപ്പോൾ തുടരുന്നുണ്ടോയെന്ന് അറിയിക്കാമോ ;

(ബി) 2014 മാർച്ചിനുശേഷം ഗോസുരക്ഷാ പദ്ധതിയിൽ കർഷകരുടെ വിഹിതം നൽകി അപേക്ഷ നൽകിയവർക്ക് സർക്കാർ വിഹിതം നൽകിയിട്ടില്ല എന്ന കാരണത്താൽ ഇൻഷ്വറൻസ് സംരക്ഷണം ലഭിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പദ്ധതി തുടർന്നും നടപ്പിലാക്കുന്നതിനും സർക്കാർ ഇൻഷ്വറൻസ് വിഹിതം അടയ്ക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) തുടരുന്നില്ല.

(ബി) ഇല്ല.

(സി) പദ്ധതി തുടർന്നും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ പദ്ധതിയിൽ വകയിരുത്തിയിട്ടുള്ള Rs. 209.50 ലക്ഷത്തിൽ ഗോസുരക്ഷാ ഇൻഷ്വറൻസ് പദ്ധതിക്കായി ലഭിക്കുന്ന തുക ഉപയോഗിച്ച് സർക്കാർ വിഹിതം അടച്ച് പദ്ധതി പുനഃസ്ഥാപിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

വഴിവാണിഭം സംബന്ധിച്ച് സുപ്രീം കോടതിയുടെ വിധിന്യായം

6 (T *426) ശ്രീ. സി. കെ. നാണു :
ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വഴിവാണിഭം സംബന്ധിച്ച് 1989-ൽ സുപ്രീംകോടതി പുറപ്പെടുവിച്ചിട്ടുള്ള വിധിന്യായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വിധിന്യായത്തിലെ നിർദ്ദേശങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) :

(എ) ഉണ്ട്. സോതൻസിംഗ് അഭി. ന്യൂഡൽഹി മുനിസിപ്പൽ കമ്മിറ്റിയും മറ്റൊരാളും എന്ന കേസിൽ ബഹുമാനപ്പെട്ട സുപ്രീം കോടതി വഴിവാണിഭത്തെ സംബന്ധിച്ച് എല്ലാ സംസ്ഥാന സർക്കാരുകളും നിയമനിർമ്മാണം നടത്തണമെന്ന വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത കോടതി വിധിന്യായത്തിലെ പ്രസക്തഭാഗം ഇപ്രകാരമാണ്. "മൗലികാവകാശം എന്ന നിലയിൽ തെരുവുവാണിഭം നടത്താൻ പൗരന്മാർക്ക് അവകാശമുണ്ടെങ്കിലും അത് നിയന്ത്രണങ്ങൾക്ക് വിധേയമായിരിക്കുന്നതാണ്. നിയന്ത്രണം ഏർപ്പെടുത്തുക എന്നത് സംസ്ഥാന സർക്കാരിന്റെ അധികാരപരിധിയിൽ വരുന്ന കാര്യമാണ്. പൗരന്മാർക്ക് ഏതെങ്കിലും പ്രത്യേക സ്ഥലം തെരുവുവാണിഭത്തിനായി തെരഞ്ഞെടുക്കാൻ അധികാരമില്ല. തെരുവുവാണിഭം നടത്തുന്നതിനായി തെരുവുകളോ തെരുവുകളിലെ പ്രത്യേക സ്ഥലങ്ങളോ കണ്ടെത്തി നൽകേണ്ടത് സംസ്ഥാന സർക്കാരുകളാണ്. ന്യായമായ ഒരു സമയപരിധിക്കുള്ളിൽ സർക്കാർ ഇത് ചെയ്യാത്തപക്ഷം പൊതുതാൽപ്പര്യാർത്ഥം കോടതിക്ക് ഇടപെടേണ്ടിവരും."

(ബി) വഴിയോര കച്ചവടക്കാരെ സംബന്ധിച്ച് ഭാരത സർക്കാർ സ്വീകരിച്ച ദേശീയ നയത്തിനനുസൃതമായി അതാത് സംസ്ഥാനങ്ങൾക്ക് അനുയോജ്യമായ രീതിയിൽ വഴിയോര കച്ചവടക്കാർക്കുവേണ്ടി നിയമനിർമ്മാണമടക്കമുള്ള നടപടികൾ സ്വീകരിക്കാൻ കേന്ദ്ര സർക്കാർ എല്ലാ സംസ്ഥാനങ്ങൾക്കും നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഇത് സംബന്ധിച്ച പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

നടപ്പിലാക്കുന്നതിനുമായി നഗരകാര്യ ഡയറക്ടറെ നോഡൽ ഓഫീസറായി നിശ്ചയിക്കുകയും വഴിയോര കച്ചവടക്കാർക്കുവേണ്ടി സംസ്ഥാനത്ത് ഒരു കരട് നയം തയ്യാറാക്കുന്നതിനായി കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ കൺവീനറായി ഒരു കമ്മിറ്റിയെ നിയമിക്കുകയും പ്രസ്തുത കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ ഒരു കരട് ബിൽ തയ്യാറാക്കുകയും ആയതുപ്രകാരം നിയമനിർമ്മാണം സംബന്ധിച്ച് മുന്നോട്ട് പോകവെ കേന്ദ്ര സർക്കാർ The Street Vendors (Protection of Livelihood and Regulation of Street Vending) Act, 2014 എന്ന പേരിൽ ഒരു നിയമം പാസ്സാക്കി മാർച്ച് 2014-ൽ പ്രസിദ്ധപ്പെടുത്തി. 2014 മെയ് 1 മുതൽ പ്രാബല്യത്തിൽ വന്ന ഈ നിയമം എല്ലാ സംസ്ഥാനങ്ങൾക്കും ബാധകമായ സാഹചര്യത്തിൽ കേരളത്തിന് മാത്രമായി ഒരു പ്രത്യേക നിയമനിർമ്മാണത്തിന്റെ ആവശ്യമില്ല. ഇത് സംബന്ധിച്ച ചട്ടങ്ങൾ രൂപീകരിച്ചാൽ മതിയാകുമെന്നതിനാൽ കേന്ദ്ര നിയമത്തിന് അനുസൃതമായി ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതോടൊപ്പം തന്നെ എല്ലാ നഗരസഭകളിലും Street Vending Committee-കൾക്ക് രൂപം നൽകുകയും തെരുവ് വാണിഭത്തിനായി സ്ഥലം കണ്ടെത്തി നീക്കിവയ്ക്കുന്നതിനുള്ള ജോലികൾ നടന്നുവരികയും ചെയ്യുന്നുണ്ട്.

ഗ്രാമസഭകളിലെ ജനപങ്കാളിത്തം

7 (*427) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. എം. എ. ബേബി :
ശ്രീ. ബാബു എം. പാലിശ്ശേരി :
ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അധികാരം ജനങ്ങളിലേയ്ക്ക് എന്ന മുദ്രാവാക്യം പൂർത്തീകരിക്കാൻ ഗ്രാമസഭകളിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച നിലപാട് വ്യക്തമാക്കാമോ ;

(ബി) നിലവിൽ ഗ്രാമസഭകളുടെ പ്രവർത്തനം ഈ ലക്ഷ്യം കൈവരിക്കുന്നതിന് ഉതകുന്ന തരത്തിലാണോ എന്നകാര്യം പരിശോധിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ എന്തെല്ലാം പോരായ്മകളാണ് ദൃശ്യമായിട്ടുള്ളതെന്നറിയിക്കാമോ ;

(ഡി) പോരായ്മകൾ തിരുത്തി ഗ്രാമസഭകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) പ്രാദേശിക ഭരണസംവിധാനത്തെ ശാക്തീകരിക്കുന്നതിനും കൂടുതൽ ജനാധിപത്യവത്കരിക്കുന്നതിനും അധികാര വികേന്ദ്രീകരണം അർത്ഥപൂർണ്ണമാക്കുന്നതിനും ഭരണസംവിധാനത്തിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുമായി വ്യവസ്ഥ ചെയ്തിട്ടുള്ള സംവിധാനമാണ് ഗ്രാമസഭകൾ/വാർഡുസഭകൾ. ഭരണസംവിധാനത്തിലെ യഥാർത്ഥ ജനപങ്കാളിത്ത വേദികളായ ഗ്രാമസഭകളും വാർഡുസഭകളും പ്രവർത്തിക്കുന്നതിനനുസരിച്ചായിരിക്കും പ്രാദേശിക ഭരണസംവിധാനത്തിന്റെ നിലനിൽപ്പും പ്രയാണവും.

(ബി) പരിശോധിച്ചിട്ടുണ്ട്.

(സി) ഗ്രാമസഭ/വാർഡുസഭകളുടെ പ്രവർത്തനം വേണ്ടത്ര കാര്യക്ഷമമല്ല. ഗ്രാമസഭ/വാർഡുസഭകളിൽ പൊതുവേ ജനപങ്കാളിത്തം കുറഞ്ഞുവരുന്നതായി കാണുന്നു. ജനങ്ങൾക്കുള്ള അധികാരാവകാശങ്ങളെക്കുറിച്ച് ശരിയായ ധാരണ ഗ്രാമസഭ/വാർഡുസഭാ മെമ്പർമാരായ ജനങ്ങൾക്ക് ഇന്നുമുണ്ടായിട്ടില്ല. തങ്ങൾക്കുള്ള അധികാരാവകാശങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്താതെ ജനങ്ങൾ പലപ്പോഴും കേവലം കാഴ്ചക്കാരും ഗുണഭോക്താക്കളും മാത്രമായി തീരുന്ന സാഹചര്യമാണ് പലയിടത്തും ഉള്ളത്.

(ഡി) ഗ്രാമസഭകൾ ഭരണഘടനാനുസൃതമായിട്ടുള്ളതും ഗ്രാമതലത്തിൽ ജനങ്ങളുടെ ഉന്നതമായ ജനാധിപത്യ പ്രക്രിയയുടെ വേദിയും ആണെന്ന അവബോധം ജനങ്ങളിൽ ഉണ്ടാക്കുക, വിഭവ സമാഹരണം, വിനിയോഗം എന്നിവയുടെ വിശദാംശങ്ങളെപ്പറ്റിയുള്ള അറിവ്, വികസന പ്രവർത്തനങ്ങളും അവയുടെ വിലയിരുത്തലും, സേവനങ്ങൾ അവകാശമാണെന്ന തിരിച്ചറിവ് തുടങ്ങിയവ പ്രാവർത്തികമാക്കാനായി ശാസ്ത്രീയമായ ഒരു പരിശീലന പരിപാടി കിലയുടെ നേതൃത്വത്തിൽ ഗ്രാമസഭാ അംഗങ്ങൾക്കായി 16680 ഗ്രാമസഭാ വാർഡുകളിൽ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ ഗ്രാമസഭകളെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നിയമസഭാ നിയോജകമണ്ഡലങ്ങളിൽ നടത്തിയ ഗ്രാമയാത്രയുടെ ഭാഗമായി വിശേഷാൽ ഗ്രാമസഭകളും കൂടിയിട്ടുണ്ട്.

മിൽമയുടെ പാൽ സംഭരണം

8 (*428) ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യസംസ്ഥാനങ്ങളിൽനിന്നും മിൽമ സംഭരിക്കുന്ന പാലിന്റെ വിശദാംശം ലഭ്യമാക്കാമോ ;

(ബി) നമ്മുടെ ക്ഷീരകർഷകർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ പാൽ ഇറക്കുമതിയിലൂടെ മിൽമ തട്ടിയെടുക്കുന്നു എന്ന പരാതിയെ സംബന്ധിച്ച് വിശദീകരിക്കാമോ ;

(സി) ഇവിടുത്തെ എല്ലാ ഗ്രാമീണ മേഖലകളിൽനിന്നും പാൽ ശേഖരിക്കാൻ മിൽമ ശ്രമിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ഡി) പാൽ സംഭരണം കാര്യക്ഷമമാക്കാതെ അന്യസംസ്ഥാനത്തെ നിലവാരമില്ലാത്ത പാൽ ഇറക്കുമതി ചെയ്യുന്നതിൽ മിൽമ അമിത താല്പര്യം കാണിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

(എ) മിൽമ പ്രതിദിനം ശരാശരി 12.5 ലക്ഷം ലിറ്റർ പാൽ വിതരണം ചെയ്യുന്നുണ്ട്. എന്നാൽ ഇപ്പോൾ മിൽമ പ്രതിദിനം മേഖലാ യൂണിയനുകളിലൂടെ സംഭരിക്കുന്നത് 11 ലക്ഷം ലിറ്റർ പാലാണ്. വിതരണത്തിനാവശ്യമായ പാലിന്റെ കുറവ് നികത്തുന്നതിനു വേണ്ടി മിൽമ അന്യസംസ്ഥാനങ്ങളിൽനിന്നും പാൽ വാങ്ങുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കർണ്ണാടക, തമിഴ്നാട്, ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിലെ സഹകരണ ക്ഷീര ഫെഡറേഷനുകളിൽ നിന്നുമാണ് പ്രധാനമായും മിൽമ പാൽ സംഭരിക്കുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ മിൽമ ഇപ്രകാരം 108696790 ലിറ്റർ പാൽ സംഭരിച്ചിട്ടുണ്ട്. കർശനമായ ഗുണനിലവാര പരിശോധനകൾക്ക് വിധേയമാക്കിയ ശേഷമാണ് അന്യസംസ്ഥാനങ്ങളിൽനിന്നും പാൽ സ്വീകരിക്കുന്നത്.

(ബി) കേരളത്തിലെ ക്ഷീരസംഘങ്ങളിൽ സംഭരിക്കുന്ന പാലിൽനിന്നും പ്രാദേശിക വില്പനയ്ക്ക് ശേഷമുള്ള മുഴുവൻ പാലും മിൽമ മേഖലാ യൂണിയനുകൾവഴി സംഭരിക്കുന്നുണ്ട്. ഇങ്ങനെ സംഭരിക്കുന്ന പാലിന് കൃത്യമായ വിലയും മിൽമ ഉറപ്പ് വരുത്തുന്നുണ്ട്. ഇതോടൊപ്പംതന്നെ കാലാകാലങ്ങളിൽ മേഖലാ യൂണിയനുകൾ ഇൻസെന്റീവുകളും സബ്സിഡികളും കർഷകർക്ക് അവർ ഒഴിക്കുന്ന പാലിന്റെ അളവ് കണക്കാക്കി നൽകുന്നുണ്ട്. മിൽമ കേരളത്തിലെ ക്ഷീരസംഘങ്ങളിൽനിന്നും സംഭരിക്കുന്ന പാൽ മുഴുവനും പാൽ ഉല്പന്നങ്ങളാക്കി വിതരണം ചെയ്യുമ്പോൾ തികയാതെ വരുന്ന പാൽ മാത്രമേ അന്യസംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്നുള്ളൂ. പാലും പാലുല്പന്നങ്ങളും വില്പന നടത്തുന്നതിലൂടെ ലഭ്യമാകുന്ന വരുമാനത്തിലേറിയപങ്കും മിൽമ മേഖലാ യൂണിയനുകളിലൂടെ ക്ഷീരകർഷകരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായാണ് വിനിയോഗിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന് മറ്റ് വിവിധ പദ്ധതികളും മിൽമ ക്ഷീരസംഘങ്ങളിലൂടെ നടപ്പിലാക്കിവരുന്നുണ്ട്. ആയതിനാൽ ക്ഷീരകർഷകർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ പാൽ ഇറക്കുമതിയിലൂടെ മിൽമ തട്ടിയെടുക്കുന്നു എന്ന പരാതിക്ക് അടിസ്ഥാനമില്ല.

(സി) മിൽമ മൂന്ന് മേഖലാ യൂണിയനുകളിലുംകൂടി സംസ്ഥാനത്തൊട്ടാകെ ഗ്രാമീണ മേഖലകളിൽ പ്രവർത്തിക്കുന്ന മൂവായിരത്തോളം പ്രാഥമിക ക്ഷീരോല്പാദക സഹകരണ സംഘങ്ങളിൽനിന്നും നിലവിൽ പാൽ ശേഖരിക്കുന്നുണ്ട്. ക്ഷീരസഹകരണ സംഘങ്ങളില്ലാത്ത സ്ഥലങ്ങളിൽ സംഘങ്ങൾ രൂപീകരിക്കുന്ന മുറയ്ക്ക് പാൽ ശേഖരിക്കുന്നതാണ്. കേന്ദ്ര സർക്കാരിന്റെ നാഷണൽ ഡയറി പ്ലാൻ പദ്ധതിപ്രകാരം പുതിയ സൊസൈറ്റികൾ സംസ്ഥാനത്ത് മിൽമയുടെ മേൽനോട്ടത്തിൽ രൂപീകരിക്കുന്നുണ്ട്.

(ഡി) ക്ഷീരസംഘങ്ങളിൽ സംഭരിക്കുന്ന പാലിൽനിന്നും പാലിന്റെ പ്രാദേശിക വില്പനയ്ക്ക് ശേഷമുള്ള മുഴുവൻ പാലും മിൽമ മേഖലാ യൂണിയനുകൾവഴി സംഭരിക്കുന്നുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിവിധ പദ്ധതികൾ പ്രകാരം പാൽ സംഭരണം വർദ്ധിപ്പിക്കുന്നതിനുവേണ്ടി വിവിധ പദ്ധതികൾ മിൽമയുടെ മേഖലാ യൂണിയനുകൾ ചെയ്തുവരുന്നുണ്ട്.

സംസ്ഥാനത്ത് വിതരണത്തിന് തികയാത്ത പാൽ മാത്രമാണ് അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്നത്.

സംസ്ഥാനത്തെ പാലുല്പാദനം വർദ്ധിപ്പിച്ച് അന്യസംസ്ഥാനങ്ങളിൽനിന്നും ഇറക്കുമതി ചെയ്യുന്ന പാലിന്റെ അളവ് കുറച്ചുകൊണ്ടുവരുന്നതിനാണ് മിൽമ നടപടികൾ സ്വീകരിച്ചുവരുന്നത്.

കേരളത്തിനെ പ്രതികൂലമായി ബാധിക്കുന്ന കരാറുകൾ

9 (T*429) ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. സി. കെ. നാണു :
ശ്രീമതി ജമീലാ പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) WTO, ആസിയാൻ കരാർ, RECP മുതലായ ഒപ്പിട്ടതും ഒപ്പിടേണ്ടതുമായ കരാറുകൾ കേരളത്തിന് എന്തെല്ലാം ദോഷങ്ങൾ ചെയ്യുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത കരാറുകളിൽ കൃഷിവകുപ്പ്, മൃഗസംരക്ഷണവകുപ്പ്, ക്ഷീര

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

വികസനവകുപ്പ്, പ്ലാന്റേഷൻ വകുപ്പ് എന്നിവയിലുള്ള കർഷകരെ സംരക്ഷിക്കുവാൻ എന്തെല്ലാം നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത്;

(സി) കർണ്ണാടകത്തിന്റെ സമ്മർദ്ദംമൂലം കേന്ദ്ര ഗവൺമെന്റ് അടയ്ക്ക ഇറക്കുമതിക്ക് കൂടിയ വില നിശ്ചയിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇതുപോലെ ഏതെങ്കിലും വിളകൾക്ക് ഇറക്കുമതിക്കുള്ള തറവില നിശ്ചയിക്കുവാനോ ഇനങ്ങളുടെ തറവില ഇവിടത്തെ കർഷകർക്കുവേണ്ടി നിശ്ചയിക്കുന്ന വിലയ്ക്ക് താഴെ ഇറക്കുമതി ചെയ്യുവാനോ പാടില്ലായെന്ന നിർദ്ദേശം കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ഇ) ഏതെല്ലാം ഉല്പന്നങ്ങളെയും വിളകളെയുമാണ് സെൻസിറ്റീവ് ലിസ്റ്റിലോ ഹൈ സെൻസിറ്റീവ് ലിസ്റ്റിലോ ഉൾപ്പെടുത്തണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിരിക്കുന്നത് ; അതിനുവേണ്ടിയുള്ള നിയമപരമായ നടപടികൾ എന്തെല്ലാമാണ് സ്വീകരിച്ചിരിക്കുന്നത് ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) വിലയിരുത്തിവരുന്നു.

(ബി) പ്രസ്തുത കരാറുകളിൽനിന്നും കർഷകരെ സംരക്ഷിക്കുവാൻ കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ വകുപ്പുകൾ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കർഷകരെ ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും ഒഴിവാക്കിക്കൊണ്ട് ഉല്പന്നങ്ങൾ നേരിട്ട് ലേലം ചെയ്ത് വിപണനം നടത്തുന്നതിന് ആറ് മൊത്തവ്യാപാര വിപണികൾ കൃഷിവകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു. മൃഗസംരക്ഷണ-ക്ഷീരവികസന മേഖലകളിലെ കർഷകർക്കായി കന്നുകുട്ടി പരിപാലനം, ഗോവർദ്ധിനി, ബാക്ക്യാർഡ് കോഴിവളർത്തൽ പദ്ധതി, ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ്, എരുമ വളർത്തൽ പദ്ധതി, താറാവ് വളർത്തൽ പദ്ധതി, കൃത്രിമ ബീജസങ്കലനം, സൗജന്യ വിരമരുന്ന് വിതരണം, ധാതുലവണ മിശ്രിത വിതരണം, വെറ്ററിനറി സേവനം എന്നിവ നടപ്പിലാക്കുന്നുണ്ട്.

(സി) അടയ്ക്കയ്ക്ക് കേന്ദ്ര ഗവണ്മെന്റ് മിനിമം ഇംപോർട്ട് പ്രൈസ് കൂട്ടിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) സ്വാഭാവിക റബ്ബറിന് ഇറക്കുമതിതീരുവ കൂട്ടണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) സ്വാഭാവിക റബ്ബർ, കുരുമുളക്, നാളികേരം, ഏലം എന്നിവയെ

LIBRARY ARCHIVES Kerala Legislative Assembly

സെൻസിറ്റീവ് ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

മുതിർന്ന പൗരന്മാരുടെ അവകാശങ്ങൾ

10 (*430) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുതിർന്ന പൗരന്മാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിക്കാനുദ്ദേശിക്കുന്നത്;

(ബി) ഇവർക്കായി പ്രത്യേക റെഗുലേറ്ററി ബോർഡ് രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇതിനായി എന്തെല്ലാം നടപടി ഇതിനോടകം സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) മുതിർന്ന പൗരന്മാരുടെ അവകാശങ്ങൾ സംരക്ഷിക്കുവാനായി സ.ഉ. (എംഎസ്.)37/2013/സാ.നീ.വ. തീയതി, 6-5-2013 പ്രകാരം "മുതിർന്ന പൗരന്മാർക്കു വേണ്ടിയുള്ള സംസ്ഥാന നയം-2013" അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത നയത്തിൽ നിർദ്ദേശിച്ച പ്രകാരം വയോജനങ്ങൾക്കുള്ള പദ്ധതി ആസൂത്രണം ചെയ്യുന്നതിന് വിവിധ ഗവണ്മെന്റ് സെക്രട്ടറിമാരടങ്ങിയ കമ്മിറ്റിക്ക് സ.ഉ. (ആർറ്റി.)402/13/സാ.നീ.വ. തീയതി, 29-7-2013 പ്രകാരം രൂപം നൽകിയിട്ടുണ്ട്.

ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന് മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർ, നഴ്സ്, കൗൺസിലർ എന്നിവരുടെ സേവനം കേരളാ സാമൂഹ്യ സുരക്ഷാ മിഷനിലൂടെ നൽകിവരുന്നു. സംസ്ഥാനത്തെ വയോജനങ്ങളുടെ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനായി കോർപ്പറേഷൻ/മുനിസിപ്പാലിറ്റികളിൽ വയോമിത്രം പദ്ധതി നടപ്പാക്കിവരുന്നു. പ്രസ്തുത പദ്ധതിയിൽ പ്രതിമാസം രണ്ടുതവണ ഓരോ പ്രദേശത്തും സംഘടിപ്പിക്കുന്ന ക്ലിനിക്കിലൂടെ സൗജന്യമായി മരുന്നുകൾ, പാലിയേറ്റീവ് കെയർ, ഹെൽപ് ഡെസ്കിന്റെ സേവനം എന്നിവ ലഭ്യമാക്കുന്നു. കോഴിക്കോട്, തിരുവനന്തപുരം ജില്ലകളിലെ മുഴുവൻ ക്ഷേമസ്ഥാപനങ്ങൾക്കും പ്രയോജനപ്പെടുന്ന രീതിയിൽ ഒരു മൊബൈൽ ക്ലിനിക്കിലൂടെ ആയുർവേദ ഡോക്ടർ, അലോപ്പതി

LIBRARY ARCHIVES Kerala Legislative Assembly

ഡോക്ടർ, നഴ്സ്, കൗൺസിലർ, യോഗ ഇൻസ്ട്രക്ടർ എന്നിവരുടെ സേവനവും സൗജന്യ മരുന്നുകളും നൽകുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി&സി) മുതിർന്ന പൗരന്മാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിലേക്കായി ഒരു പ്രത്യേക റെഗുലേറ്ററി ബോർഡ് രൂപീകരിക്കുന്നത് സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിനായി ഹൈക്കോടതിയിലെ സീനിയർ അഡ്വക്കേറ്റ് ശ്രീ. വി.കെ. ബീരാനെ സ്പെഷ്യൽ ഓഫീസറായി സ.ഉ.(എംഎസ്.) 34/2015/സാ.നീ.വ. തീയതി, 21-5-2015 പ്രകാരം ഉത്തരവായിട്ടുണ്ട്.

നഗരസഭാ മാസ്റ്റർ പ്ലാൻ

11 (*431) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരസഭകൾക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുമുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ആരെല്ലാമാണ് ഇതുവഴി സഹകരിക്കുന്നത്;

(ഡി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) :

(എ) ഉണ്ട്. നഗരസഭകൾക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി 2008-09-ൽ "പ്രിപ്പറേഷൻ ഓഫ് മാസ്റ്റർ പ്ലാൻ ആന്റ് ഡീറ്റെയിൽഡ് ടൗൺ പ്ലാൻസ്" എന്ന സ്കീം ആവിഷ്കരിക്കുകയും ആയതിന്റെ ഘട്ടം 1-ന് സ.ഉ. (സാധാ) നമ്പർ 3982/2008/ത.സ്വ.ഭ.വ. തീയതി 13-11-2008 പ്രകാരം സർക്കാർ ഭരണാനുമതി നൽകി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. തുടർന്ന് സ.ഉ.(സാധാ) നമ്പർ 2767/2009/ത.സ്വ.ഭ.വ. തീയതി 24-10-2009 ഉത്തരവുപ്രകാരം മേൽ സ്കീമിന് ആവശ്യമായ വിശദമാർഗ്ഗരേഖകൾ പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് 2012-13 -ൽ മേൽ സ്കീമിന്റെ രണ്ടാം ഘട്ടത്തിനായി സ.ഉ.(സാധാ) നമ്പർ 1376/2012/ത.സ്വ.ഭ.വ. തീയതി 17-5-2012., സ.ഉ.(സാധാ) 2664/2012/ത.സ്വ.ഭ.വ. തീയതി 24-9-2012 എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ ഭരണാനുമതി നൽകുകയും ചെയ്തു.

ആദ്യഘട്ടത്തിൽ 32 മാസ്റ്റർ പ്ലാനുകളും രണ്ടാംഘട്ടത്തിൽ 29 മാസ്റ്റർ പ്ലാനുകളും

LIBRARY ARCHIVES Kerala Legislative Assembly

(ഗ്രാമപഞ്ചായത്തുകൾക്കായുള്ള രണ്ട് മാസ്റ്റർ പ്ലാനുകൾക്ക് പുറമെ) തയ്യാറാക്കുന്നതിനായാണ് മേൽ സ്കീം വിഭാവന ചെയ്തിരിക്കുന്നത്. ആദ്യഘട്ടത്തിൽ തയ്യാറാക്കി വന്ന അഞ്ച് മാസ്റ്റർ പ്ലാനുകൾ സർക്കാർ അംഗീകരിക്കുകയും പന്ത്രണ്ട് പ്ലാനുകൾ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ രണ്ട് ഘട്ടങ്ങളും പൂർത്തീകരിക്കുന്ന മുറയ്ക്ക് സംസ്ഥാനത്തെ നിലവിലുള്ള എല്ലാ നഗരസഭകൾക്കും മാസ്റ്റർ പ്ലാനുകൾ നിലവിൽ വരികയും അതുവഴി സംസ്ഥാനത്തെ എല്ലാ മുനിസിപ്പൽ പ്രദേശങ്ങളുടെയും ദീർഘകാല പരിപ്രേക്ഷ്യത്തോടെയുള്ള ആസൂത്രിത വികസനം സാദ്ധ്യമാകുക എന്നതാണ് ടി സ്കീമിന്റെ മുഖ്യ ലക്ഷ്യം.

(സി) നഗര-ഗ്രാമാസൂത്രണ നിയമപ്രകാരം മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് അതത് നഗരസഭകളാണ്. ആയതിന്റെ സാങ്കേതിക ജോലികൾ നഗര-ഗ്രാമാസൂത്രണ വകുപ്പ് (ജില്ലാ കാര്യാലയവും മുഖ്യ നഗരാസൂത്രകന്റെ (പ്ലാനിംഗ്) കാര്യാലയവും) നിർവ്വഹിച്ചു വരുന്നു. കൂടാതെ വിവിധ സ്റ്റേക്ക് ഹോൾഡർ കൺസൾട്ടേഷൻസ്, ചർച്ചകൾ, സെമിനാറുകൾ, വികസന സെമിനാറുകൾ എന്നീ ഘട്ടങ്ങളിൽ സ്റ്റേക് ഹോൾഡർ വിവിധ സർക്കാർ വകുപ്പുകൾ/സ്ഥാപനങ്ങൾ, നഗരസഭാ ഉദ്യോഗസ്ഥർ, പ്രതിനിധികൾ എന്നിവരും ഇതുമായി സഹകരിക്കുന്നു.

(ഡി) ഇത് നടപ്പാക്കുന്നതിലേക്കായി മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്)-ന്റെ മേൽനോട്ടത്തിൽ ഒരു സ്റ്റേക്ക് ഹോൾഡർ പ്രോജക്ട് സെൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ സമയാസമയങ്ങളിൽ മുഖ്യ നഗരാസൂത്രകൻ (പ്ലാനിംഗ്)-ന്റെ തലത്തിലും സർക്കാർ തലത്തിലും പ്രവർത്തന പുരോഗതി വിലയിരുത്തിവരുന്നു.

കൂടാതെ ടി സ്കീമിന്റെ നടത്തിപ്പിനായി സർക്കാർ സ.ഉ.(സാധാ) നമ്പർ 2766/2009/ത.സ്വ.ഭ.വ. തീയതി 24-10-2009 ഉത്തരവുപ്രകാരം വിശദമായ മാർഗ്ഗരേഖകൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ മാസ്റ്റർ പ്ലാനുകളുടെ സുഗമമായ രൂപീകരണത്തിനായി സ്റ്റേറ്റ് പ്രോജക്ട് സെല്ലിന്റെ ആഭിമുഖ്യത്തിൽ കാലാകാലങ്ങളിൽ വിവിധ ഹാൻഡ് ഔട്ട്സ്, ടൂൾ കിറ്റ്സ്, ഗൈഡ്‌ലൈൻസ് എന്നിവ പുറപ്പെടുവിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ബ്ലോക്ക് പഞ്ചായത്തുകളുടെ പുനഃസംഘടന

12 (*432) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബ്ലോക്ക് പഞ്ചായത്തുകളെ പുനഃസംഘടിപ്പിക്കുവാനുള്ള തീരുമാനം കൈക്കൊള്ളാൻ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തൊക്കെയാണെന്നറിയിക്കാമോ ;

(ബി) ഇതിനായി എന്തെങ്കിലും പഠനങ്ങൾ നടത്തിയിരുന്നുവോ ; എങ്കിൽ പഠനത്തിൽനിന്നും ഉരുത്തിരിഞ്ഞ വസ്തുതകൾ എന്തെല്ലാമാണെന്നറിയിക്കാമോ ;

(സി) നിയമസഭാ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ആയിരിക്കണം പുനഃസംഘടന എന്ന് ശിപാർശ ചെയ്യപ്പെട്ടിരുന്നുവോ ; എങ്കിൽ അതിനനുസൃതമായിട്ടാണോ ഇപ്പോൾ പുനഃസംഘടന നടക്കുന്നത് എന്നറിയിക്കാമോ ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

(എ) വിവിധ സ്രോതസ്സുകളിൽനിന്നും ലഭിക്കുന്ന ഫണ്ട് വിനിയോഗം കാര്യക്ഷമമാക്കുന്നതിനും ഗ്രാമപ്രദേശങ്ങളിലെ വികസന പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനും സംസ്ഥാനത്തെ നിയമസഭാ നിയോജകമണ്ഡലങ്ങളും വികസന ബ്ലോക്കുകളും പരസ്പരം ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനം സുഗമമാക്കുന്നതിനും നിയമസഭാ മണ്ഡലത്തിലുൾപ്പെടുന്ന ബ്ലോക്കുകളുടെ എണ്ണം കഴിയുന്നിടത്തോളം ഒന്നും പരമാവധി രണ്ടുമായി മുന്നിൽ കവിയാത്തരീതിയിൽ ക്രമീകരിക്കുന്നതിനുമാണ് ബ്ലോക്ക് പഞ്ചായത്തുകളെ പുനഃക്രമീകരിക്കാൻ തീരുമാനിച്ചത്.

(ബി) 8-4-2015-ലെ സ.ഉ.(സാധാ)1079/2015/ ത.സ്വ.ഭ.വ. പ്രകാരം ഗ്രാമവികസന കമ്മീഷണർ കൺവീനറായി നിയമിച്ച ഉപസമിതി ഇക്കാര്യത്തിൽ പഠനങ്ങൾ നടത്തിയിരുന്നു. പഠനങ്ങളിൽനിന്നും ഉരുത്തിരിഞ്ഞ വസ്തുതകൾ ചുവടെ ചേർക്കുന്നു :

1. ഇരുപത് നിയോജകമണ്ഡലങ്ങൾ ഒരു ബ്ലോക്ക് പരിധിയിൽമാത്രം നിലനിൽക്കുന്നതാണ്. ഈ നിയോജകമണ്ഡലങ്ങളിൽ നിലവിലുള്ള അവസ്ഥ തുടരും.

LIBRARY ARCHIVES Kerala Legislative Assembly

2. 58 നിയോജകമണ്ഡലങ്ങളിൽ ബ്ലോക്കുകളുടെ എണ്ണം ഒന്നായി പുനഃക്രമീകരിക്കും.

3. മൂന്ന് നിയോജകമണ്ഡലങ്ങളിൽ നിലവിലുള്ള ബ്ലോക്കുകളുടെ എണ്ണം നാലിൽ നിന്ന് രണ്ടായും 18 നിയോജകമണ്ഡലങ്ങളിൽ ബ്ലോക്കുകളുടെ എണ്ണം മൂന്നിൽനിന്നും രണ്ടായും കുറയ്ക്കും.

4. 20 നിയോജകമണ്ഡലങ്ങളിൽ വിവിധ കാരണങ്ങളാലും 13 നിയോജകമണ്ഡലങ്ങളിൽ പുനഃക്രമീകരിക്കേണ്ട ഗ്രാമപഞ്ചായത്തിൽ ബ്ലോക്ക് ആസ്ഥാനം നിലനിൽക്കുന്നതിനാലും ഈ 33 (20+13=33) നിയോജകമണ്ഡലങ്ങളിലെ എല്ലാ ഗ്രാമപഞ്ചായത്തുകളെയും ഒരു ബ്ലോക്കിൽ ഉൾക്കൊള്ളിക്കത്തക്കരീതിയിൽ പുനഃക്രമീകരണം പ്രായോഗികമല്ല. മേൽ 33 നിയമസഭാ മണ്ഡലങ്ങളിൽ രണ്ട് നിയോജകമണ്ഡലങ്ങളിൽ (കാഞ്ഞിരപ്പള്ളി, നാട്ടിക) മൂന്ന് ബ്ലോക്കുകളും 31 നിയോജകമണ്ഡലങ്ങളിൽ രണ്ട് ബ്ലോക്കുകൾ വീതവും തുടരാം.

(സി) ബ്ലോക്ക് പഞ്ചായത്തുകളുടെ പുനഃസംഘടന നിയോജകമണ്ഡലാടിസ്ഥാനത്തിലായിരിക്കണമെന്ന് ശിപാർശ ചെയ്തിരുന്നു. അതിനനുസൃതമായിട്ടാണ് ഇപ്പോൾ പുനഃസംഘടന നടത്താനുദ്ദേശിക്കുന്നത്. പുനഃസംഘടന അന്തിമഘട്ടത്തിലാണ്. നടപടിക്രമങ്ങൾ പൂർത്തീകരിച്ചു കഴിഞ്ഞാൽ മാത്രമേ അവസാന ചിത്രം വ്യക്തമാകൂ.

തൊഴിലുറപ്പുപദ്ധതി

13 (*433) <u>ശ്രീമതി ഗീതാ ഗോപി</u> :
<u>ശ്രീ. സി. ദിവാകരൻ</u> :
<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> :
<u>ശ്രീ. കെ. അജിത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലുറപ്പുപദ്ധതിയിൽ ആസ്തിവികസനം ഉണ്ടാക്കുന്നതിൽ കേരളം പിന്നിലാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ സ്ഥിതി തുടർന്നാൽ പദ്ധതി ഫണ്ട് അനുവദിക്കുന്നതിനെക്കുറിച്ച് പുനർ വിചിന്തനം വേണ്ടിവരുമെന്ന് കേന്ദ്രം മുന്നറിയിപ്പ് നൽകിയിട്ടുണ്ടോ ;

(ബി) തൊഴിലുറപ്പുപദ്ധതി സംബന്ധിച്ച് എന്തെല്ലാം പുതിയ നിർദ്ദേശങ്ങളാണ് കേന്ദ്രം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

(എ) തൊഴിലുറപ്പ് പദ്ധതിയിൽ ആസ്തിവികസനം ഉണ്ടാക്കുന്നതിൽ കേരളം പിന്നിലാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്തെ പദ്ധതി പ്രവർത്തനം പരിശോധിച്ച് കൂടുതൽ ഉല്പാദനപരമായ ആസ്തികൾ ഇനിയും സൃഷ്ടിക്കേണ്ടതുണ്ടെന്ന് സംസ്ഥാനം വിലയിരുത്തിയിട്ടുണ്ട്. പദ്ധതി ഫണ്ട് അനുവദിക്കേണ്ടതിനെക്കുറിച്ച് മറ്റ് മുന്നറിയിപ്പുകളൊന്നും കേന്ദ്രം അറിയിച്ചിട്ടില്ല.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

ആഡംബര വിവാഹം ഒഴിവാക്കാൻ നടപടി

14 (*434) ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. ജി. സുധാകരൻ :
ശ്രീമതി കെ. കെ. ലതിക :
ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആഡംബര വിവാഹം ഒഴിവാക്കുന്നത് സംബന്ധിച്ച് സംസ്ഥാന വനിതാ കമ്മീഷൻ എന്തെങ്കിലും ശിപാർശ സമർപ്പിച്ചിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ കമ്മീഷന്റെ പ്രധാനപ്പെട്ട ശിപാർശകൾ എന്തെല്ലാമാണ്;

(സി) ആയത് നടപ്പിലാക്കുന്നത് സംബന്ധിച്ച നിലപാട് അറിയിക്കാമോ ;

(ഡി) ആഡംബര വിവാഹങ്ങൾ നിരുത്സാഹപ്പെടുത്തുന്നതിനുതകുന്ന തരത്തിൽ നിയമനിർമ്മാണം നടത്തുന്നതിന് തയ്യാറാകുമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) ആഡംബര വിവാഹം ഒഴിവാക്കുന്നത് സംബന്ധിച്ച് കേരള വനിതാ കമ്മീഷൻ ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

(ബി) കമ്മീഷൻ സമർപ്പിച്ച ശിപാർശ ചുവടെ ചേർക്കുംപ്രകാരമാണ്:

1. വിവാഹങ്ങളിലെ ആർഭാടം നിയന്ത്രിക്കേണ്ടത് അത്യാവശ്യമാണ്. അത് നിയമനിർമ്മാണത്തിന്റെ ബലത്തോടുകൂടിമാത്രമേ സാദ്ധ്യമാകുകയുള്ളൂ എന്നതിനാൽ വിവാഹങ്ങളിലെ ധൂർത്തും ആർഭാടവും നിയന്ത്രിക്കാൻ നിയമനിർമ്മാണം നടത്തണം.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

2. വിവാഹത്തോടനുബന്ധിച്ച് ഇന്ന് ഒന്നിൽക്കൂടുതൽ ചടങ്ങുകൾ നടത്തപ്പെടുന്നുണ്ട്. അത് ഒന്ന് മാത്രമായി ചുരുക്കി നിശ്ചയിക്കണം.

3. വിവാഹനിശ്ചയത്തിനും ഒന്നിൽക്കൂടുതൽ ചടങ്ങുകൾ നടത്തുന്ന സ്ഥിതിയുണ്ട്. ഇതും ഒരു ചടങ്ങ് മാത്രമായി നിജപ്പെടുത്തണം.

4. വിവാഹനിശ്ചയത്തിനും വിവാഹത്തിനും ക്ഷണിക്കപ്പെടുന്ന അതിഥികളുടെ എണ്ണം നിയന്ത്രിക്കണം. വിവാഹനിശ്ചയത്തിന് ഇത് അമ്പത് കുടുംബാംഗങ്ങളെന്നും (വരന്റെയും വധുവിന്റെയും ഭാഗത്തുനിന്നും 25 പേർ വീതം) വിവാഹത്തിന് 250 എന്നും (വരന്റെയും വധുവിന്റെയും ഭാഗത്തുനിന്നും 125 പേർ വീതം) എന്നും നിശ്ചയിക്കാവുന്നതാണ്.

5. വിവാഹത്തോടനുബന്ധിച്ചുണ്ടാകുന്ന ഓരോയിനം ചെലവുകളും നിയന്ത്രണ വിധേയമാക്കണം. ഓരോയിനത്തിലും എത്ര രൂപവരെ ചെലവാക്കാമെന്നത് താഴെ സൂചിപ്പിക്കുന്നു :

(എ) വിവാഹക്ഷണക്കത്ത് ഒരെണ്ണത്തിന് 25 രൂപവരെ

(ബി) വിവാഹപ്പന്തൽ/ആഡിറ്റോറിയം വാടക അമ്പതിനായിരം രൂപവരെ

ഇതിൽക്കൂടുതൽ ചെലവാക്കിയാൽ കൂടുതലാകുന്ന തുകയ്ക്ക് സമാനമായ തുക പെനാൽറ്റിയായി സർക്കാരിലേക്ക് അടയ്ക്കണം.

(സി) വിവാഹപ്പന്തൽ/ആഡിറ്റോറിയം അലങ്കാരങ്ങളും വിവാഹമണ്ഡപത്തിലെ ചടങ്ങുകളും അമ്പതിനായിരം രൂപവരെ

(ഡി) വിവാഹസദ്യ ഒരാൾക്ക് 150 രൂപവരെ

(ഇ) വധുവിന്റെ വസ്ത്രങ്ങൾക്ക് ഇരുപതിനായിരം രൂപവരെ

(എഫ്) വരന്റെ വസ്ത്രങ്ങൾക്ക് പതിനയ്യായിരം രൂപവരെ

(ജി) വധുവിന് സ്വർണ്ണാഭരണങ്ങൾ പത്ത് പവൻ വരെ.

(എച്ച്) വരന് സ്വർണ്ണാഭരണങ്ങൾ (താലിമാല അടക്കം) അഞ്ചു പവൻ വരെ.

6. വിവാഹച്ചെലവുകൾ സംബന്ധിച്ച് വരന്റെ ഭാഗത്തുനിന്നും വധുവിന്റെ ഭാഗത്തുനിന്നും ഡിക്ലറേഷൻ ഫയൽ ചെയ്യുന്നതിന് നിയമം അനുശാസിക്കണം.

7. വിവാഹത്തിന്റെ ചെലവുകൾ ഉദ്ദേശം നിജപ്പെടുത്തി അത് സംബന്ധിച്ച ഡിക്ലറേഷൻ വിവാഹം നടത്തിക്കൊടുക്കുന്ന മതാചാര്യൻ നൽകണമെന്ന് അനുശാസിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

8. വിവാഹങ്ങൾ ലളിതമായി നടത്തുന്നതിന് ബോധവൽക്കരണം നടത്താൻ പഞ്ചായത്ത് തലത്തിൽ സമിതികൾ രൂപീകരിക്കണം.

9. നിയമത്തിൽ അനുശാസിക്കുന്നതിനേക്കാൾ കൂടുതൽ ചെലവാക്കിക്കൊണ്ട് ആർഭാടപൂർണ്ണമായി വിവാഹം നടത്തുന്നവരിൽനിന്ന് മൊത്തം ചെലവിന്റെ 25% പിഴയായി സർക്കാർ ഈടാക്കുന്നതിന് നിയമത്തിൽ വകുപ്പുകൾ ഉണ്ടാകണം.

10. പൊന്നും പട്ടും ഉണ്ടായാലേ വിവാഹം ആകുന്നുള്ളൂ തുടങ്ങിയ രീതിയിലുള്ള പരസ്യങ്ങൾ നിരോധിക്കണം.

(സി&ഡി) ആർഭാട വിവാഹങ്ങളും വിവാഹങ്ങളോടനുബന്ധിച്ചുള്ള ധൂർത്തും നിയന്ത്രിക്കേണ്ടത് അനിവാര്യമാണ്. എന്നാൽ ആയത് പൗരന്റെ അവകാശങ്ങളിന്മേലുള്ള നിയന്ത്രണമാണെന്ന് മാത്രമല്ല പലതും ഭരണഘടന അനുശാസിക്കുന്ന മൗലികാവകാശങ്ങളുടെ ലംഘനമാകാം എന്നതുകൊണ്ട് പൗരന്റെ അവകാശങ്ങളിന്മേലുള്ള കടന്നുകയറ്റങ്ങൾ സാധാരണ കോടതികൾ അനുവദിക്കാറില്ല. ആയതിനാൽ പ്രസ്തുത നിയന്ത്രണങ്ങൾ ശരിയായ വിധമല്ലാതെയായാൽ അങ്ങനെയുള്ള എത് നിയമവും ഉത്തരവുകളും സർക്കുലറുകളും കോടതിയിൽ ചോദ്യം ചെയ്യപ്പെടാനിടയുണ്ട്. ഈ സാഹചര്യത്തിൽ വിവാഹധൂർത്തിനെതിരെ നിയമനിർമ്മാണം നടത്തുന്നതിന് മുമ്പ് നാനാജനവിഭാഗങ്ങൾക്ക് ബോധവൽക്കരണം നടത്തുകയാണ് ആദ്യം വേണ്ടതെന്നതിനാൽ മതമേലദ്ധ്യക്ഷന്മാരുമായും രാഷ്ട്രീയ കക്ഷികളുമായും സാമൂഹ്യ പ്രസ്ഥാനങ്ങളുമായും ഇത് സംബന്ധിച്ച് ഒരു സമവായത്തിലെത്തുകയും പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെ ഇത് സംബന്ധിച്ച് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും ബോധവൽക്കരണവും പൊതുജനങ്ങൾക്ക് നൽകുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിക്കാൻ സാമൂഹ്യനീതി ഡയറക്ടർക്കും കേരള വനിതാ കമ്മീഷൻ മെമ്പർ സെക്രട്ടറിക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

ഗ്രീൻ ഹൗസ് സാങ്കേതികവിദ്യ

15 (*435) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. വി. റ്റി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി വകുപ്പിൽ ഗ്രീൻ ഹൗസ് സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി ഹോർട്ടികൾച്ചർ വിളകളുടെ ഉല്പാദനത്തിൽ പ്രകടമായ മുന്നേറ്റത്തിനുള്ള പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്;

(ഡി) പ്രസ്തുത പദ്ധതികൾ നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കുമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) ഉണ്ട്.

(ബി) പദ്ധതിയുടെ ലക്ഷ്യങ്ങൾ താഴെപ്പറയുന്നതാണ്:

1. സംരക്ഷിത കൃഷി ഉപയോഗിച്ച് ഗുണനിലവാരമുള്ള കാർഷികോത്പന്നങ്ങളുടെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുക.
2. ഉന്നത ഗുണനിലവാരമുള്ള കാർഷികോത്പന്നങ്ങൾ ന്യായവിലയ്ക്ക് ഉപഭോക്താവിന് ലഭ്യമാക്കുക.
3. ഗുണനിലവാരമുള്ള പച്ചക്കറികൾ ലഭ്യമാക്കുന്നതിലൂടെ ഭക്ഷ്യ-പോഷക-ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുക.
4. കയറ്റുമതി ലക്ഷ്യമിട്ട് കട്ട് ഫ്ലവർ, ലൂസ് ഫ്ലവർ എന്നിവയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുക.
5. കർഷകന്റെ സാമ്പത്തിക നിലവാരവും ജീവിത നിലവാരവും മെച്ചപ്പെടുത്തുക.
6. കുറഞ്ഞ അദ്ധ്വാനം ഉപയോഗിച്ച് കൃഷി സാദ്ധ്യമാക്കുക.

(സി) സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ, സംസ്ഥാന കൃഷി വകുപ്പ്, കേരള കാർഷിക സർവ്വകലാശാല തുടങ്ങിയ ഏജൻസികളാണ് സഹകരിക്കുന്നത്.

(ഡി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുവാനായി ഭരണതലത്തിൽ എടുത്ത നടപടികൾ ചുവടെ ചേർക്കുന്നു :

- സംസ്ഥാന/ജില്ലാതല കമ്മിറ്റികൾ രൂപീകരിച്ചു.
- നിർമ്മാണ ഏജൻസികളുടെ വിവരങ്ങൾ കർഷകർക്ക് ലഭ്യമാക്കി.
- ആർക്ക് ജിസ് സോഫ്റ്റ്‌വെയർ മുഖേന പോളിഹൗസ് മോണിറ്ററിംഗ് സാദ്ധ്യമാക്കി.
- കർഷക കൂട്ടായ്മകൾ രൂപീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

കാർഷിക മേഖലയിലേക്ക് യുവജനങ്ങളെ ആകർഷിക്കുന്നതിന് പദ്ധതി

16 (*436) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക മേഖലയിലേക്ക് യുവജനങ്ങളെ ആകർഷിക്കുന്നതിനും പങ്കാളികളാക്കുന്നതിനുമുള്ള ഏതെങ്കിലും പദ്ധതി നിലവിലുണ്ടോ; വിശദമാക്കുമോ ;

(ബി) അത്തരമൊരു പദ്ധതി നിലവിലില്ലെങ്കിൽ അതിനുള്ള പദ്ധതി ആവിഷ്കരിച്ച് അതുപ്രകാരം ഉല്പാദിപ്പിക്കുന്ന വിഭവങ്ങൾ കയറ്റുമതി ചെയ്യുന്ന സംവിധാനംകൂടി ഏർപ്പെടുത്തി പദ്ധതി ആകർഷകമാക്കാനും കൂടുതൽ ചെറുപ്പക്കാരെ പദ്ധതിയിൽ പങ്കാളികളാക്കാനും നടപടി സ്വീകരിക്കുമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) ഉണ്ട്.

1. പോളിഹൗസ് കൃഷിരീതി (Hi-Tech Agriculture)

2012-13 വർഷം മുതൽ കൃഷി വകുപ്പ് സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ മുഖേന പോളീഹൗസ് കൃഷിക്ക് ധനസഹായം നൽകിവരുന്നു. ചുരുങ്ങിയ വിസ്തൃതിയിൽനിന്നും പരമാവധി ഉല്പാദനം ലഭ്യമാക്കുക എന്നതാണ് ഹൈടെക് കൃഷിരീതി കൊണ്ടുദ്ദേശിക്കുന്നത്. 400 മുതൽ 4000 sqm വരെ വിസ്തീർണ്ണമുള്ള പോളീഹൗസുകൾക്ക് 75 ശതമാനം വരെ ധനസഹായം നൽകിവരുന്നു. പഴം, പച്ചക്കറി, പുഷ്പകൃഷി എന്നിവയ്ക്കാണ് പോളീഹൗസ് കൃഷി അവലംബിക്കുന്നത്. ഹൈടെക് കൃഷിയിലൂടെ വിദ്യാസമ്പന്നരായ 930 യുവാക്കളെ കാർഷിക മേഖലയിലേക്ക് കൂടുതൽ ആകർഷിക്കാൻ സാധിച്ചിട്ടുണ്ട്.

2. അഗ്രോ സർവ്വീസ് സെന്റർ.

കൃഷി ലാഭകരമാക്കുന്നതിന് ആവശ്യം വേണ്ട ഉപാധികളായ നടീൽ വസ്തുക്കൾ, വളങ്ങൾ, ജൈവരാസകീടനാശിനികൾ, തൊഴിലാളികൾ എന്നിവയുടെ ലഭ്യത ഒരു കുടക്കീഴിലാക്കി കർഷകരെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ കൃഷിവകുപ്പ് നടപ്പിലാക്കിയ സ്ഥാപനങ്ങളാണ് കാർഷിക സേവന കേന്ദ്രങ്ങൾ അഥവാ അഗ്രോ

LIBRARY ARCHIVES Kerala Legislative Assembly

സർവ്വീസ് സെന്ററുകൾ. 14 ജില്ലകളിലായി 50 കേന്ദ്രങ്ങൾ ഇതുവരെ സ്ഥാപിച്ചിട്ടുണ്ട്. യുവാക്കൾക്ക് കാർഷിക മേഖലയിൽ പരമാവധി തൊഴിൽ സാദ്ധ്യത ഉറപ്പാക്കാൻ ഇതിലൂടെ കഴിയുന്നു. നിലവിൽ 750-ൽപ്പരം പേർ അംഗങ്ങളായി പ്രവർത്തിച്ചുവരുന്നു.

3. കർഷിക കർമ്മസേന

കർഷകർക്ക് യഥാസമയം കുറഞ്ഞ ചെലവിൽ മികച്ച സേവനം, ശാസ്ത്രീയമായ കൃഷിപ്പണികൾ എന്നിവ യന്ത്രവത്കരണത്തിലൂടെ ചെയ്ത് കൊടുക്കുന്നതിന് പഞ്ചായത്ത് തലത്തിൽ രൂപീകരിച്ച പരിശീലനംസിദ്ധിച്ച തൊഴിലാളികൾ അടങ്ങുന്ന ഒരു സംവിധാനമാണ് കാർഷിക കർമ്മസേന. തെരഞ്ഞെടുക്കപ്പെട്ട 200 പഞ്ചായത്തുകളിൽ കാർഷിക കർമ്മസേന രൂപീകരിച്ചിട്ടുണ്ട്. 18 വയസ്സ് തികഞ്ഞ കാർഷികവൃത്തി ചെയ്യാൻ താല്പര്യമുള്ള യുവതീയുവാക്കളെ കർമ്മസേനയിൽ അംഗങ്ങളാക്കുന്നു. ഓരോ കർമ്മസേനയ്ക്കും ആവശ്യമായ യന്ത്രസാമഗ്രികൾ, അംഗങ്ങൾക്ക് വേണ്ട പരിശീലനം എന്നിവ കൃഷിവകുപ്പ് നൽകിവരുന്നു. പദ്ധതി യുവാക്കൾക്ക് കൂടുതൽ തൊഴിലവസരം നൽകാൻ ഉപകരിക്കുന്നു.

4. എ.സി.എ.ബി.സി (അഗ്രി ക്ലിനിക്ക് ആന്റ് ബിസിനസ് സെന്റർ)

കാർഷിക ബിരുദധാരികളായ യുവാക്കൾക്ക് സ്വയം സംരംഭകരായി തൊഴിലധിഷ്ഠിത സേവനം ചെയ്യുന്നതുവഴി കർഷകരുടെയും നാടിന്റെയും കാർഷിക പുരോഗതി ലക്ഷ്യമിടുന്ന ഈ കേന്ദ്ര ഗവണ്മെന്റ് പദ്ധതി കാർഷിക അനുബന്ധ മേഖലകളിൽ വിജയകരമായി നടപ്പാക്കിവരുന്നു.

(ബി) മേൽപ്പറഞ്ഞ പദ്ധതികൾ നിലവിൽ നടപ്പിലാക്കുന്നതുവഴി അധികമായി ഉല്പാദിപ്പിക്കപ്പെടുന്ന വിഭവങ്ങൾ പഞ്ചായത്ത് തലത്തിൽ പ്രാദേശിക വിപണികളിലൂടെ വിറ്റഴിക്കപ്പെടുന്നുണ്ട്. അധിക ഉല്പാദനം ആവശ്യങ്ങൾക്ക് അനുസൃതമായി കയറ്റുമതി ചെയ്യുന്നതാണ്.

റിയൽ എസ്റ്റേറ്റ് രംഗത്തെ തട്ടിപ്പ് തടയാൻ നിയമനിർമ്മാണം

17 (*437) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റിയൽ എസ്റ്റേറ്റ് രംഗത്തെ തട്ടിപ്പ് തടയാൻ നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ രംഗത്ത് തട്ടിപ്പ് നടത്തുന്നവർക്ക് പ്രസ്തുത നിയമത്തിൽ എന്തെല്ലാം ശിക്ഷകളാണ് ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്;

(സി) ഫ്ലാറ്റുകൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ എന്നിവ അടക്കം കെട്ടിടങ്ങളുടെയും സ്ഥലങ്ങളുടെയും വിൽപ്പനയും നിർമ്മാണവും നിയമവിധേയമാക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് നിയമത്തിൽ ഉൾക്കൊള്ളിക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത നിയമനിർമ്മാണം സംബന്ധിച്ച പ്രക്രിയ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) :

(എ) റിയൽ എസ്റ്റേറ്റ് മേഖലയുടെ വികസനത്തിനും നിയന്ത്രണത്തിനും വേണ്ടി ഒരു റെഗുലേറ്ററി അതോറിറ്റി സ്ഥാപിക്കുന്നതിനും കുറ്റമറ്റതും സുതാര്യവുമായ രീതിയിൽ വസ്തുക്കളുടെ അല്ലെങ്കിൽ കെട്ടിടത്തിന്റെ അതതു സംഗതിപോലെ കൈമാറ്റം ഉറപ്പാക്കുന്നതിനും റിയൽ എസ്റ്റേറ്റ് മേഖലയിലെ ഉപഭോക്താക്കളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനും അതോറിറ്റിയുടെ തീരുമാനങ്ങളിൽനിന്നും നിർദ്ദേശങ്ങളിൽനിന്നും ഉത്തരവുകളിൽനിന്നുമുള്ള അപ്പീലുകൾ കേൾക്കുന്നതിന് ഒരു അപ്പലേറ്റ് ട്രൈബ്യൂണൽ സ്ഥാപിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതും അതിന് ആനുഷംഗികവുമായ മറ്റ് കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിലേക്ക് 2015-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ഓർഡിനൻസ് (2015-ലെ 7-ാം നമ്പർ ഓർഡിനൻസ്) 2015 മേയ് 4-ാം തീയതി ഗവർണ്ണർ വിളംബരപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത ഓർഡിനൻസിന്റെ 51-ാം വകുപ്പിന്റെ 1 മുതൽ 8 വരെ ഉപവകുപ്പുകളിൽ ഈ രംഗത്ത് തട്ടിപ്പ് നടത്തുന്നവർക്കുള്ള ശിക്ഷകളെപ്പറ്റി വ്യവസ്ഥ ചെയ്യുന്നുണ്ട്. 3-ാം വകുപ്പുപ്രകാരമുള്ള രജിസ്ട്രേഷനില്ലാതെ പ്രവർത്തിക്കുന്ന പ്രൊമോട്ടർക്ക് റിയൽ എസ്റ്റേറ്റ് പ്രോജക്ടിന്റെ എസ്റ്റിമേറ്റഡ് കോസ്റ്റിന്റെ പത്ത് ശതമാനം വരെയാകാവുന്ന പിഴയും 51(1)-ാം ഉപവകുപ്പ് പ്രകാരം പുറപ്പെടുവിച്ച ഉത്തരവ് പാലിക്കാതിരിക്കുകയോ മൂന്നാം വകുപ്പ് പ്രകാരമുള്ള കുറ്റം തുടരുകയോ ചെയ്താൽ മൂന്ന് വർഷം വരെയാകാവുന്ന തടവുശിക്ഷയോ വീണ്ടും റിയൽ എസ്റ്റേറ്റ് പ്രോജക്ടിന്റെ എസ്റ്റിമേറ്റ് കോസ്റ്റിന്റെ പത്ത് ശതമാനം വരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കാവുന്നതാണ് എന്ന വ്യവസ്ഥയും പ്രൊമോട്ടർ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാതിരുന്നാൽ റിയൽ എസ്റ്റേറ്റ് പ്രോജക്ടിന്റെ എസ്റ്റിമേറ്റഡ് കോസ്റ്റിന്റെ അഞ്ച് ശതമാനം വരെയാകാവുന്ന പിഴയും ഓർഡിനൻസിലെ മറ്റേതെങ്കിലും വ്യവസ്ഥകൾക്ക് വിപരീതമായി പ്രവർത്തിച്ചാൽ റിയൽ എസ്റ്റേറ്റ് പ്രോജക്ടിന്റെ

LIBRARY ARCHIVES Kerala Legislative Assembly

എസ്റ്റിമേറ്റഡ് കോസ്റ്റിന്റെ അഞ്ച് ശതമാനം വരെയാകാവുന്ന പിഴയും ഓർഡിനൻസിലെ എട്ട്, ഒമ്പത് വകുപ്പുകൾ പ്രകാരം രജിസ്റ്റർ ചെയ്യാതെ ഏതെങ്കിലും വസ്തുവോ കെട്ടിടമോ വിൽക്കുകയോ വാങ്ങുകയോ ചെയ്യുന്നതിനെ ഏതെങ്കിലും റിയൽ എസ്റ്റേറ്റ് ഏജന്റ് സ്വന്തം നിലയിലോ മറ്റേതെങ്കിലും വ്യക്തിക്കുവേണ്ടിയോ സഹായിക്കുകയോ ചെയ്താൽ അങ്ങനെയുള്ള ന്യൂനത തുടരുന്ന ഓരോ ദിവസത്തേക്കും പതിനായിരം രൂപാ വീതം ആകെ കെട്ടിടത്തിന്റെയോ വസ്തുവിന്റെയോ വിലയുടെ അഞ്ച് ശതമാനംവരെ ആകാവുന്ന പിഴശിക്ഷയും ഏതെങ്കിലും പ്രൊമോട്ടർ അതോറിറ്റിയുടെ ഉത്തരവോ നിർദ്ദേശമോ ലംഘിച്ചാൽ അങ്ങനെയുള്ള ന്യൂനത തുടരുന്ന ഓരോ ദിവസവും അയ്യായിരം രൂപാവീതം ആകെ റിയൽ എസ്റ്റേറ്റ് കോസ്റ്റിന്റെ അഞ്ച് ശതമാനം വരെയാകാവുന്ന പിഴശിക്ഷയും അപ്പലേറ്റ് അതോറിറ്റിയുടെ ഉത്തരവോ തീരുമാനമോ നിർദ്ദേശമോ ലംഘിച്ചാൽ അങ്ങനെയുള്ള ന്യൂനത തുടരുന്ന ഓരോ ദിവസവും പതിനായിരം രൂപാവീതം ആകെ റിയൽ എസ്റ്റേറ്റ് പ്രോജക്ട് കോസ്റ്റിന്റെ പത്ത് ശതമാനംവരെയാകാവുന്ന പിഴശിക്ഷയും നൽകുന്നതിന് ഓർഡിനൻസ് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) കെട്ടിടങ്ങളുടെയും വസ്തുക്കളുടെയും വില്പനയും നിർമ്മാണവും നിയമ വിധേയമാക്കാൻ റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിയിൽ രജിസ്റ്റർ ചെയ്യാത്ത ഏതെങ്കിലും റിയൽ എസ്റ്റേറ്റ് പ്രോജക്ടോ അതിന്റെ ഭാഗമോ ഏതെങ്കിലും കെട്ടിടമോ വസ്തുവോ ഏതെങ്കിലും രീതിയിൽ വാങ്ങുന്നതിന് പ്രൊമോട്ടർ ആളുകളെ ക്ഷണിക്കുവാനോ വില്പനയ്ക്കായി വാഗ്ദാനം ചെയ്യുവാനോ വിൽക്കുവാനോ പാടുള്ളതല്ല എന്ന് ഓർഡിനൻസിലെ മൂന്നാം വകുപ്പ് വ്യവസ്ഥ ചെയ്യുന്നു. ഈ ഓർഡിനൻസിലെ വ്യവസ്ഥകളോ അതിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങളോ റെഗുലേഷനോ പ്രൊമോട്ടർ ലംഘിക്കുകയാണെങ്കിൽ നാലാം വകുപ്പുപ്രകാരം അനുവദിച്ച രജിസ്ട്രേഷൻ റദ്ദാക്കുമെന്ന് പ്രസ്തുത ഓർഡിനൻസിന്റെ ആറാം വകുപ്പിൽ വ്യവസ്ഥ ചെയ്യുന്നു. യാതൊരു റിയൽ എസ്റ്റേറ്റ് ഏജന്റുമാരും മൂന്നാം വകുപ്പുപ്രകാരമുള്ള രജിസ്ട്രേഷൻ നടത്താതെ പ്രോജക്ടിലോ അതിന്റെ ഭാഗത്തോ ഉള്ള ഏതെങ്കിലും പ്ലോട്ടോ കെട്ടിടമോ വില്പന നടത്തുന്നതിനോ വാങ്ങുന്നതിനോ സൗകര്യമൊരുക്കുവാനോ വില്പനയോ വാങ്ങലോ നടത്തുന്നതിനുവേണ്ടി ഏതെങ്കിലും ആളിന് വേണ്ടി പ്രവർത്തിക്കുവാനോ പാടുള്ളതല്ല എന്ന് ഓർഡിനൻസിന്റെ എട്ടാം വകുപ്പ് വ്യവസ്ഥ ചെയ്യുന്നു.

(ഡി) 2015-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ഓർഡിനൻസ് (2017-ലെ 7-ാം നമ്പർ ഓർഡിനൻസ്) 2015 മേയ് നാലാം തീയതി ഗവർണ്ണർ വിളംബരപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ്, വയനാട് ജില്ലകളിലെ കാർഷിക പാക്കേജുകൾ

18 (*438) ശ്രീ. ആർ. രാജേഷ് :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ്, വയനാട് ജില്ലകളിലെ കാർഷിക പാക്കേജുകളുടെ നിലവിലെ സ്ഥിതിയെന്തെന്ന് അറിയിക്കാമോ ;

(ബി) ഇവയിൽ ഏതിന്റെയൊക്കെ കാലാവധി അവസാനിച്ചുവെന്നറിയിക്കാമോ ;

(സി) കാലാവധി നീട്ടിക്കിട്ടുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഡി) പ്രസ്തുത പാക്കേജുകളുടെ നടത്തിപ്പിനെ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; എന്തെല്ലാം പോരായ്മകളാണ് പ്രസ്തുത പാക്കേജുകളുടെ നടത്തിപ്പിൽ വന്നിട്ടുള്ളതെന്ന് അറിയിക്കാമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) കാസർഗോഡ് പാക്കേജിൽ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിൽ 125 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി വികസന പദ്ധതി 2015-16 സാമ്പത്തിക വർഷം നടപ്പിലാക്കുന്നതിന് 15 ലക്ഷം രൂപ അടങ്കൽ തുകയുള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

വയനാട് ജില്ലയിൽ നടപ്പിലാക്കുന്നതിനായി സർക്കാർ പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ ഉല്പാദനത്തിലും ഉല്പാദനക്ഷമതയിലുമുള്ള ഇടിവ്, വിലത്തകർച്ച, പരിസ്ഥിതി പ്രശ്നങ്ങൾ എന്നിവമൂലം പ്രതിസന്ധിനേരിടുന്ന വയനാട് ജില്ലയിലെ കാർഷിക മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി പ്ലാൻ പദ്ധതിയിലുൾപ്പെടുത്തി 2012-13 സാമ്പത്തിക വർഷം മുതൽ വയനാട് പാക്കേജ് എന്ന പേരിൽ ഒരു സംസ്ഥാനാവിഷ്കൃത പദ്ധതി നടപ്പിലാക്കിവരുന്നു. 2015-16 സാമ്പത്തിക വർഷത്തിലും ഇത് തുടർ പദ്ധതിയായി നടപ്പിലാക്കിവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കാസർഗോഡ് പാക്കേജിന്റെ കാലാവധി അവസാനിച്ചിട്ടില്ല

വയനാട് പാക്കേജ് പദ്ധതി ഒരു തുടർ പദ്ധതിയായി നടപ്പ് സാമ്പത്തിക വർഷവും നടപ്പിലാക്കിവരുന്നു.

(സി) ബാധകമല്ല.

(ഡി) കാസർഗോഡ് ജില്ലയിൽ ഉൾപ്പെട്ട പദ്ധതികൾ (പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ട് പ്രകാരം നടപ്പിലാക്കുന്ന പദ്ധതികൾ) വിലയിരുത്തുന്നതിനായി ജില്ലാ കളക്ടർ ചെയർമാനും ജില്ലാ പ്ലാനിംഗ് ഓഫീസർ കൺവീനറും ജില്ലാ പഞ്ചായത്ത് സെക്രട്ടറി, കളക്ടറേറ്റിലെ ഫിനാൻസ് ഓഫീസർ എന്നിവർ അംഗങ്ങളുമായി ഒരു ജില്ലാതല സ്റ്റിയറിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

വയനാട് പാക്കേജ് പദ്ധതിയെ സംബന്ധിച്ച് കൃഷി ഡയറക്ടറേറ്റ്തലത്തിൽ കാലാകാലങ്ങളിൽ വിലയിരുത്തൽ നടത്താറുണ്ട്. ഇതിൽ പോരായ്മകളൊന്നും കണ്ടെത്തിയിട്ടില്ല.

വയോജന കമ്മീഷൻ

19 (*439) ശ്രീ. കെ. രാജു :
ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വയോജന കമ്മീഷൻ രൂപീകരിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) വയോജനങ്ങളുമായി ബന്ധപ്പെട്ട കേസ്സുകളും പരാതികളും കൈകാര്യം ചെയ്യുന്നതിന് ജുഡീഷ്യൽ അധികാരമുള്ള കമ്മീഷനെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(സി) പ്രസ്തുത കമ്മീഷന്റെ പ്രവർത്തനലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) മുതിർന്ന പൗരൻമാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിലേക്കായി ഒരു പ്രത്യേക റെഗുലേറ്ററി ബോർഡ് രൂപീകരിക്കുന്നത് സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിനായി ഹൈക്കോടതിയിലെ സീനിയർ അഡ്വക്കേറ്റ് ശ്രീ. വി. കെ. ബീരാനെ സ്പെഷ്യൽ ഓഫീസറായി സ.ഉ. (എംഎസ്.) 34/2015/സാ.നീ.വ. തീയതി 21-5-2015 പ്രകാരം ഉത്തരവായിട്ടുണ്ട്.

നാളികേര സംഭരണം

20 (*440) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷിഭവനുകൾവഴി പച്ചത്തേങ്ങ സംഭരണത്തിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കാമോ ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ;

(ഡി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദമാക്കാമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) ഉണ്ട്. സംസ്ഥാനത്ത് 1-1-2013 മുതൽ കൃഷിഭവനുകൾവഴി കേരഫെഡിന്റെ സഹകരണത്തോടെ പച്ചത്തേങ്ങ സംഭരണ പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) നാളികേര വിലയിടിവിൽനിന്നും കേരകർഷകരെ സംരക്ഷിക്കുകയും സംഭരണ പദ്ധതിയുടെ പ്രയോജനം നേരിട്ട് കർഷകർക്ക് എത്തിക്കുകയുമാണ് ഉദ്ദേശ്യ ലക്ഷ്യം.

(സി) കൃഷിവകുപ്പും കേരഫെഡും സംയുക്തമായിട്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാനത്തെ തെരഞ്ഞെടുത്ത കൃഷിഭവനുകൾവഴി കർഷകരിൽനിന്നും പച്ചനാളികേരം സംഭരിച്ച് കേരഫെഡിന് കൈമാറുന്നു. കേരഫെഡ് ഈ നാളികേരം സംസ്കരിച്ച് കൊപ്രയാക്കി മാറ്റുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാനത്തെ പത്ത് ജില്ലകളിലെ തെരഞ്ഞെടുത്ത കൃഷിഭവനുകളിലൂടെയാണ് പച്ചനാളികേര സംഭരണ പദ്ധതി നടപ്പിലാക്കുന്നത്. കേരഫെഡിന്റെ സഹകരണത്തോടെ നടപ്പാക്കുന്ന ടി പദ്ധതിക്കായി 2012-13-ൽ കൃഷിവകുപ്പിന്റെ മാർക്കറ്റ് ഇന്റർവെൻഷൻ പദ്ധതിപ്രകാരം 2100 ലക്ഷം രൂപ കേരഫെഡിന് നൽകിയിട്ടുണ്ട്. കൂടാതെ 2014-15-ൽ പ്രത്യേക ധനസഹായമായി 144.25 ലക്ഷം രൂപയും പദ്ധതിക്കായി കേരഫെഡിന് നൽകിയിരുന്നു. ആഴ്ചയിൽ രണ്ട് ദിവസമാണ് കൃഷിഭവനുകളിൽ സംഭരണം നടത്തുന്നത്. സംഭരണ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി പ്രസ്തുത കൃഷിഭവനുകളിൽ ഓരോ അക്കൗണ്ടന്റിനെയും രണ്ട് തൊഴിലാളികളെയും കേരഫെഡ് നിയമിച്ചിട്ടുണ്ട്. കൂടാതെ സംഭരണ പരിപാടികൾക്ക് മേൽനോട്ടം വഹിക്കാൻ കൃഷിവകുപ്പിൽനിന്നും ഉദ്യോഗസ്ഥരെ കേരഫെഡിലേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്.

വിവാഹധൂർത്ത് തടയാൻ നടപടി

21 (*441) ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. വി. ശശി :
ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ആഡംബര വിവാഹങ്ങളും ധൂർത്തും നിയന്ത്രിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) വിവാഹ ധൂർത്തിനെതിരായുള്ള വനിതാ കമ്മീഷന്റെ നിവേദനം ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ നിവേദനത്തിലെ നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ-സി) ആഡംബര വിവാഹം ഒഴിവാക്കുന്നത് സംബന്ധിച്ച് കേരള വനിതാ കമ്മീഷൻ ചുവടെ ചേർക്കുംപ്രകാരം ശിപാർശ സമർപ്പിച്ചിട്ടുണ്ട് :

1. വിവാഹങ്ങളിലെ ആർഭാടം നിയന്ത്രിക്കേണ്ടത് അത്യാവശ്യമാണ്. അത് നിയമനിർമ്മാണത്തിന്റെ ബലത്തോടുകൂടിമാത്രമേ സാദ്ധ്യമാകുകയുള്ളൂ എന്നതിനാൽ വിവാഹങ്ങളിലെ ധൂർത്തും ആർഭാടവും നിയന്ത്രിക്കാൻ നിയമനിർമ്മാണം നടത്തണം.

LIBRARY ARCHIVES Kerala Legislative Assembly

2. വിവാഹത്തോടനുബന്ധിച്ച് ഇന്ന് ഒന്നിൽക്കൂടുതൽ ചടങ്ങുകൾ നടത്തപ്പെടുന്നുണ്ട്. അത് ഒന്ന് മാത്രമായി ചുരുക്കി നിശ്ചയിക്കണം.

3. വിവാഹനിശ്ചയത്തിനും ഒന്നിൽക്കൂടുതൽ ചടങ്ങുകൾ നടത്തുന്ന സ്ഥിതിയുണ്ട്. ഇതും ഒരു ചടങ്ങ് മാത്രമായി നിജപ്പെടുത്തണം.

4. വിവാഹനിശ്ചയത്തിനും വിവാഹത്തിനും ക്ഷണിക്കപ്പെടുന്ന അതിഥികളുടെ എണ്ണം നിയന്ത്രിക്കണം. വിവാഹനിശ്ചയത്തിന് ഇത് അമ്പത് കുടുംബാംഗങ്ങളെന്നും (വരന്റെയും വധുവിന്റെയും ഭാഗത്തുനിന്നും 25 പേർ വീതം) വിവാഹത്തിന് 250 എന്നും (വരന്റെയും വധുവിന്റെയും ഭാഗത്തുനിന്ന് 125 പേർ വീതം) എന്നും നിശ്ചയിക്കാവുന്നതാണ്.

5. വിവാഹത്തോടനുബന്ധിച്ചുണ്ടാകുന്ന ഓരോയിനം ചെലവുകളും നിയന്ത്രണ വിധേയമാക്കണം. ഓരോയിനത്തിലും എത്ര രൂപവരെ ചെലവാക്കാമെന്നത് താഴെ സൂചിപ്പിക്കുന്നു.

(എ) വിവാഹക്ഷണക്കത്ത് ഒരെണ്ണത്തിന് 25 രൂപവരെ

(ബി) വിവാഹപ്പന്തൽ/ആഡിറ്റോറിയം വാടക അമ്പതിനായിരം രൂപവരെ

ഇതിൽക്കൂടുതൽ ചെലവാക്കിയാൽ കൂടുതലാകുന്ന തുകയ്ക്ക് സമാനമായ തുക പെനാൽറ്റിയായി സർക്കാരിലേക്ക് അടയ്ക്കണം.

(സി) വിവാഹപ്പന്തൽ/ആഡിറ്റോറിയം അലങ്കാരങ്ങളും വിവാഹമണ്ഡപത്തിലെ ചടങ്ങുകളും അമ്പതിനായിരം രൂപവരെ

(ഡി) വിവാഹസദ്യ ഒരാൾക്ക് 150 രൂപവരെ

(ഇ) വധുവിന്റെ വസ്ത്രങ്ങൾക്ക് ഇരുപതിനായിരം രൂപവരെ

(എഫ്) വരന്റെ വസ്ത്രങ്ങൾക്ക് പതിനയ്യായിരം രൂപവരെ

(ജി) വധുവിന് സ്വർണ്ണാഭരണങ്ങൾ പത്ത് പവൻ വരെ.

(എച്ച്) വരന് സ്വർണ്ണാഭരണങ്ങൾ (താലിമാല അടക്കം) അഞ്ച് പവൻ വരെ.

6. വിവാഹച്ചെലവുകൾ സംബന്ധിച്ച് വരന്റെ ഭാഗത്തുനിന്നും വധുവിന്റെ ഭാഗത്തുനിന്നും ഡിക്ലറേഷൻ ഫയൽ ചെയ്യുന്നതിന് നിയമം അനുശാസിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

7. വിവാഹത്തിന്റെ ചെലവുകൾ ഉദ്ദേശം നിജപ്പെടുത്തി അത് സംബന്ധിച്ച ഡിക്ലറേഷൻ വിവാഹം നടത്തിക്കൊടുക്കുന്ന മതാചാര്യൻ നൽകണമെന്ന് അനുശാസിക്കണം.

8. വിവാഹങ്ങൾ ലളിതമായി നടത്തുന്നതിന് ബോധവൽക്കരണം നടത്താൻ പഞ്ചായത്ത് തലത്തിൽ സമിതികൾ രൂപീകരിക്കണം.

9. നിയമത്തിൽ അനുശാസിക്കുന്നതിനേക്കാൾ കൂടുതൽ ചെലവാക്കിക്കൊണ്ട് ആർഭാടപൂർണ്ണമായി വിവാഹം നടത്തുന്നവരിൽനിന്ന് മൊത്തം ചെലവിന്റെ 25% പിഴയായി സർക്കാർ ഈടാക്കുന്നതിന് നിയമത്തിൽ വകപ്പുകൾ ഉണ്ടാകണം.

10. പൊന്നും പട്ടും ഉണ്ടായാലേ വിവാഹം ആകുന്നുള്ളൂ തുടങ്ങിയ രീതിയിലുള്ള പരസ്യങ്ങൾ നിരോധിക്കണം.

കേരള വനിതാ കമ്മീഷൻ ശിപാർശ പ്രകാരം ആർഭാട വിവാഹങ്ങളും വിവാഹങ്ങളോടനുബന്ധിച്ചുള്ള ധൂർത്തും നിയന്ത്രിക്കേണ്ടത് അനിവാര്യമാണ്. എന്നാൽ ആയത് പൗരന്റെ അവകാശങ്ങളിന്മേലുള്ള നിയന്ത്രണമാണെന്ന് മാത്രമല്ല പലതും ഭരണഘടന അനുശാസിക്കുന്ന മൗലികാവകാശങ്ങളുടെ ലംഘനമാകാം എന്നതുകൊണ്ട് പൗരന്റെ അവകാശങ്ങളിന്മേലുള്ള കടന്നുകയറ്റങ്ങൾ സാധാരണ കോടതികൾ അനുവദിക്കാറില്ല. ആയതിനാൽ പ്രസ്തുത നിയന്ത്രണങ്ങൾ ശരിയാം വിധമല്ലാതെയായാൽ അങ്ങനെയുള്ള ഏത് നിയമവും ഉത്തരവുകളും സർക്കുലറുകളും കോടതിയിൽ ചോദ്യം ചെയ്യപ്പെടാനിടയുണ്ട്. ഈ സാഹചര്യത്തിൽ വിവാഹ ധൂർത്തിനെതിരെ നിയമനിർമ്മാണം നടത്തുന്നതിന് മുമ്പ് നാനാജനവിഭാഗങ്ങൾക്ക് ബോധവൽക്കരണം നടത്തുകയാണ് ആദ്യം വേണ്ടതെന്നതിനാൽ മതമേലദ്ധ്യക്ഷന്മാരുമായും രാഷ്ട്രീയ കക്ഷികളുമായും സാമൂഹ്യ പ്രസ്ഥാനങ്ങളുമായും ഇത് സംബന്ധിച്ച് ഒരു സമവായത്തിലെത്തുകയും പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെ ഇത് സംബന്ധിച്ച് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും ബോധവൽക്കരണവും പൊതുജനങ്ങൾക്ക് നൽകുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിക്കാൻ സാമൂഹ്യനീതി ഡയറക്ടർക്കും കേരള വനിതാ കമ്മീഷൻ മെമ്പർ സെക്രട്ടറിക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കർഷക കടാശ്വാസ കമ്മീഷൻ

22 (*442) ശ്രീ. എം. ഹംസ :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കമ്മീഷന്റെ കാലാവധി നീട്ടിക്കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) കടാശ്വാസത്തിനായി കമ്മീഷനിൽ ലഭിക്കുന്ന പരാതികൾ സമയബന്ധിതമായി തീർപ്പാക്കപ്പെടുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച് വിശദാംശങ്ങൾ നൽകാമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) 2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്ട് അനുശാസിക്കുന്ന തരത്തിൽ കമ്മീഷന്റെ പ്രവർത്തനം വിലയിരുത്തുകയും അതത് വർഷത്തെ വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും നിയമസഭ മുമ്പാകെ സമർപ്പിക്കുകയും ചെയ്യുന്നുണ്ട്.

(ബി) 25-4-2015-ലെ സ.ഉ.(പി) നമ്പർ 159/2015/റവ. ഉത്തരവ് പ്രകാരം കാർഷിക കടാശ്വാസ കമ്മീഷന്റെ കാലാവധി 2015 മേയ് 21-ാം തീയതി മുതൽ മൂന്ന് വർഷത്തേക്ക് ദീർഘിപ്പിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) കർഷക കടാശ്വാസ കമ്മീഷൻ മുമ്പാകെ ലഭിക്കുന്ന അപേക്ഷകൾ തീർപ്പാക്കുന്നതിന് 2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്ട്, 2007-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ചട്ടങ്ങൾ എന്നിവയിൽ പ്രത്യേക സമയപരിധി നിശ്ചയിച്ചിട്ടില്ലാത്തതാകുന്നു. കടാശ്വാസം ലഭിക്കുന്നതിനായി കർഷകർ നൽകിയിട്ടുള്ള അപേക്ഷകളിൽ കർഷകരെയും ബന്ധപ്പെട്ട സഹകരണ ബാങ്കിന്റെ പ്രതിനിധിയെയും കേട്ടതിനുശേഷമാണ് കമ്മീഷൻ കടാശ്വാസം ശിപാർശ ചെയ്യുന്നത്. കമ്മീഷൻ

LIBRARY ARCHIVES Kerala Legislative Assembly

മുമ്പാകെ നാളിതുവരെ ലഭിച്ചിട്ടുള്ള അപേക്ഷകളിൽ 90 ശതമാനത്തോളം തീർപ്പാക്കിയിട്ടുണ്ട്. ബാക്കിയുള്ളവ അടിയന്തരമായി തീർപ്പാക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കരാറുകാരുടെ കുടിശ്ശിക

23 (*443) ശ്രീ. എളമരം കരീം :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കരാറുകാരുടെ കുടിശ്ശിക തീർക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ധനസഹായം പ്രഖ്യാപിക്കുന്നതിന് തയ്യാറാകുമോ ;

(ബി) പ്രസ്തുത കരാറുകാരുടെ കുടിശ്ശിക തീർക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീ. ഡോ. എം. കെ. മുനീർ) :

(എ&ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി ചെലവുകൾക്കായി മാത്രം 2015-16 ബഡ്ജറ്റിൽ 4800 കോടി രൂപ വകകൊള്ളിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം മുതൽ മൂന്ന് തവണകളായാണ് ഇത് അനുവദിച്ച് വിതരണം ചെയ്യുന്നത്. ആദ്യത്തെ തവണയായി 1131,94,53,002 (ആയിരത്തി ഒരുന്നൂറ്റി മുപ്പത്തൊന്ന് കോടി തൊണ്ണൂറ്റി നാല് ലക്ഷത്തി അമ്പത്തി മൂവായിരത്തി രണ്ട് രൂപ മാത്രം) 2015 മേയ് 19-ന് അനുവദിച്ച് നൽകിയിട്ടുണ്ട്. കരാറുകാരുടെ കുടിശ്ശിക ഈ തുകയിൽനിന്നും കണ്ടെത്താവുന്നതാണ്.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി നടത്തിപ്പും സാമ്പത്തിക പ്രതിസന്ധിയും

24 (*444) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ ഇതുവരെയുള്ള നടത്തിപ്പ് അവലോകനം നടത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നടപ്പ് പഞ്ചവത്സര പദ്ധതിയിലെ ഇതുവരെയുള്ള വാർഷിക പദ്ധതികളുടെ ചെലവ് തൃപ്തികരമാണോ ;

(സി) ഈ കാലയളവിൽ പ്രഖ്യാപിക്കപ്പെട്ട വൻകിട പദ്ധതികൾ ഏതെങ്കിലും പൂർത്തീകരിക്കപ്പെട്ടിട്ടുണ്ടോ ;

(ഡി) ഈ കാലയളവിൽ സംസ്ഥാനത്തുണ്ടായ സാമ്പത്തിക പ്രതിസന്ധി പദ്ധതി നടത്തിപ്പിനെ ഏതൊക്കെരീതിയിൽ ബാധിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

(എ) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ ഇതുവരെയുള്ള നടത്തിപ്പ് അവലോകനം നടത്തിയിട്ടുണ്ട്.

(ബി) അതെ.

(സി) പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിയിൽ പ്രഖ്യാപിക്കപ്പെട്ട വൻകിട പദ്ധതികളിൽ നാഷണൽ ഗെയിംസ് നടത്തിപ്പ് പൂർത്തീകരിച്ചിട്ടുണ്ട്. മറ്റ് പദ്ധതികൾ തൃപ്തികരമായി പുരോഗമിക്കുന്നു.

(ഡി) ഈ കാലയളവിലുണ്ടായ സാമ്പത്തിക പ്രതിസന്ധി പദ്ധതി നടത്തിപ്പിനെ ബാധിച്ചിട്ടില്ല. സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ നിന്നുകൊണ്ടും ലഭ്യമാകാൻ സാദ്ധ്യതയുള്ള വരുമാനത്തിൽ നിന്നുകൊണ്ടുമാണ് പദ്ധതികൾ വിഭാവന ചെയ്യുന്നത്.

നേഴ്സിംഗ് ജോലിക്കായുള്ള റിക്രൂട്ട്മെന്റിലെ തട്ടിപ്പ്

25 (*445) ശ്രീ. പി. എ. മാധവൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശ രാജ്യങ്ങളിലേക്കുള്ള നേഴ്സുമാരുടെ റിക്രൂട്ട്മെന്റിലെ തട്ടിപ്പുതടയുന്നതിനുള്ള നടപടികൾക്ക് രൂപം നൽകിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്;

(ഡി) ഇതുനടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

(എ) ഉണ്ട്.

(ബി&സി) നേഴ്സിംഗ് മേഖലയിലെ സ്വകാര്യ ഏജൻസികൾവഴിയുള്ള റിക്രൂട്ട്മെന്റിൽ വ്യാപകമായ ചൂഷണം ശ്രദ്ധയിൽപ്പെട്ടതുകൊണ്ടും വിദേശരാജ്യങ്ങളിലേക്ക് തൊഴിൽതേടി പോകുന്ന ഇന്ത്യൻ നേഴ്സുമാരുടെ സുരക്ഷിതത്വം മുൻനിർത്തിയും വിദേശരാജ്യങ്ങളിലെ തൊഴിൽ ചൂഷണവും പീഡനവും തടയുകയെന്ന ഉദ്ദേശ്യലക്ഷ്യത്തോടെയും കേന്ദ്ര സർക്കാർ 12-3-2015-ലെ F.OI - 11012/10/2013 -EP നമ്പർ ഉത്തരവ് പ്രകാരം ഇന്ത്യൻ നേഴ്സുമാരുടെ റിക്രൂട്ട്മെന്റ് കേരള സർക്കാർ ഏജൻസികളായ നോർക്ക - റൂട്ട്സ്, ഒ.ഡി.ഇ.പി.സി., തമിഴ്നാട് സർക്കാരിന്റെകീഴിലെ ഓവർസീസ് മാൻപവർ കോർപ്പറേഷൻ ലിമിറ്റഡ് എന്നിവവഴി മാത്രമായി പരിമിതപ്പെടുത്തി ഉത്തരവിറക്കുകയുണ്ടായി. 18 ഇ.ആർ.സി. രാജ്യങ്ങളിലേക്ക് തൊഴിൽതേടി പോകുന്ന ഇന്ത്യൻ നേഴ്സുമാർക്ക് കേന്ദ്ര സർക്കാരിന്റെ പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സ് ഓഫീസിൽനിന്നും എമിഗ്രേഷൻ ക്ലിയറൻസും 31-5-2015 മുതൽ നിർബന്ധമാക്കിയിട്ടുണ്ട്.

. കൂടാതെ കേന്ദ്ര പ്രവാസികാര്യ മന്ത്രാലയം വിദേശ റിക്രൂട്ട്മെന്റിൽ സുതാര്യത ഉറപ്പാക്കുന്നതിന് ഇ-മൈഗ്രേറ്റ് എന്ന ഓൺലൈൻ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയുമായി നിലവിൽ വിദേശ തൊഴിൽ ദാതാക്കൾ, അതാത് രാജ്യങ്ങളിലെ ഇന്ത്യൻ എംബസി, സർക്കാർ റിക്രൂട്ട്മെന്റ് ഏജൻസികളായ നോർക്ക-റൂട്ട്സ്, ഒ.ഡി.ഇ.പി.സി., ഓവർസീസ് മാൻപവർ കോർപ്പറേഷൻ, അതാത് പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സ് ഓഫീസുകൾ എന്നിവരാണ് ഇ-മൈഗ്രേറ്റ് ഓൺലൈൻ സംവിധാനത്തിലൂടെ നേഴ്സിംഗ് റിക്രൂട്ട്മെന്റുമായി സഹകരിക്കുന്നത്.

(ഡി) നേഴ്സിംഗ് വിസ ലഭിച്ചവർക്ക് പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സ് ഓഫീസുകളിൽ നിന്നും എമിഗ്രേഷൻ ക്ലിയറൻസ് നിർബന്ധമാക്കിയ വ്യവസ്ഥ കാരണം വിസ ലഭിച്ച അനേകം നേഴ്സുമാർക്ക് വിദേശത്ത് പോകാനാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് പ്രസ്തുത വിഷയം കേന്ദ്ര പ്രവാസികാര്യ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും 30-4-2015-ന് മുൻപുവരെ എമിഗ്രേഷൻ ക്ലിയറൻസ് ആവശ്യമില്ലായെന്ന

LIBRARY ARCHIVES Kerala Legislative Assembly

വ്യവസ്ഥ 30-5-2015 വരെ ഒരു മാസത്തേക്ക് കൂടി ദീർഘിപ്പിച്ചുകൊണ്ട് കേന്ദ്ര സർക്കാർ ഉത്തരവ് ഇറക്കുകയും ചെയ്തിട്ടുണ്ട്. ഇതിന് പുറമെ 30-5-2015-ന് മുൻപ് റിക്രൂട്ട്മെന്റ് നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത തീയതിക്ക് മുൻപും ശേഷവും വിസ ലഭിച്ചവരേയും എമിഗ്രേഷൻ ക്ലിയറൻസ് വേണമെന്ന നിബന്ധനയിൽനിന്നും ഒഴിവാക്കണമെന്നും സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാരിന്റെ ഉത്തരവിന്റെ വെളിച്ചത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി 24-3-2015-ൽ യോഗം വിളിച്ചുകൂട്ടുകയും നേഴ്സിംഗ് റിക്രൂട്ട്മെന്റ് സുഗമമായി നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ നോർക്ക-റൂട്ട്സിനെയും ഒ.ഡി.ഇ.സി.-യെയും ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

വിദേശ തൊഴിൽദാതാക്കൾ സർക്കാർ ഏജൻസികൾവഴി റിക്രൂട്ട്മെന്റ് നടത്തുന്നതിനായി അതാത് രാജ്യങ്ങളിലെ ഇന്ത്യൻ എംബസികൾ വിദേശ സർക്കാരുമായി ചർച്ച നടത്തണമെന്ന ആവശ്യം സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

കേന്ദ്ര ബഡ്ജറ്റ് വിഹിതത്തിലെ കുറവ്

26 (*446) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. പാലോട് രവി :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ബഡ്ജറ്റ് വിഹിതം കുറച്ചതിന് എതിരെ എന്തെല്ലാം കാര്യങ്ങളാണ് സംസ്ഥാനം കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത് ;

(ബി) ഏതെല്ലാം മേഖലകളിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള കേന്ദ്രവിഹിതമാണ് വെട്ടിക്കുറച്ചിട്ടുള്ളത് ;

(സി) 'നീതി ആയോഗ്' യോഗത്തിൽ ഇതിനെക്കുറിച്ചും കേന്ദ്രാവിഷ്കൃത പദ്ധതികൾ പരിഷ്കരിക്കുന്നതിനെക്കുറിച്ചും എന്തെല്ലാം പ്രശ്നങ്ങളും നിർദ്ദേശങ്ങളുമാണ് ഉന്നയിച്ചിട്ടുള്ളത് ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

LIBRARY ARCHIVES Kerala Legislative Assembly

(എ) കേന്ദ്ര ബഡ്ജറ്റ് 2015-16-ൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ രണ്ട് തരത്തിലുള്ള വെട്ടിക്കുറച്ചിലുകളാണ് വരുത്തിയിട്ടുള്ളത്.

1. കേന്ദ്രാവിഷ്കൃത പദ്ധതിയിൽ മുൻ വർഷത്തെ അപേക്ഷിച്ച് ഭീമമായ കുറവ്.

2. കേന്ദ്രാവിഷ്കൃത പദ്ധതിയിൽ കേന്ദ്രത്തിന്റെ വിഹിതത്തിൽ വന്ന കുറവ്.

സംസ്ഥാന സർക്കാർ ഇതിനെതിരെ നിലപാടെടുത്തിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പുനഃക്രമീകരണത്തിനായുള്ള മുഖ്യമന്ത്രിമാരുടെ ഉപസമിതി ഈ റിപ്പോർട്ട് പരിഗണിച്ചിരിക്കുന്നതിനാൽ അന്തിമ റിപ്പോർട്ട് ലഭ്യമായതിനുശേഷമേ പൂർണ്ണവിവരം ലഭ്യമാകുകയുള്ളൂ.

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികൾ പുനഃക്രമീകരിക്കുന്നതിനുള്ള റിപ്പോർട്ട് കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. എന്നാൽ താഴെപ്പറയുന്ന മേഖലകളിൽ കേന്ദ്ര വിഹിതത്തിന്റെ ഘടനയിൽ മാറ്റം വരുത്താൻ കേന്ദ്ര സർക്കാർ ഉദ്ദേശിക്കുന്നു :

<u>മേഖലകൾ</u> : കൃഷിയും ബന്ധപ്പെട്ട സർവ്വീസുകളും (ആർ.കെ.വി.വൈ., എൻ.എച്ച്.എം.) ഗ്രാമവികസനം (ഐ.എ.വൈ., എൻ.ആർ.എൽ.എം., സ്വച്ഛ് ഭാരത്, ഐ.ഡബ്ല്യൂ.എം.പി.), ജലസേചനവും വെള്ളപ്പൊക്ക നിയന്ത്രണവും (എൻ.ആർ.ഡി. ഡബ്ല്യൂ.പി., എ.ഐ.ബി.പി.), സാമൂഹ്യവും സാമൂഹ്യസേവനപരവുമായ സർവ്വീസുകളും (എസ്.എസ്.എ., ·എം.ഡി.എം.) എന്നീ മേഖലകളിലാണ് സാമ്പത്തിക ഘടനയിൽ മാറ്റം വരുത്തിയിട്ടുള്ളത്.

(സി) സംസ്ഥാന സർക്കാർ കേന്ദ്രാവിഷ്കൃത പദ്ധതികളെ "31 അംബ്രല്ലാ" പദ്ധതികൾ ആക്കുന്നതിലേക്ക് ആവശ്യപ്പെട്ടിട്ടുണ്ട്. (പട്ടിക അനുബന്ധമായി ചേർക്കുന്നു)* കേന്ദ്രാവിഷ്കൃത പദ്ധതികൾ പുനഃക്രമീകരിക്കുന്നതിനുള്ള മുഖ്യമന്ത്രിമാരുടെ ഉപസമിതിയുടെ കരട് റിപ്പോർട്ടിന്മേൽ ചുവടെ പറയുന്ന അഭിപ്രായങ്ങൾ സമർപ്പിച്ചിട്ടുണ്ട് :

1. <u>ധനവിനിയോഗം</u>

14-ാം ധനകാര്യ കമ്മീഷൻ ഫണ്ട് വിനിയോഗിക്കുന്നതിന് സംസ്ഥാനങ്ങൾക്ക് കൂടുതൽ സ്വാതന്ത്ര്യം തന്നുവെങ്കിലും കേന്ദ്ര ബഡ്ജറ്റ് 2015-16-ൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ തുക കുറച്ചതുകാരണം സംസ്ഥാനത്തിന്റെ ഫണ്ട് ലഭ്യത കുറഞ്ഞു. ഇതിന്റെ അടിസ്ഥാനത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പുനരാവിഷ്കരണം സംസ്ഥാനം ആവശ്യപ്പെട്ടു.

2. <u>പദ്ധതികളുടെ എണ്ണം</u>

പദ്ധതികളുടെ എണ്ണത്തിൽ മാറ്റം വരുത്തിയെങ്കിലും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഘടന സംസ്ഥാനത്തിന് ഉതകുന്നരീതിയിൽ സംസ്ഥാനത്തിന് നിലവിലുള്ള സാഹചര്യങ്ങൾക്ക് വിധേയമായി പരിഷ്കരിക്കുന്നതിന് ആവശ്യപ്പെട്ടു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പ്രധാനപ്പെട്ട ചില കേന്ദ്രാവിഷ്കൃത പദ്ധതികൾക്കെങ്കിലും ആദ്യപടിയായി 2015-16-ൽ രണ്ട് പാദ കാലയളവിലെങ്കിലും ഫ്ലെക്സിബിലിറ്റി ക്രൈറ്റീരിയ നടപ്പാക്കാൻ ആവശ്യപ്പെട്ടു.

3. ദേശീയ വികസന അജണ്ടയും കേന്ദ്രാവിഷ്കൃത പദ്ധതികളും

ദേശീയ വികസന അജണ്ടയുടെ ഏതെല്ലാം തലങ്ങളാണ് കേന്ദ്രാവിഷ്കൃത പദ്ധതികൾ അഭിമുഖീകരിക്കുന്നത് എന്ന വിഷയത്തിൽ കൂടുതൽ വ്യക്തത വേണം.

4. കേന്ദ്രാവിഷ്കൃത പദ്ധതിയുടെ തരംതിരിവ്

കേന്ദ്രാവിഷ്കൃത പദ്ധതികൾ കോർ (എല്ലാ സംസ്ഥാനങ്ങളും നടപ്പിലാക്കേണ്ടത്) ഓപ്ഷണൽ (സംസ്ഥാന സാഹചര്യങ്ങൾക്ക് അനുസരിച്ച് തെരഞ്ഞെടുക്കാവുന്നവ) എന്ന് തരംതിരിച്ച് നടപ്പിലാക്കുവാൻ തീരുമാനിച്ചു. നിലവിലുള്ള 66 കേന്ദ്രാവിഷ്കൃത പദ്ധതികളെ 31 അംബ്രല്ലാ (കോർ ഓഫ് കോർ -8, കോർ - 19, ഓപ്ഷണൽ -4) എന്നാക്കുന്നതിലേക്ക് ആവശ്യപ്പെട്ടു. ഇവയ്ക്ക് നിലവിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള 80% ഫണ്ടെങ്കിലും ലഭ്യമാക്കണം.

5. പുതിയ കേന്ദ്രാവിഷ്കൃത പദ്ധതികൾ

കേന്ദ്രാവിഷ്കൃത പദ്ധതികളിൽ സമാന പ്രശ്നങ്ങൾ നേരിടുന്ന സ്ഥാപനങ്ങൾക്ക് (കടൽക്ഷോഭം, സുരക്ഷ, തീവ്രവാദപ്രവർത്തനങ്ങൾ മുതലായവ) ബന്ധപ്പെട്ട കേന്ദ്ര മന്ത്രാലയവുമായി ആലോചിച്ച് ഐച്ഛിക പദ്ധതികൾ രൂപവത്കരിക്കാൻ നീതി ആയോഗ് തയ്യാറാകണം. പുതിയ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് പൂർണ്ണമായും സാമ്പത്തിക സഹായം നൽകണം.

6. സ്റ്റേറ്റ് അലോക്കേഷൻ

2016-17 മുതൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് പണം അനുവദിക്കുമ്പോൾ താഴെപ്പറയുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായിരിക്കണം :

(i) എല്ലാ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കും ഒരേ ശീർഷകത്തിൽ ഒറ്റത്തവണയായി തുക അനുവദിക്കണം.

(ii) ഫോർമുല അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ ഫണ്ട് തീരുമാനിക്കണം.

(iii) ദേശീയ ലക്ഷ്യങ്ങളുടെയും മുൻഗണനകളുടെയും അടിസ്ഥാനത്തിൽ ഓരോ വർഷവും സംസ്ഥാനങ്ങൾക്ക് സ്വന്തം നിലയിൽ പദ്ധതി തയ്യാറാക്കാൻ അനുവദിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(iv) സംസ്ഥാനങ്ങൾ നടപ്പിലാക്കുന്ന പദ്ധതികൾ നീതി ആയോഗുമായി ആലോചിച്ച് തീരുമാനിക്കുക.

(v) ഉദ്ദേശ്യലക്ഷ്യം സാക്ഷാത്കരിക്കുക.

7. പുതിയ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് അനുവദിച്ച തുക നിലവിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കുറവ് വരുത്താതെ കേന്ദ്ര സർക്കാർ സ്വന്തം നിലയിൽ നൽകണം. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ട് വിനിയോഗം ഉറപ്പുവരുത്തണം.

8. <u>ഫണ്ടിംഗ് പാറ്റേൺ</u>

കേന്ദ്രാവിഷ്കൃത പദ്ധതികളിലെ കോർ പദ്ധതികളിലായി നടപ്പിലാക്കുന്നവയ്ക്ക് 75:25 എന്നും ഓപ്ഷണൽ പദ്ധതികൾ 50:50 എന്ന അനുപാതവും ആക്കണം.

9. പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിക്കാലത്ത് എസ്.എസ്.എ. പദ്ധതിയുടെകീഴിൽ നൽകുന്ന ശമ്പളാനുപാതം മാറ്റം വരുത്താതെ നൽകണം. ഇത് എൻ.എച്ച്.എം., ആത്മ തുടങ്ങിയ പദ്ധതികൾക്കും ബാധകമാക്കണം. ആയതിൽ "എസ്.എസ്.എ-യുടെ കീഴിൽ" എന്നത് മാറ്റി"നിലവിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയുടെകീഴിൽ" എന്നാക്കണം.

10. <u>പതിനാലാം ധനകാര്യ കമ്മീഷന്റെ സഹായം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്നത് സംബന്ധിച്ച്</u>

പതിനാലാം ധനകാര്യ കമ്മീഷൻ പോലുള്ള ഭരണഘടന അനുശാസിക്കുന്ന സ്ഥാപനങ്ങൾക്ക് നൽകുന്ന സാമ്പത്തിക സഹായങ്ങൾക്ക് ഉപസമിതി മറ്റു നിബന്ധനകൾ കൊണ്ടുവരാൻ പാടില്ല.

11. <u>പദ്ധതി നടത്തിപ്പിന്റെ അവലോകനവും വിലയിരുത്തലും</u>

സംസ്ഥാനങ്ങളുടെ നിലവിലുള്ള സാഹചര്യങ്ങൾക്ക് അനുസരിച്ച് നടത്തുന്നതിന് അനുവദിക്കണം. ക്യാബിനറ്റ് സെക്രട്ടേറിയറ്റിന്റെ ആർ.എഫ്.ഡി. സംവിധാനത്തിലേക്ക് കാലക്രമേണ മാറുന്നത് തത്വത്തിൽ അംഗീകരിച്ചു.

12. <u>ഫണ്ട് അനുവദിക്കൽ</u>

കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് ഫണ്ട് അനുവദിക്കുന്നത് "സാമ്പത്തിക ഭദ്രതയുള്ള സംസ്ഥാനങ്ങൾ സ്വന്തം നിലയിൽ ഫണ്ട് അനുവദിക്കാമെന്നത്" തെറ്റിദ്ധാരണാ ജനകമാകുമെന്നതിനാൽ സംസ്ഥാനങ്ങൾക്ക് താല്പര്യമനുസരിച്ച് ഫണ്ട് അനുവദിക്കാമെന്ന രീതിയിൽ മാറ്റണം.

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണത്തിൽ കാർഷിക മേഖലയ്ക്കുള്ള പ്രാധാന്യം

27 (*447) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. എം. എ. ബേബി :
ശ്രീ. ജി. സുധാകരൻ :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽ ഉല്പാദന മേഖലയ്ക്ക് നിശ്ചയിച്ചിരുന്ന കുറഞ്ഞ പരിധി ഇല്ലാതായത് കാർഷിക മേഖലയെ എപ്രകാരം ബാധിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) ഗ്രാമീണ മേഖലയിലെ കൃഷിയെ ഇത് എത്രത്തോളം ബാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) കൃഷി വകുപ്പ് മുന്നോട്ടുവച്ച പല പദ്ധതികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മതിയായ പിന്തുണയില്ലാത്തതിനാൽ പരാജയപ്പെടുന്ന അവസ്ഥ സംജാതമായിട്ടുണ്ടോ ;

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണവേളയിൽ കൃഷിക്ക് പ്രാധാന്യം നൽകുന്നതിന് കൃഷി വകുപ്പിന്റെ താഴെത്തട്ടിലെ ഓഫീസുകൾ എന്തെങ്കിലും ഇടപെടൽ നടത്തിയിട്ടുണ്ടോ വിശദമാക്കുമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) ഉത്പാദന മേഖലയ്ക്ക് പദ്ധതി വിഹിതത്തിൽനിന്നും തുക വകയിരുത്തുന്നതിന് കൂടിയ പരിധിയോ കുറഞ്ഞ പരിധിയോ നിശ്ചയിച്ചിട്ടില്ല. അനിവാര്യ വകയിരുത്തലുകൾക്കുശേഷം ആകെയുള്ള അടങ്കൽ തുകയുടെ എത്ര തുക വേണമെങ്കിലും ഉല്പാദന മേഖലയിൽ ചെലവഴിക്കാനുള്ള സ്വാതന്ത്ര്യം തദ്ദേശ സ്ഥാപനങ്ങൾക്ക് പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖയിൽ നിലനിർത്തിയിട്ടുണ്ട്. ഉല്പാദന മേഖലയുടെ സ്ഥായിയായ വളർച്ചയ്ക്ക് മുൻഗണന നൽകണമെന്നും ഭക്ഷ്യവിളകൾ, പാൽ, മുട്ട, മാംസം, മത്സ്യം എന്നിവയുടെ ഉത്പാദനം മെച്ചപ്പെടുത്തുന്നതിനും ഉല്പന്നങ്ങളുടെ സംസ്കരണം, വിപണനം എന്നീ സംവിധാനങ്ങളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുന്തിയ പരിഗണന നൽകണമെന്നും മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. കാർഷിക മേഖലയ്ക്ക് മതിയായ പ്രാധാന്യംനൽകി പദ്ധതികൾ ഏറ്റെടുക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും സവിശേഷ സാഹചര്യമനുസരിച്ച് ഫണ്ട് വിനിയോഗത്തിൽ കൂടുതൽ സ്വാതന്ത്ര്യം അനുവദിച്ചുകൊണ്ടാണ് മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുള്ളത്. അതനുസരിച്ച് ഉല്പാദന മേഖലയിൽ 85% വരെ വികസന ഫണ്ട് ചെലവാക്കാവുന്ന സാഹചര്യമുണ്ടെങ്കിലും ഉല്പാദനമേഖലയുമായി ബന്ധപ്പെട്ട് കാർഷിക മേഖലയിൽ വകയിരുത്തുന്ന തുക പശ്ചാത്തലമേഖലയുമായി താരതമ്യം ചെയ്യുമ്പോൾ വളരെ കുറവാണ്. ഗ്രാമീണ മേഖലയിലും കൃഷിയോടുള്ള ആഭിമുഖ്യം കുറഞ്ഞുവരുന്നതായി ഇത് സൂചിപ്പിക്കുന്നു. ഫണ്ടിന്റെ അഭാവത്തിലുപരി കാർഷികവൃത്തിയിലേർപ്പെടുന്നവരുടെ എണ്ണത്തിലുണ്ടാകുന്ന കുറവ് കൃഷിയെ ബാധിക്കുന്നുണ്ട്.

(സി) ഇല്ല.

(ഡി) ഉണ്ട്. കാർഷിക മേഖലയുമായി ബന്ധപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണോദ്യോഗസ്ഥനും ഈ വിഭാഗത്തിൽ വരുന്ന വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനറും കൃഷി വികസന ഓഫീസറാണ്. കൃഷിഭവനുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടിയിട്ടുള്ള സ്ഥാപനങ്ങളാണ്. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലാണ് ഓരോ വർഷവും ഏറ്റെടുക്കുന്ന പ്രോജക്ടുകളുടെ പ്രാഥമിക ലിസ്റ്റ് തയ്യാറാക്കുന്നത്. പദ്ധതി രൂപീകരണത്തിന്റെയും നിർവ്വഹണത്തിന്റെയും എല്ലാ ഘട്ടത്തിലും കൃഷി വികസന ഓഫീസർക്കും വർക്കിംഗ് ഗ്രൂപ്പിനും നിർവചിക്കപ്പെട്ടിട്ടുള്ള പങ്ക് നിർവ്വഹിക്കാൻ അവസരമുണ്ട്.

ഓൺലൈൻ ദേശീയ കാർഷിക വിപണി

28 (*448) <u>ശ്രീ. കെ. ദാസൻ</u> :
<u>ശ്രീ. ഇ. പി. ജയരാജൻ</u> :
<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> :
<u>ശ്രീ. എം. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാർ ആരംഭിച്ച ഓൺലൈൻ ദേശീയ കാർഷിക വിപണിയിൽ സംസ്ഥാനം ഉൾപ്പെട്ടിട്ടില്ലായെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഓൺലൈൻ കാർഷിക വിപണിയെ സംബന്ധിച്ച നിലപാട് വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്ത് നിലവിലുള്ള കാർഷികോല്പന്ന വിപണന കേന്ദ്രങ്ങളുടെ പ്രവർത്തനം തൃപ്തികരമാണെന്ന് കരുതുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഓൺലൈൻ വിപണിയിൽ ഉൾപ്പെട്ടിരുന്നുവെങ്കിൽ നിലവിലുള്ള ഈ സംവിധാനങ്ങളെ ശക്തിപ്പെടുത്തുന്നതിന് സാധിക്കുമായിരുന്നുവോ എന്നകാര്യം പരിശോധിച്ചിട്ടുണ്ടോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) ഉണ്ട്.

(ബി) കേരളത്തിൽ കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷികോത്പന്നങ്ങൾ സംസ്ഥാനത്ത് എവിടെയും സ്വതന്ത്രമായി വിപണനം നടത്തുന്നതിന് നിലവിലുള്ള സാഹചര്യത്തിൽ സാദ്ധ്യമാണ്. കൃഷി വികുപ്പിന്റെകീഴിലുള്ള ആറ് മൊത്തവ്യാപാര വിപണികളിലും അഞ്ച് ജില്ലാ സംഭരണ കേന്ദ്രങ്ങളിലും കർഷകർക്ക് ഉല്പന്നങ്ങളെത്തിച്ച് ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും ഒഴിവായി മെച്ചപ്പെട്ട വില നേടിയെടുക്കുന്നതിനും സാധിക്കുന്നു. കൂടാതെ വി.എഫ്.പി.സി.കെ., ഹോർട്ടികോർപ് മുതലായ ഏജൻസികൾ മുഖേനയും പച്ചക്കറി വികസന പദ്ധതികൾ ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള ക്ലസ്റ്ററുകൾ മുഖേനയും കാർഷികോത്പന്നങ്ങൾ വിപണനം ചെയ്യുന്നതിനും സൗകര്യങ്ങൾ ലഭ്യമാണ്. കൂടാതെ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയുടെ നിയന്ത്രണത്തിൽ മാർക്കറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ആയതിനാൽ ഓൺലൈൻ വിപണിയുടെ ആവശ്യമില്ല.

(സി) ഉണ്ട്.

(ഡി) ഓൺലൈൻ ദേശീയ കാർഷിക വിപണിയിൽ സംസ്ഥാനം ഉൾപ്പെട്ടിട്ടില്ല.

സംയോജിത കന്നുകാലി വികസന പദ്ധതി

29 (*449) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ആർ സെൽവരാജ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംയോജിത കന്നുകാലി വികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിവഴി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ പദ്ധതിയുമായി ആരെല്ലാമാണ് സഹകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) 2011-12 സാമ്പത്തിക വർഷം സംയോജിത കന്നുകാലി വികസന പദ്ധതിക്ക് രൂപം നൽകി നടപ്പിലാക്കിവരുന്നു.

(ബി) സംസ്ഥാനത്ത് 7740 കർഷകർക്ക് ഒരു ഗർഭിണി കിടാരി, രണ്ട് ആട്, പത്ത് കോഴി എന്നിവ 50% സബ്സിഡിയിൽ വിതരണം ചെയ്ത ഈ പദ്ധതിയിൽ 40 കോടി രൂപ വിനിയോഗിക്കപ്പെട്ടു. 25000 രൂപയുടെ വീതം ആനുകൂല്യം ഓരോ ഗുണഭോക്താവിനും ലഭിച്ചു. എല്ലാ ജില്ലകളിലും പദ്ധതി നടപ്പിലാക്കി. ഇതിലൂടെ 308 ലക്ഷം ലിറ്റർ പാലും 136.8 ലക്ഷം മുട്ടയും സംസ്ഥാനത്ത് പ്രതിവർഷം അധികമായി ഉല്പാദിപ്പിക്കപ്പെടാൻ ഉദ്ദേശിച്ചാണ് പദ്ധതി ആവിഷ്കരിച്ചത്. 20 കോടി രൂപ ധനസഹായമായി നൽകിയ ഈ പദ്ധതിയിൽ പത്ത് കോടി രൂപ കേന്ദ്ര ധനസഹായമായും പത്ത് കോടി രൂപ സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്നുമാണ് വിനിയോഗിച്ചത്.

(സി) മൃഗസംരക്ഷണ മേഖലയിലെ കർഷകരാണ് ഗുണഭോക്താക്കൾ. നിലവിൽ പശുക്കളെ വളർത്തുന്നവർക്കും തീറ്റപ്പുൽ കൃഷി ചെയ്യാൻ തയ്യാറുള്ളവർക്കും പ്രാമുഖ്യം നൽകിയാണ് പദ്ധതി നടപ്പിലാക്കിയത്. ഈ പദ്ധതി മൃഗസംരക്ഷണ വകുപ്പ് ബാങ്ക് വായ്പയിലൂടെയാണ് നടപ്പിലാക്കിയത്.

(ഡി) 2011-12 സാമ്പത്തിക വർഷം മൃഗസംരക്ഷണ വകുപ്പിന്റെ സംസ്ഥാന പദ്ധതി വിഹിതമായ പത്ത് കോടി രൂപയും കേന്ദ്ര സർക്കാരിന്റെ ഒറ്റത്തവണ അധിക കേന്ദ്രസഹായമായ പത്ത് കോടി രൂപയും ലഭ്യമാക്കി പദ്ധതി നടപ്പിലാക്കി.

പ്രവാസി നിക്ഷേപം പ്രയോജനപ്പെടുത്താൻ നടപടി

30 (*450) ശ്രീ. റ്റി. എ. അഹമ്മദ് കബീർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ പ്രവാസി നിക്ഷേപം വഹിക്കുന്ന പങ്കിനെ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(ബി) പ്രവാസി നിക്ഷേപം സംസ്ഥാനത്തിന്റെ സമ്പദ്വ്യവസ്ഥയ്ക്ക് ഊർജ്ജം പകരുന്നതിനും സുസ്ഥിര വികസനത്തിനും പരമാവധി ഉപയോഗപ്പെടുത്തുംവിധം പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(സി) വിദേശ മലയാളികളുടെ നിക്ഷേപം സംസ്ഥാന വികസനത്തിനും ഒപ്പം പ്രവാസികളുടെ ക്ഷേമപ്രവർത്തനങ്ങൾക്കും വേണ്ടി ഉപയോഗപ്പെടുത്തുന്നകാര്യം പരിഗണിക്കുമോ ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

(എ) പ്രവാസി മലയാളികളുടെ ബാങ്ക് നിക്ഷേപം സംബന്ധിച്ച് സംസ്ഥാനതല ബാങ്കേഴ്സ് സമിതി (SLBC)-യുടെ കണക്ക് ലഭ്യമാണ്. 2011-12 സാമ്പത്തിക വർഷം മുതലുള്ള പ്രവാസികളുടെ ബാങ്ക് നിക്ഷേപം താഴെപ്പറയുന്നു :

വർഷം	രൂപ (കോടിയിൽ)
2011-12	48454
2012-13	66190
2013-14	93883
2014-15	109603

(ബി&സി) സംസ്ഥാനത്ത് നിക്ഷേപം നടത്തുന്നതിന് വിദേശമലയാളികളെ ആകർഷിക്കുന്നതിനായി ഒരു പദ്ധതി - Engaging Diaspora for investment in the State എന്ന പേരിൽ രൂപം നല്കിയിട്ടുണ്ട്. 2015 ജനുവരി 16, 17 തീയതികളിൽ കൊച്ചിയിൽവച്ച് നടന്ന ആഗോള പ്രവാസി മലയാളി സംഗമത്തിൽ കേരളത്തിൽ നിലവിലുള്ള നിക്ഷേപ സാദ്ധ്യതകൾ സംബന്ധിച്ച് പ്രവാസി മലയാളികളെ പരിചയപ്പെടുത്തുന്നതിനായി ഒരു പ്രത്യേക സെഷൻ സംഘടിപ്പിച്ചിരുന്നു. പ്രസ്തുത സംഗമത്തിൽ സംസ്ഥാനം പ്രവാസി നിക്ഷേപത്തിനായി മൂന്ന് പദ്ധതികൾ അവതരിപ്പിച്ചിരുന്നു. സ്റ്റാർട്ടപ് വില്ലേജ് വികസനം, കൊച്ചി മെട്രോ റെയിൽ

LIBRARY ARCHIVES Kerala Legislative Assembly

ൗൺഷിപ്പുകൾ, കണ്ണൂർ രാജ്യാന്തര വിമാനത്താവളം എന്നിവയാണവ. നിക്ഷേപ താല്പര്യമുള്ള പ്രവാസി മലയാളികൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിക്ഷേപ സാഹചര്യങ്ങൾ പരിചയപ്പെടുത്തുന്നതിനും ഒരു കൈത്താങ്ങായി അവർക്ക് ആവശ്യമായ സഹായങ്ങൾ നൽകുന്നതിനുമായി നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ (NORKA Business Facilitation Centre) എന്ന ഒരു പദ്ധതി നോർക്ക വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ നോർക്ക-റൂട്ട്സ് മുഖേന സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്.

കൂടാതെ പ്രവാസി നിക്ഷേപം ലക്ഷ്യമിട്ട് 'ഇൻകെൽ' (INKEL), ചേരമൻ ഫിനാൻഷ്യൽ സർവ്വീസസ് എന്നീ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്. അടിസ്ഥാന സൗകര്യ വികസന രംഗത്ത് ഇൻകെല്ലും പലിശരഹിത വായ്പ നൽകുന്നതിന് ചേരമൻ ഫിനാൻഷ്യൽ സർവ്വീസസും നടപടി സ്വീകരിക്കുന്നുണ്ട്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഐ.എ.വൈ. പദ്ധതി പ്രകാരം വായ്പ

1 (4036) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഐ.എ.വൈ. പദ്ധതി പ്രകാരം വായ്പ ലഭിച്ചവർക്ക് തുടർന്ന് മറ്റ് പദ്ധതികൾക്കായി വീടുവയ്ക്കുന്നതിന് ധനസഹായം പഞ്ചായത്തുവഴി കൊടുക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇക്കാര്യത്തിൽ വിശദീകരണം നൽകാമോ ;

(ബി) മുൻകാലങ്ങളിൽ പഞ്ചായത്തിൽനിന്നും ധനസഹായം വാങ്ങിയിട്ടുണ്ടെങ്കിൽ ആയത് തിരിച്ചടയ്ക്കുന്നതിന് പ്രത്യേക അക്കൗണ്ട് ഹെഡ്ഡോ, മാർഗ്ഗനിർദ്ദേശമോ നൽകിയിട്ടുണ്ടോ ; ഇങ്ങനെ തുക അടയ്ക്കേണ്ടിവരുന്നെങ്കിൽ ആർക്കാണ് അടയ്ക്കേണ്ടത് എന്നറിയിക്കാമോ ; ഇത്തരം ധനസഹായം ലഭിച്ച പാവങ്ങൾക്ക് പുനർ ധനസഹായം നൽകുന്നതിന് പഞ്ചായത്തുകൾക്ക് അനുമതി നൽകാമോ ?

<u>ഉത്തരം</u>

(എ) ഐ.എ.വൈ.-യുടെ മാർഗ്ഗനിർദ്ദേശപ്രകാരം ഒരു തവണ ഭവന നിർമ്മാണ ധനസഹായം ലഭിച്ചാൽ അടുത്ത 12 വർഷത്തേക്ക് ഈ പദ്ധതിയിൽ ഭവന നിർമ്മാണ

LIBRARY ARCHIVES Kerala Legislative Assembly

ധനസഹായം നൽകുവാൻ സാധിക്കുകയില്ല. ഇന്ദിര ആവാസ് യോജന പ്രകാരം നിർമ്മിക്കുന്ന വീടുകൾ മിനിമം 30 വർഷം ഈട് നിൽക്കത്തക്കരീതിയിൽ നിർമ്മിക്കണമെന്നും മാർഗ്ഗനിർദ്ദേശമുണ്ട്. ആയതിനാൽ ഐ.എ.വൈ. പ്രകാരം വീട് നിർമ്മിച്ച കുടുംബത്തിന് നിലവിൽ വാസയോഗ്യമായ വീടുള്ളതിനാൽ മറ്റൊരു വീടിന്റെ ആവശ്യം ഉണ്ടാകുന്നില്ല.

(ബി) ഭവന നിർമ്മാണത്തിനായി ധനസഹായം നൽകുന്ന പദ്ധതിയാണ് ഐ.എ.വൈ. ഈ പദ്ധതി മുഖേന നൽകുന്ന തുക വായ്പയായല്ല, മറിച്ച് പൂർണ്ണമായും ധനസഹായമാണ്. അതിനാൽതന്നെ തുക തിരിച്ചടയ്ക്കുന്നതിന് പ്രത്യേക മാർഗ്ഗനിർദ്ദേശം നൽകിയിട്ടില്ല. ഏതെങ്കിലും കാരണത്താൽ തിരിച്ചടയ്ക്കേണ്ടിവന്നാൽ ആയത് ബ്ലോക്കിൽ നേരിട്ട് അടയ്ക്കാവുന്നതാണ്. ഇങ്ങനെ പണം തിരിച്ചടയ്ക്കുന്ന ഗുണഭോക്താവിന് വീണ്ടും ഭവന നിർമ്മാണ ധനസഹായത്തിനായി ഗ്രാമസഭ അംഗീകരിക്കുന്ന ലിസ്റ്റിൽ ഉൾപ്പെട്ടാൽ അർഹതാമാനദണ്ഡമനുസരിച്ച് ഭവന നിർമ്മാണ ധനസഹായത്തിന് അർഹതയുണ്ടായിരിക്കും.

ഹിൽ ഏരിയ ഡെവലപ്മെന്റ് അതോറിറ്റിവഴി അനുവദിച്ച റോഡുകൾ

2 (4037) <u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u> : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹിൽ ഏരിയ ഡെവലപ്മെന്റ് അതോറിറ്റിവഴി, സംസ്ഥാനത്ത് അനുവദിച്ച റോഡുകൾ എത്രയെന്ന് വ്യക്തമാക്കാമോ ; ആയതിന്റെ പട്ടിക ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹിൽ ഏരിയ ഡെവലപ്മെന്റ് അതോറിറ്റിവഴി സംസ്ഥാനത്ത് നബാർഡ് ആർ.ഐ.ഡി.എഫ്. റോഡ് പ്രവൃത്തിയിൽ ഉൾപ്പെടുത്തി 88 റോഡുകളും സംസ്ഥാന വിഹിത പദ്ധതിയിൽ ഉൾപ്പെടുത്തി 2013-14 സാമ്പത്തിക വർഷത്തിൽ 47 റോഡ് പ്രവൃത്തികളും 2014-15 സാമ്പത്തിക വർഷത്തിൽ 70 റോഡ് പ്രവൃത്തികളും അനുവദിച്ചിട്ടുണ്ട്. ആയതിന്റെ പട്ടിക അനുബന്ധമായി കൊടുത്തിരിക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ബ്ലോക്കുകളുടെ പുനഃസംഘടന

3 (4038) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ബ്ലോക്കുകളാണ് നിലവിലുള്ളത്; ഇവയുടെ പുനഃസംഘടന നടത്താൻ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ പുനഃസംഘടിപ്പിക്കുന്നതിന്റെ കാരണം വിശദമാക്കാമോ ; പുനഃസംഘടനയുടെ ചുമതല ആർക്കാണ് നൽകിയിട്ടുള്ളത്;

(ബി) പുനഃസംഘടനയുടെ കരട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ ; പുതുക്കിയ കരടിൽ ബ്ലോക്ക് പഞ്ചായത്തുകളുടെ എണ്ണം വർദ്ധിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എത്ര വർദ്ധനവാണ് വന്നിട്ടുള്ളത് ; ഇവയുടെ കണക്ക് ലഭ്യമാക്കാമോ ; ബ്ലോക്ക് പുനഃസംഘടനയ്ക്ക് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം വ്യക്തമാക്കുമോ ;

(സി) പുനഃസംഘടന സംബന്ധിച്ച് വ്യാപകമായ ആക്ഷേപങ്ങൾ ഉയർന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇവ പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് 152 ബ്ലോക്കുകളാണ് നിലവിലുള്ളത്. ഇവയുടെ പുനഃസംഘടന നടത്താൻ തീരുമാനിച്ചിട്ടുണ്ട്. വിവിധ സ്രോതസ്സുകളിൽനിന്നും ലഭിക്കുന്ന ഫണ്ട് വിനിയോഗം കാര്യക്ഷമമാക്കുന്നതിനും തദ്വാരാ ഗ്രാമപ്രദേശങ്ങളിലെ വികസന പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനും നിയമസഭാ നിയോജകമണ്ഡലങ്ങളും വികസന ബ്ലോക്കുകളും തമ്മിലുള്ള ഏകോപനം സാദ്ധ്യമാക്കുന്നതിനുമായിട്ടാണ് ബ്ലോക്ക് പഞ്ചായത്തുകളെ പുനഃക്രമീകരിക്കാൻ തീരുമാനിച്ചത്. കേരള പഞ്ചായത്ത് രാജ് നിയമം 4(1)(2) പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പുനഃസംഘടനയുടെ ചുമതല സർക്കാരിൽ നിക്ഷിപ്തമാണ്.

(ബി) പുനഃസംഘടനയുടെ കരട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. പുതുക്കിയ കരടിൽ ബ്ലോക്ക് പഞ്ചായത്തുകളുടെ എണ്ണം വർദ്ധിക്കുന്നില്ല. ഒരു നിയമസഭാ മണ്ഡലത്തിലുൾപ്പെടുന്ന ബ്ലോക്കിന്റെ എണ്ണം ഒന്നും പരമാവധി രണ്ടുമായി ക്രമീകരിക്കുന്ന രീതിയിലാണ് പുനഃസംഘടന നടത്തുവാൻ ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുനഃക്രമീകരിച്ച ബ്ലോക്ക് പഞ്ചായത്തുകളുടെ കരട് വിജ്ഞാപനത്തിന്മേൽ ആക്ഷേപങ്ങളും നിർദ്ദേശങ്ങളും ക്ഷണിച്ചിട്ടുണ്ട്. ലഭ്യമാകുന്ന ആക്ഷേപങ്ങളും നിർദ്ദേശങ്ങളും സമർപ്പിക്കുന്നവരെ നേരിൽക്കേട്ട് വിലയിരുത്തി ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

ഐ.എ.വൈ. പദ്ധതി

4 (4039) ശ്രീ. എസ്. ശർമ്മ :
ശ്രീ. എ. എം. ആരിഫ് :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഐ.എ.വൈ. പദ്ധതി നടത്തിപ്പിനെ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ ;

(ബി) പദ്ധതി നടത്തിപ്പിനായുള്ള സംസ്ഥാന വിഹിതം കൃത്യമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറാൻ സാധിച്ചിട്ടുണ്ടോ എന്നറിയിക്കാമോ ;

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ഫണ്ട് കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികളാണ് പ്രഖ്യാപിച്ചിരുന്നത് ; അവ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ഉണ്ട്. ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരും ജില്ലാടിസ്ഥാനത്തിൽ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർമാരും സംസ്ഥാനാടിസ്ഥാനത്തിൽ ഗ്രാമവികസന കമ്മീഷണറും ഇന്ദിര ആവാസ് യോജന പദ്ധതി അവലോകനം നടത്തുന്നുണ്ട്.

(ബി) കേന്ദ്ര വിഹിതത്തിന് ആനുപാതികമായി സംസ്ഥാന വിഹിതം കൃത്യമായി നൽകുന്നുണ്ട്. എന്നാൽ സംസ്ഥാനത്ത് യൂണിറ്റ് കോസ്റ്റ് വർദ്ധിപ്പിച്ചതുമൂലമുണ്ടായ അധിക ബാധ്യതയിൽ സർക്കാർ 2012-13 മുതൽ നൽകേണ്ട വിഹിതം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

859/2017.

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാന സർക്കാർ നൽകുന്ന അധിക ധനസഹായത്തിൽ കുടിശ്ശികയുള്ള തുക നൽകുന്നതിനായി ഹഡ്കോയിൽ നിന്നും 650 കോടി രൂപ വായ്പയെടുക്കുന്നതിന് KURDFC-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നടപടികൾ പുരോമിക്കുന്നു.

ഐ.എ.വൈ. ഭവന പദ്ധതിയിലെ പ്രതിസന്ധി

5 (4040) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.എ.വൈ. ഭവന പദ്ധതിപ്രകാരം 2012-13, 2013-14, 2014-15 വർഷങ്ങളിൽ എത്ര ഭവനങ്ങൾ വീതം നിർമ്മിക്കാനായിരുന്നു സർക്കാർ ലക്ഷ്യമിട്ടിരുന്നത് ; ഓരോ വർഷവും എത്ര വീടുകളുടെ നിർമ്മാണം ഏറ്റെടുത്തു എന്നും എത്ര വീടുകൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ ;

(ബി) പദ്ധതി ലക്ഷ്യം കൈവരിക്കാൻ കഴിയാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(സി) ഐ.എ.വൈ. പദ്ധതിക്കായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ എത്ര വീതം തുകയാണ് അനുവദിക്കുന്നത് ; SC/ST വിഭാഗങ്ങളിൽപ്പെടുന്നവർക്ക് എത്ര തുകയാണ് അനുവദിക്കുന്നത് ;

(ഡി) ഈ പദ്ധതിയിൽ വീട് ലഭിച്ചതിനാൽ നിലവിലുണ്ടായിരുന്ന കുടിലുകളും മറ്റും പൊളിച്ചുനീക്കി, പണം ലഭിക്കാത്തതിനാൽ വീട് നിർമ്മാണം പൂർത്തിയാക്കാൻ കഴിയാതെ, യാതൊരു സുരക്ഷിതത്വവുമില്ലാതെ കഴിയേണ്ടിവരുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പണം നൽകാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ ; പണം നൽകാൻ കഴിയാത്ത പ്രതിസന്ധി എന്നുമുതലാണ് ആരംഭിച്ചത് ;

(ഇ) ഈ അവസ്ഥയ്ക്ക് എന്ത് പരിഹാരമാണ് സർക്കാരിന്റെ പക്കലുള്ളത് ; അടിയന്തരമായി IAY ഗുണഭോക്താക്കൾക്ക് അവരുടെ അർഹമായ തുക നൽകാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly

<u>ഉത്തരം</u>

(എ)

വർഷം	ലക്ഷ്യം	ഏറ്റെടുത്ത വീടുകൾ	പൂർത്തിയാക്കിയവ (സ്പിൽ ഓവർഉൾപ്പെടെ)
2012-13	59620	59620	43607
2013-14	45738	45738	55996
2014-15	59060	59060	50545

(ബി) ലക്ഷ്യം കൈവരിക്കുന്നുണ്ട്.

(സി) എല്ലാ വിഭാഗം ഗുണഭോക്താക്കൾക്കും കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്ന യൂണിറ്റ് കോസ്റ്റ് 70,000 രൂപയാണ്. ഇത് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ യഥാക്രമം 75:25 അനുപാതത്തിൽ വകയിരുത്തുന്നു. എന്നാൽ പൊതുവിഭാഗം, പട്ടികജാതി വിഭാഗം ഗുണഭോക്താക്കളുടെ യൂണിറ്റ് കോസ്റ്റ് രണ്ട് ലക്ഷം രൂപയായും പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് രണ്ടര ലക്ഷം രൂപയായും സംസ്ഥാന സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ട്.

(ഡി) ഭവന നിർമ്മാണം പൂർത്തിയാക്കുന്ന ഘട്ടങ്ങൾക്ക് മുൻകൂറായാണ് ധനസഹായം അനുവദിക്കുന്നത്. 2013-14 വരെയുള്ള വർഷങ്ങളിൽ കേന്ദ്ര-സംസ്ഥാന സർക്കാർ വിഹിതവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതവും കൃത്യമായും നൽകിയിട്ടുണ്ട്. യൂണിറ്റ് കോസ്റ്റ് വർദ്ധിപ്പിച്ചതുമൂലമുണ്ടായ അധിക ബാധ്യതയിൽ സംസ്ഥാന സർക്കാർ നൽകേണ്ട വിഹിതം പൂർണ്ണമായും നൽകിയിട്ടില്ല.

(ഇ) 2014-15 വർഷത്തെ രണ്ടാംഗഡു കേന്ദ്രവിഹിതത്തിനായുള്ള പ്രൊപ്പോസൽ ഗ്രാമവികസന മന്ത്രാലയത്തിൽ സമർപ്പിച്ചിട്ടുണ്ട്. കുടിശ്ശികയുള്ള അധിക സംസ്ഥാന വിഹിതം നൽകുന്നതിന് 650 കോടി രൂപ HUDCO-ൽനിന്നും വായ്പ എടുക്കാൻ KURDFC-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നടപടികൾ പുരോഗമിക്കുന്നു.

പി.എം.ജി.എസ്.വൈ. പ്രകാരം കല്ല്യാശ്ശേരി മണ്ഡലത്തിലെ പ്രവൃത്തികൾ

6 (4041) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എം.ജി.എസ്.വൈ. പ്രകാരം കല്ല്യാശ്ശേരി മണ്ഡലത്തിൽ ഏതെല്ലാം റോഡ് നിർമ്മാണ പദ്ധതികൾക്ക് ഭരണാനുമതിനല്കി ; അവയിൽ എത്ര എണ്ണം പൂർത്തിയായി ; എത്ര പ്രവൃത്തികൾ പൂർത്തിയാക്കാനുണ്ട് ; വിശദാംശം നൽകുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എം.ജി.എസ്.വൈ. പദ്ധതിയിൽ കല്ല്യാശ്ശേരി മണ്ഡലത്തിൽ ഉൾപ്പെട്ട പാണപ്പുഴ-പാണപ്പുഴച്ചാൽ റോഡിന്റെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പണി പൂർത്തീകരിച്ചിട്ടില്ല. പ്രവൃത്തി ടെണ്ടർ ചെയ്ത് ജൂൺ മാസത്തിൽ കരാറുകാരനുമായി ഉടമ്പടിയിൽ ഏർപ്പെട്ടിട്ടുള്ളതുമാണ്. പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ഒരു വർഷമാണ്.

പി.എം.ജി.എസ്.വൈ. പദ്ധതിയിൽ തൈവച്ചപറമ്പ്-നരിക്കാട്ടേരി റോഡ്

7 (4042) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെട്ട കോഴിക്കോട് ജില്ലയിലെ തൈവച്ചപറമ്പ്-നരിക്കാട്ടേരി റോഡ് നിർമ്മാണ പ്രവൃത്തിയുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് അപേക്ഷ നൽകിയിട്ടുണ്ടോ ;

(സി) പ്രസ്തുത അപേക്ഷയിന്മേൽ എന്ത് തീരുമാനം എടുത്തു എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ കുറ്റ്യാടി നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട തൈവച്ചപറമ്പ്-നരിക്കാട്ടേരി കനാൽ റോഡിൽ പി.എം.ജി.എസ്.വൈ. പദ്ധതിപ്രകാരം ടെണ്ടർ ചെയ്ത് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഏറ്റെടുത്ത് ആരംഭിച്ചിട്ടുണ്ട്.

(ബി) ടി റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) റോഡ് നിർമ്മിക്കാൻ ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയർ അനുമതി നൽകിയിട്ടുണ്ട്. ഇതിനാൽ ch 2/255 to 3/465 വരെയുള്ള 1260 മീറ്റർ നീളത്തിൽ പ്രവൃത്തി നടത്താൻ ചീഫ് എഞ്ചിനീയർ (പി.എം.ജി.എസ്.വൈ.) ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സി-ഡിറ്റിലെ കൊറിയർ ഇടപാടിലെ അഴിമതി

8 (4043) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി-ഡിറ്റിലെ കൊറിയർ ഇടപാടിലെ അഴിമതി അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട് ആരെങ്കിലും കത്ത് നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിൽ ഏത് ഏജൻസിയാണ് അന്വേഷണം നടത്തിയിട്ടുള്ളത് ; അന്വേഷണ ഏജൻസി പ്രാഥമിക റിപ്പോർട്ട് നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) അന്വേഷണ റിപ്പോർട്ടിൽ എന്തൊക്കെ കണ്ടെത്തലുകളാണുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) സി-ഡിറ്റിലെ കൊറിയർ ഇടപാടിലെ അഴിമതി സംബന്ധിച്ച് സംസ്ഥാന വിജിലൻസ് വകുപ്പിനെക്കൊണ്ട് അന്വേഷിക്കണമെന്നാവശ്യപ്പെട്ട് സി-ഡിറ്റ് എംപ്ലോയീസ് അസോസിയേഷൻ (CITU) എന്ന സംഘടന നിവേദനം നൽകിയിട്ടുണ്ട്. നിവേദനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി&സി) ഡി-ഡിറ്റിലെ കൊറിയർ ഇടപാട് സംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത അന്വേഷണ റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ താഴെപ്പറയുന്നു :

1. സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ ലംഘിച്ച് കൊറിയർ ഏജൻസിയെ തെരഞ്ഞെടുത്ത ഉദ്യോഗസ്ഥരിൽനിന്നും വിശദീകരണം തേടേണ്ടതാണ്.
2. കൊറിയർ സ്ഥാപനത്തെ തെരഞ്ഞെടുത്ത് ചുമതല ഏൽപ്പിക്കുന്ന പ്രക്രിയയിൽ പങ്ക് വഹിച്ച ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുക.
3. കൊറിയർ ഏജൻസിയുടെ മേൽവിലാസം പരിശോധിക്കാൻ ബാധ്യസ്ഥരായിരുന്ന എന്നാൽ കൃത്യം നിർവ്വഹിക്കാതിരുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുക.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

4. പ്രസ്തുത ഇടപാടിലെ എല്ലാ നടപടിക്രമങ്ങളും സി-ഡിറ്റിലെ എക്സിക്യൂട്ടീവ് കമ്മിറ്റിയും ഗവേണിംഗ് ബോഡിയും സൂക്ഷ്മ പരിശോധന നടത്തിയശേഷം മാത്രം പ്രസ്തുത കൊറിയർ ഏജൻസിക്ക് നൽകാൻ തുക ബാക്കി ഉണ്ടെങ്കിൽ അത് നൽകാൻ പാടുള്ളൂ.

5. ഗവേണിംഗ് ബോഡിയുടെയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും യോഗങ്ങൾ ഇടയ്ക്കിടെ ചേരേണ്ടതാണ്.

മേൽപ്പറഞ്ഞ ശിപാർശകൾ സർക്കാർ പരിശോധിച്ചുവരികയാണ്.

ഹാഡ പദ്ധതിയിൻകീഴിലുള്ള മരാമത്ത് പ്രവൃത്തികൾ

9 (4044) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹാഡ (ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസി) പദ്ധതിയിൻകീഴിൽ സംസ്ഥാനത്തെ വിവിധ മണ്ഡലങ്ങളിലായി എത്ര രൂപയുടെ മരാമത്ത് പ്രവർത്തികൾക്ക് 2015-16-ൽ ഭരണാനുമതി നൽകിയിട്ടുണ്ട് ; നിയോജകമണ്ഡലം തിരിച്ച് വിശദാംശം നൽകാമോ ;

(ബി) എം.എൽ.എ.-മാർ മുഖേന ലഭിച്ച പ്രൊപ്പോസലുകളിൽ ഭരണാനുമതി നൽകുമ്പോൾ ഈ വിവരം അതാത് എം.എൽ.എ.-മാരെ അറിയിക്കുന്നതിൽ വീഴ്ച വരുത്തുന്നത് ഒഴിവാക്കുമോ ?

ഉത്തരം

(എ) 2015-16 സാമ്പത്തിക വർഷം ഹാഡ പദ്ധതിയിൻകീഴിൽ നാളിതുവരെ മരാമത്ത് പണികൾക്കായി ഭരണാനുമതി ഒന്നും നൽകിയിട്ടില്ല.

(ബി) മേലിൽ എം.എൽ.എ-മാരെ നിർബന്ധമായും വിവരം അറിയിക്കുന്നതാണ്.

മലയോര വികസന ഏജൻസി

10 (4045) ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയോര വികസന ഏജൻസിയുടെ പ്രവർത്തനത്തിനായി ആരെല്ലാമാണ് സഹകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ ഏന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) മലയോര വികസന ഏജൻസിയുടെ പ്രവർത്തനത്തിനായി പദ്ധതികളുടെ നിർവ്വഹണ ചുമതല ബന്ധപ്പെട്ട ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർ മുഖേന ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർമാർ/ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ എന്നിവരാണ് നിർവ്വഹിക്കുന്നത്. കാർഷിക മേഖലയിലെ പദ്ധതികൾ കെ.വി.കെ. അമ്പലവയൽ, പ്രിൻസിപ്പൽ അഗ്രിക്കൾച്ചർ ഓഫീസർ, ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് എന്നിവർ മുഖേനയാണ് നടപ്പിലാക്കിവരുന്നത്.

(ബി) ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെകീഴിൽ പ്രവർത്തിക്കുന്ന മലയോര വികസന ഏജൻസിയുടെ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് ഭരണതലത്തിൽ സെക്രട്ടറി, കൃഷി ഓഫീസർ, ഫിനാൻസ് മാനേജർ എന്നിവർ വിവിധ വകുപ്പുകളിൽ നിന്ന് അന്യത്ര സേവനത്തിനായും ബാക്കി ക്ലറിക്കൽ ജോലികൾക്കായി കോൺട്രാക്ട് അടിസ്ഥാനത്തിൽ മൂന്ന് പേരെയും അറ്റന്റർ തസ്തികയിൽ ഒരാളെ ദിവസവേതനാടിസ്ഥാനത്തിലുമാണ് നിയോഗിച്ചിരിക്കുന്നത്.

മലയോര വികസന ഏജൻസി മുഖേന കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ

11 (4046) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയോര വികസന ഏജൻസിമുഖേന കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം നടപ്പുസാമ്പത്തിക വർഷം കൽപ്പറ്റ മണ്ഡലത്തിൽ ഏറ്റെടുത്ത പ്രവൃത്തികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതികളുടെ പേര് അടങ്കൽ തുക, നിലവിലെ സ്ഥിതി എന്നിവയുടെ വിശദാംശം ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

<u>ഉത്തരം</u>

(എ) മലയോര വികസന ഏജൻസിമുഖേന കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ താഴെക്കൊടുത്തിരിക്കുന്നു :

1. ചെറു അരുവികളിൽ ചെക്ക് ഡാം നിർമ്മാണം

2. പരിസ്ഥിതി സൗഹൃദ കടിവെള്ള പദ്ധതികൾ

3. മലയോര റോഡുകളുടെ പുനരുദ്ധാരണം

4. നബാർഡ് ആർ.ഐ.ഡി.എഫ്. പ്രവൃത്തികൾ

5. കൃഷി വികസന പ്രവൃത്തികൾ

6. സഹ്യശ്രീ സ്വയം സഹായ പദ്ധതി

7. പ്രകൃതി വിഭവ പരിപാലന പദ്ധതി

8. കുളം നവീകരണ പ്രവൃത്തികൾ

(ബി.&സി) നടപ്പുസാമ്പത്തിക വർഷത്തിലേക്കുള്ള പ്രവൃത്തികളുടെ തെരഞ്ഞെടുപ്പ് സ്റ്റിയറിംഗ് കമ്മിറ്റി നടത്തിവരുന്നതേയുള്ളൂ.

കൊല്ലം ജില്ലയിൽ പി.എം.ജി.എസ്.വൈ. പദ്ധതി

12 (4047) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എം.ജി..എസ്.വൈ. പദ്ധതി പ്രകാരം കൊല്ലം ജില്ലയിൽ കൊട്ടാരക്കര, വെട്ടിക്കവല ബ്ലോക്കുകളിൽപ്പെടുന്ന ഏതെല്ലാം പ്രവൃത്തികൾ റീ-ടെൻഡർ നടപടികൾക്കായി പരിഗണനയിലുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) റീ-ടെൻഡർ നടപടികൾക്കായി പ്രസ്തുത പ്രവൃത്തികൾ എന്നുമുതൽ പരിഗണനയിൽ വന്നിരുന്നു ;

(സി) റീ-ടെൻഡർ നടപടികൾ പൂർത്തീകരിച്ച് പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുവാൻ സാധ്യതയുണ്ടോ ; ഇല്ലാത്തപക്ഷം പ്രസ്തുത പ്രവൃത്തികളിന്മേലുള്ള നടപടികൾ ടെർമിനേറ്റ് ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തുകളുടെ പരിധിയിൽപ്പെടുന്ന പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരമുള്ള 4 റോഡുകൾ റീ-ടെണ്ടർ നടപടികൾക്കായി പരിഗണനയിലുണ്ട്. വിശദാംശങ്ങൾ താഴെക്കൊടുത്തിരിക്കുന്നു. വെട്ടിക്കവല ബ്ലോക്കിലെ പ്രവൃത്തികൾ ടെണ്ടർ പരിഗണനയിലില്ല.

ബ്ലോക്ക്	ഗ്രാമപഞ്ചായത്ത്	പ്രവൃത്തിയുടെ പേര്
കൊട്ടാരക്കര	പൂയപ്പള്ളി	നാൽക്കവല-മീയ്യണ്ണൂർ-കോളമത്ത് റോഡ്
കൊട്ടാരക്കര	വെളിയം	മുള്ളമ്പാറ-കടവട്ടൂർ റോഡ്
കൊട്ടാരക്കര	എഴുകോൺ	ഇരുമ്പനങ്ങാട്-ഉണ്ടിൽ കോളനി റോഡ്
കൊട്ടാരക്കര	പൂയപ്പള്ളി	ഓട്ടുമല-ഓട്ടുമല റോഡ്

(ബി) കൊട്ടാരക്കര ബ്ലോക്കിലെ 3 പ്രവൃത്തികളും കരാറുകാരൻ പ്രവൃത്തി ആരംഭിക്കാതിരുന്നതുമൂലം കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ടെർമിനേറ്റ് ചെയ്ത് റീ-ടെണ്ടർ നടപടികൾ ആരംഭിച്ചിരുന്നതാണ്. ടി പ്രവൃത്തികൾ 13-2-2015, 12-3-2015, 21-5-2015 എന്നീ തീയതികളിൽ ടെണ്ടർ ചെയ്തുവെങ്കിലും കരാറുകാർ ആരും ടെണ്ടർ സമർപ്പിച്ചിട്ടില്ല. ഓട്ടുമല-ഓട്ടുമല കോളനി റോഡ് 31-7-2013 മുതൽ 6 തവണ ടെണ്ടർ ചെയ്തിട്ടുണ്ട്. കരാറുകാർ ആരും ടെണ്ടർ സമർപ്പിക്കാത്ത സാഹചര്യത്തിൽ ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് LMR 2013 നിരക്കിൽ റിവൈസ് ചെയ്ത് 18-9-2014 മുതൽ വീണ്ടും 5 തവണ ടെണ്ടർ ചെയ്തിട്ടുണ്ട്. എന്നാൽ കരാറുകാർ ആരും ടെണ്ടർ സമർപ്പിച്ചിട്ടില്ല.

(സി) റീ-ടെണ്ടർ നടപടികൾ സ്വീകരിച്ചെങ്കിലും ടി പ്രവൃത്തികൾ കരാറുകാർ ഏറ്റെടുക്കാത്ത സാഹചര്യത്തിൽ എസ്റ്റിമേറ്റ് പരിശോധിച്ച് എന്തെങ്കിലും അപാകത ഉണ്ടെങ്കിൽ ആയത് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

അരൂർ മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

13 (4048) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.
859/2017.

LIBRARY ARCHIVES Kerala Legislative Assembly

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗ്രാമവികസന വകുപ്പുവഴി അരൂർ മണ്ഡലത്തിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത് ; വിശദാംശങ്ങൾ നല്കാമോ ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

ഇന്ദിര ആവാസ് യോജന

14 (4049) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്ദിരാ ആവാസ് യോജന പദ്ധതി നിലവിലുണ്ടോ ; പ്രസ്തുത പദ്ധതി വിലയിരുത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്രപേർക്ക് മുഴുവൻ തുകയും കൊടുത്തിട്ടുണ്ടെന്നും കൊടുത്തുതീർക്കാൻ ബാക്കിയുള്ളവർ എത്രയെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) പദ്ധതിയുടെ നടത്തിപ്പിന് എന്തെങ്കിലും തടസ്സം ഉണ്ടായിട്ടുണ്ടെങ്കിൽ കാരണം വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ഗ്രാമീണ മേഖലയിൽ ഭവനരഹിതരായ കുടുംബങ്ങൾക്ക് ഭവനനിർമ്മാണ ധനസഹായം നൽകുന്ന പദ്ധതിയാണ് ഇന്ദിരാ ആവാസ് യോജന. ഈ പദ്ധതി പ്രകാരം 2014-15 വർഷത്തെ ഭൗതികലക്ഷ്യം 59,060 വീടുകളാണ്.

(ബി) അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(സി) പദ്ധതിയുടെ നടത്തിപ്പിന് തടസ്സമൊന്നുമില്ല.

ഗ്രാമീണ റോഡ് ഒറ്റത്തവണ പുനരുദ്ധാരണ പദ്ധതി

15 (T4050) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമീണ റോഡുകളുടെ ഒറ്റത്തവണ പുനരുദ്ധാരണ പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതിയിൽ റോഡുകൾ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിക്ക് എത്ര തുക നീക്കിവച്ചിട്ടുണ്ടെന്നും എത്ര തുകയ്ക്കുള്ള റോഡ് പരിഷ്കരണ പ്രവൃത്തികൾക്ക് ഉത്തരവ് നൽകിയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

നെന്മാറ നിയോജകമണ്ഡലത്തിലെ ഐ.എ.വൈ. പ്രകാരമുള്ള പ്രവൃത്തികൾ

16 (4051) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെന്മാറ നിയോജക മണ്ഡലത്തിൽ ഐ.എ.വൈ. പദ്ധതി പ്രകാരം എത്ര ഗുണഭോക്താക്കൾക്ക് വീടുകൾ അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) പദ്ധതി പ്രകാരം വീട് അനുവദിക്കപ്പെട്ട ഗുണഭോക്താക്കൾക്ക് തുക പൂർണ്ണമായും കൊടുത്തിട്ടുണ്ടോ ; ഇല്ലെങ്കിൽ എത്ര തുകയാണ് കുടിശ്ശികയുള്ളതെന്ന് വിശദമാക്കുമോ ;

(സി) കുടിശ്ശിക തുക പൂർണ്ണമായും കൊടുത്ത് തീർക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

നെന്മാറ മണ്ഡലത്തിലെ പി.എം.ജി.എസ്.വൈ. പ്രകാരമുള്ള പ്രവൃത്തികൾ

17 (4052) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ പി.എം.ജി.എസ്.വൈ. പ്രകാരം നെന്മാറ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച വിശദാംശം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ എത്ര റോഡുകളുടെ പ്രവൃത്തിയാണ് പൂർത്തീകരിച്ചതെന്നും ഇനി എത്രയെണ്ണം പൂർത്തീകരിക്കാനുണ്ടെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) ഫേസ് 5, ഫേസ് 7, ഫേസ് 8 എന്നിവയിലുൾപ്പെടുത്തി (നെന്മാറ, കൊല്ലങ്കോട് ബ്ലോക്കുകൾ) നെന്മാറ നിയോജകമണ്ഡലത്തിൽ 6 റോഡുകളുടെ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

1. കാമ്പ്രത്തുചള്ള മേച്ചിറ റോഡ്, കൊല്ലങ്കോട് ബ്ലോക്ക്

2. പാളിയമംഗലം മൂക്കൻച്ചിറ റോഡ്, നെന്മാറ ബ്ലോക്ക്

3. കണിമംഗലം കോഴിക്കോട് റോഡ്, നെന്മാറ ബ്ലോക്ക്

4. എൻ.എസ്.എസ്. കോളേജ് പൈറ്റാൻകുന്ന് റോഡ്, നെന്മാറ ബ്ലോക്ക്

5. അകംമ്പാടം ചാട്ടിയോട് ആലുവാശ്ശേരി റോഡ്, നെന്മാറ ബ്ലോക്ക്

6. പാപ്പാൻചള്ള ചെമ്മണാംതോട് റോഡ്, കൊല്ലങ്കോട് ബ്ലോക്ക്

(ബി) നെന്മാറ മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതിപ്രകാരം കൊല്ലങ്കോട് ബ്ലോക്കിലെ കാമ്പ്രത്തുചള്ള മേച്ചിറ റോഡ്, നെന്മാറ ബ്ലോക്കിലെ പാളിയമംഗലം മൂക്കൻച്ചിറ റോഡ് എന്നീ പ്രവൃത്തികളാണ് പൂർത്തീകരിച്ചിരിക്കുന്നത്. ഇനി നെന്മാറ ബ്ലോക്കിലെ മൂന്ന് റോഡുകളുടെയും കോല്ലങ്കോട് ബ്ലോക്കിലെ ഒരു റോഡിന്റെയും (മൊത്തം നാല്) പ്രവൃത്തി പൂർത്തീകരിക്കാനുണ്ട്.

ഗ്രാമീണ റോഡുകൾക്ക് വൺ ടൈം മെയിന്റനൻസ്

18 (T4053) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമീണ റോഡുകൾക്ക് വൺ ടൈം മെയിന്റനൻസ് പ്രകാരം ഓരോ മണ്ഡലത്തിലും എത്ര തുക വീതമാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതുവരെയായി എത്ര മണ്ഡലങ്ങളിൽ തുക അനുവദിച്ചിട്ടുണ്ടെന്നും എത്ര വീതമാണ് അനുവദിച്ചതെന്നും വ്യക്തമാക്കാമോ ;

(സി) മണ്ഡലങ്ങളിൽ തുക അനുവദിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത തുക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നിർദ്ദേശങ്ങൾ നേരത്തെ പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ട് റോഡുകൾ

19 (4054) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ടിൽനിന്നും തുക ചെലവഴിച്ച് ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇനിയും പൂർത്തീകരിക്കുവാനുള്ള പ്രവൃത്തികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുവാനുണ്ടായ കാലതാമസം എന്തെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പ്രവൃത്തികളുടെ ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

കണ്ണൂർ ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകളുടെ വിഭജനം

20 (4055) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ബ്ലോക്ക് പഞ്ചായത്തുകളുടെ വിഭജനം സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; ഇതുപ്രകാരം കണ്ണൂർ ജില്ലയിൽ ഏതൊക്കെ ബ്ലോക്കുകളാണുള്ളത് പുതുതായി ഉണ്ടാകുന്നത്; വിശദാംശം നൽകുമോ ;

(ബി) കല്ല്യാശ്ശേരി മണ്ഡലത്തിൽ ഉള്ള ഏതൊക്കെ പഞ്ചായത്തുകളെയാണ് കല്ല്യാശ്ശേരി ബ്ലോക്കിൽ പുതുതായി ഉൾപ്പെടുത്തുന്നത് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 8-4-2015-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 1079/15/ത.സ്വ.ഭ.വ. പ്രകാരം ബ്ലോക്ക് പഞ്ചായത്തുകളെ നിയോജകമണ്ഡലാടിസ്ഥാനത്തിൽ പുനഃക്രമീകരിക്കുന്നതിന് നിയോഗിച്ച സമിതി സമർപ്പിച്ച കരട് നിർദ്ദേശം ഭേദഗതികളോടെ സർക്കാർ അംഗീകരിച്ചിട്ടുള്ളതും ബ്ലോക്ക് പഞ്ചായത്തുകളുടെ പുനഃക്രമീകരണവുമായി ബന്ധപ്പെട്ട് ആക്ഷേപങ്ങളും നിർദ്ദേശങ്ങളും സമർപ്പിക്കുന്നതിനുവേണ്ടി 29-6-2015-ലെ 35526/ഇഎം. 3/2014/ത.സ്വ.ഭ.വ. പ്രകാരം കരട് വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്.

ഇതുപ്രകാരം കണ്ണൂർ ജില്ലയിലെ പയ്യന്നൂർ, കല്യാശ്ശേരി, തളിപ്പറമ്പ്, ഇരിക്കൂർ, ആലക്കോട്, കണ്ണൂർ, എടക്കാട്, തലശ്ശേരി, കൂത്തുപറമ്പ്, മട്ടന്നൂർ, പേരാവൂർ എന്നീ ബ്ലോക്ക് പഞ്ചായത്തുകളാണുള്ളത്.

ആലക്കോട്, മട്ടന്നൂർ ബ്ലോക്ക് പഞ്ചായത്തുകളാണ് പുതുതായി ഉണ്ടാകുന്നത്. ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ആലക്കോട് ഗ്രാമപഞ്ചായത്ത് ആസ്ഥാനമാക്കി ആലക്കോട് ബ്ലോക്കും മട്ടന്നൂർ നിയോജകമണ്ഡലത്തിൽ മട്ടന്നൂർ നഗരസഭയും നിലവിലുണ്ടായിരുന്ന പഴയ മട്ടന്നൂർ ബ്ലോക്കിന്റെ ആസ്ഥാനം കേന്ദ്രീകരിച്ച് ഇരിട്ടി ബ്ലോക്കിന് പകരമായി മട്ടന്നൂർ ബ്ലോക്കും പുതുതായി രൂപീകരിക്കാനാണുദ്ദേശിക്കുന്നത്.

(ബി) കല്യാശ്ശേരി മണ്ഡലത്തിൽ ഉൾപ്പെട്ടിരുന്ന ചെറുതാഴം, ഏഴോം, കല്യാശ്ശേരി, മാടായി, ചെറുകുന്ന്, മാട്ടൂൽ,, കണ്ണപുരം, കുഞ്ഞിമംഗലം, പട്ടുവം, കടന്നപ്പള്ളി-പാണപ്പുഴ എന്നീ പഞ്ചായത്തുകളെയാണ് കല്യാശ്ശേരി ബ്ലോക്കിൽ പുതുതായി ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്.

മാവേലിക്കര ജില്ലാ ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനം

21 (4056) ശ്രീ. ആർ രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര ജില്ലാ ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ആരോഗ്യവകുപ്പ് തയ്യാറാക്കി സമർപ്പിച്ച നിർദ്ദേശം ലഭ്യമായിട്ടുണ്ടോ ;

(ബി) മാവേലിക്കര ജില്ലാ ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് 2015-16-ൽ നബാർഡ് ഫണ്ട് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത പ്രവർത്തിക്കായി ആരോഗ്യ വകുപ്പ് 33 കോടി രൂപ നബാർഡിൽനിന്നും ലഭ്യമാക്കുന്നതിന് പ്രൊപ്പോസൽ തയ്യാറാക്കിയത് ശ്രദ്ധിച്ചിട്ടുണ്ടോ ;

(ഡി) പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

വാടകയ്ക്ക് എടുത്ത കെട്ടിടങ്ങൾ

22 (4057) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരമേറ്റതിനുശേഷം സി-ഡിറ്റ് എത്ര കെട്ടിടങ്ങൾ വാടകയ്ക്ക് എടുത്തുവെന്നും പ്രസ്തുത കെട്ടിടങ്ങളുടെ വാടകയിനത്തിലും ഓഫീസ് സജ്ജീകരണത്തിനുമായി എത്ര തുക വിനിയോഗിച്ചുവെന്നും പ്രസ്തുത തുകയുടെ ഉറവിടം ഏതാണെന്നും ഇനങ്ങൾ തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സി-ഡിറ്റ് രണ്ട് കെട്ടിടങ്ങൾ വാടകയ്ക്ക് എടുത്തിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് ചെലവായ തുക താഴെക്കൊടുക്കുന്നു :

1. ടെക്നോളജി എക്സ്റ്റൻഷൻ ഡിവിഷൻ ചിറക്കുളം റോഡിൽ റ്റി.സി. 82/2444 കെട്ടിടത്തിലേക്ക് മാറ്റിയ വകയിൽ ചെലവായ തുക.

ഫർണിച്ചർ, ഫിറ്റിംഗ്സ് ഇളക്കി മാറ്റി പുതിയ രണ്ട് കെട്ടിടത്തിലേക്ക് കൊണ്ടുപോയി ഫിറ്റ് ചെയ്ത വകയിൽ ചെലവായത്	2,65,000 രൂപ
മറ്റ് സാധനങ്ങൾ മാറ്റിയ വകയിൽ ചെലവായത്	2,19,409 "
നെറ്റ്‌വർക്കിംഗ് ചെയ്ത വകയിൽ ചെലവായത്	72,560 "
യു.പി.എസ്. വയറിംഗിനായി ചെലവായത്	1,39,088 "
ആകെ	6,96,057 "
മാസവാടക (3000 ചതുരശ്ര അടിക്ക് 18 രൂപ നിരക്കിൽ)	54,000 "

LIBRARY ARCHIVES Kerala Legislative Assembly

2015 ഫെബ്രുവരി മുതൽ മെയ് വരെ 1,89,000 രൂപ വാടകയായി നൽകിയിട്ടുണ്ട്.

2. വെബ് സർവ്വീസ് ഡിവിഷൻ കൂടുതൽ സ്ഥലസൗകര്യമുള്ള വഴുതക്കാട് സെന്റർ പ്ലാസ കെട്ടിടത്തിലേക്ക് 2015 മാർച്ച് മുതൽ മാറുകയുണ്ടായി. ബന്ധപ്പെട്ട ചെലവുകൾ താഴെ കൊടുക്കുന്നു :

2015 മാർച്ച് മുതൽ മെയ് വരെ വാടകയിനത്തിൽ ചെലവായത്	1,38,768 രൂപ
ഫർണിച്ചർ ഫിറ്റിംഗ്സ് (ഫാബ്രിക്കേഷൻ ഉൾപ്പെടെ)	2,14,290 "
നെറ്റ്‌വർക്കിംഗ് ചാർജ്	3,77,108 "
ആകെ	7,30166 "

കെട്ടിടവാടക 2150 sq.ft.-ന് 18 രൂപ നിരക്കിൽ മാസം 38,700 രൂപ.

രണ്ട് കെട്ടിടങ്ങളുടെയും വാടകയും ഓഫീസ് സജ്ജീകരണത്തിന് ചെലവായ തുകയും അതാത് പ്രോജക്ടുകളിൽ നിന്നുള്ള വരുമാനത്തിൽനിന്നുമാണ് കണ്ടെത്തിയിട്ടുള്ളത്.

അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിൽ ഐ.എ.വൈ. ഭവന നിർമ്മാണ പദ്ധതി

23 (4058) <u>ശ്രീ. ജി. സുധാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിന്റെ ഐ.എ.വൈ. ഭവന നിർമ്മാണ പദ്ധതി പ്രകാരം എത്ര ഗുണഭോക്താക്കൾക്ക് സംസ്ഥാന സർക്കാർ ഫണ്ട് ലഭ്യമാക്കുവാൻ ഉണ്ടെന്ന് വിശദമാക്കാമോ ;

(ബി) ഫണ്ട് നൽകുന്നതിന് ഉണ്ടായിട്ടുള്ള തടസ്സം എന്താണെന്ന് വിശദമാക്കുമോ ; ഗുണഭോക്താക്കൾക്ക് നൽകുവാനുള്ള തുക ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിന്റെകീഴിലുള്ള ഗ്രാമപഞ്ചായത്തുകളിൽ പണം ലഭിക്കുവാനുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് ജില്ലയിൽ തൊഴിലുറപ്പ് പദ്ധതി

24 (4059) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത എത്ര കുടുംബങ്ങളുണ്ടെന്ന് മണ്ഡലം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ ;

(ബി) ജില്ലയിൽ 2012-13, 2013-14, 2014-15 കാലയളവിൽ എത്ര തൊഴിൽ ദിനങ്ങളാണ് സൃഷ്ടിക്കാൻ കഴിഞ്ഞതെന്നും കൂലിയിനത്തിൽ എത്ര രൂപയാണ് ചെലവഴിച്ചതെന്നും മണ്ഡലം തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ)

ക്രമ നമ്പർ	നിയോജകമണ്ഡലത്തിന്റെ പേര്	രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ
1	മഞ്ചേശ്വരം	17523
2	കാസർഗോഡ്	15704
3	ഉദുമ	30434
4	കാഞ്ഞങ്ങാട്	28473
5	തൃക്കരിപ്പൂർ	32932
	ആകെ	125066

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

കൊട്ടാരക്കര മണ്ഡലത്തിലെ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ

25 (4060) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം കഴിഞ്ഞ നാലു വർഷങ്ങളായി കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ എത്ര രൂപയുടെ പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

859/2017.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതികളിൽ ഓരോ വർഷവും സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ എത്രയെന്ന് പഞ്ചായത്ത് തിരിച്ച് പട്ടിക ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയുടെ കീഴിൽ ആരംഭിക്കാനുദ്ദേശിച്ചിട്ടുള്ള രാജീവ്ഗാന്ധി സേവാകേന്ദ്രങ്ങളുടെ പ്രവർത്തനം കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ ആരംഭിച്ചിട്ടുണ്ടോ ; എന്തെല്ലാം സേവനങ്ങളും പ്രവൃത്തികളുമാണ് പ്രസ്തുത കേന്ദ്രങ്ങൾവഴി നടപ്പിലാക്കുന്നത്?

<u>ഉത്തരം</u>

(എ-സി) അനുബന്ധം I, II, III ആയി ചേർത്തിരിക്കുന്നു.*

തൊഴിലുറപ്പ് പദ്ധതി മിനിമം വേതന വർദ്ധന

26 (4061) <u>ശ്രീ. ജി. സുധാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലുറപ്പുപദ്ധതി പ്രകാരം തൊഴിൽ ചെയ്യുന്നവരുടെ വേതനം മിനിമം വേജസ് നിയമപ്രകാരം 320 രൂപയായി ഉയർത്തി നൽകുന്നകാര്യം പരിഗണിക്കുമോ ;

(ബി) മിനിമം വേജസ് നിയമപ്രകാരം വേതനം വർദ്ധിപ്പിച്ച് നൽകുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ ; എങ്കിൽ എന്താണെന്ന് വിശദമാക്കുമോ ;

(സി) മിനിമം വേജസ് നിയമപ്രകാരം വേതനം നൽകണമെന്ന് ഏതെങ്കിലും കോടതി ഉത്തരവ് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ഡി) തൊഴിലാളികളുടെ ജോലി സമയം രാവിലെ ഒൻപത് മുതൽ നാല് വരെ ആക്കുന്നകാര്യം പരിഗണിക്കുമോ ; ഇത് നടപ്പിലാക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ട് എന്താണെന്ന് വിശദമാക്കാമോ ;

(ഇ) തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നകാര്യം പരിഗണിക്കുമോ ?

(എഫ്) സർക്കാരിന്റെ പുതിയ ഉത്തരവ് പ്രകാരം ഇപ്പോൾ ഏതെല്ലാം ജോലികളാണ് പ്രസ്തുത പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ജി) മത്സ്യമേഖലയേയും ക്ഷീരമേഖലയേയും തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നകാര്യം പരിഗണിക്കുമോ ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമമനുസരിച്ച് പദ്ധതിയിൽ പണിയെടുക്കുന്ന അവിദഗ്ദ്ധ തൊഴിലാളികളുടെ വേതനം വിവിധ സംസ്ഥാനങ്ങളിൽ വിവിധ നിരക്കുകളിൽ പ്രതിദിനം 60 രൂപയിൽ കുറയാത്ത നിരക്കിൽ നിശ്ചയിക്കുന്നതിനുള്ള അധികാരം കേന്ദ്ര സർക്കാരിനാണ്. നിലവിലുള്ള വിലസൂചികയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ 2015 ഏപ്രിൽ ഒന്നു മുതൽ തൊഴിലാളികളുടെ വേതനം 229 രൂപയായി വിജ്ഞാപനം ചെയ്തിട്ടുണ്ട്.

(സി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ മിനിമം വേജസ് നിയമപ്രകാരം വേതനം നൽകണമെന്ന കോടതി ഉത്തരവ് ലഭ്യമായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമമനുസരിച്ച് ഒരു തൊഴിലാളിയുടെ ഒരു ദിവസത്തെ എട്ട് മണിക്കൂർ ജോലി സമയം എന്നത് പകൽ 12 മണിക്കൂറിൽ അധികരിക്കാൻ പാടില്ലാത്തവിധം സൗകര്യാനുസരണം ക്രമീകരിക്കേണ്ടതാണെന്ന് അനുശാസിച്ചിട്ടുണ്ട്. ഇതനുസരിച്ച് ഒരു മണിക്കൂർ വിശ്രമമുൾപ്പെടെ എട്ട് മണിക്കൂർ ക്രമീകരിക്കുമ്പോൾ രാവിലെ ഒമ്പത് മണി മുതൽ അഞ്ച് മണി വരെയായി നിജപ്പെടുത്തേണ്ടതുണ്ട്.

(ഇ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റവും കുറഞ്ഞത് പതിനഞ്ച് ദിവസമെങ്കിലും പണിയെടുത്തിട്ടുള്ള തൊഴിലാളികൾക്ക് ആം ആദ്മി ബീമാ യോജന പ്രകാരമുള്ള ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പ് വരുത്തുന്നതിനുള്ള നിർദ്ദേശം ജില്ലകൾക്ക് നൽകിയിട്ടുണ്ട്.

(എഫ്) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ജി) മത്സ്യമേഖലയിൽ അടിസ്ഥാന സൗകര്യങ്ങളായ മത്സ്യം ഉണക്കുന്ന കേന്ദ്രങ്ങൾ, മത്സ്യം സൂക്ഷിക്കുന്ന കേന്ദ്രങ്ങൾ എന്നിവ നിർമ്മിക്കലും വർഷകാലത്ത് മാത്രം വെള്ളം ലഭ്യമാകുന്ന പൊതുകുളങ്ങളിൽ (Seasonal water bodies on public land) മത്സ്യം വളർത്തുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ എന്നീ പ്രവൃത്തികൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മൃഗപരിപാലനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളായ തൊഴുത്ത്, പുൽത്തൊട്ടി എന്നിവയുടെ നിർമ്മാണം പദ്ധതിയിലേറ്റെടുത്തുവരുന്നു. ഈ മേഖലയിലെ ഗുണഭോക്താക്കൾക്ക് കൂടുതൽ മെച്ചപ്പെട്ട വിഭവാടിത്തറ സൃഷ്ടിക്കുന്നതിനായി തൊഴിലുറപ്പ്

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതി കൃഷി, ഫിഷറീസ്, ഡയറി, മൃഗസംരക്ഷണ വകുപ്പുകളുടെ പദ്ധതികളുമായി സമന്വയിപ്പിച്ച് (Convergence) പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. അതോടൊപ്പം ക്ഷീരകർഷകരുടെ മൃഗപരിപാലനവുമായി ബന്ധപ്പെട്ട ദൈനംദിന പ്രവൃത്തികൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സംസ്ഥാനം നിരവധി തവണ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. അനുകൂലമായ മറുപടി നാളിതുവരെ ലഭ്യമായിട്ടില്ല.

കാഞ്ഞങ്ങാട് മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതി

27 (4062) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം റോഡുകൾക്കാണ് ഭരണാനുമതി ലഭിച്ചതെന്നും അതിൽ എത്ര റോഡുകളുടെ പ്രവൃത്തി പൂർത്തിയായിയെന്നും വിശദമാക്കാമോ ;

(ബി) പുതുതായി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് കാഞ്ഞങ്ങാട് മണ്ഡലത്തിൽ നിന്നും ഏതൊക്കെ റോഡുകളാണ് തെരഞ്ഞെടുത്തിട്ടുള്ളത് ;

(സി) പദ്ധതിയിൽ ഉൾപ്പെടാൻ നിലവിലെ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി യോഗ്യതയുള്ള ഏതൊക്കെ റോഡുകളാണ് മണ്ഡലത്തിൽ ഉള്ളതെന്ന് പഞ്ചായത്ത് തിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) കാഞ്ഞങ്ങാട് നിയമസഭ മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 32 റോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 29 പ്രവൃത്തികൾ പൂർത്തീകരിച്ചു. മൂന്ന് പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. അനുവദിച്ച റോഡുകളുടെ പട്ടിക അനുബന്ധം I ആയി ചേർക്കുന്നു.*

(ബി) കാഞ്ഞങ്ങാട് നിയമസഭ മണ്ഡലത്തിൽ പെടുന്ന മടിക്കൈ പഞ്ചായത്തിലെ മുണ്ടോട്-തൊട്ടിനാട്-അരയങ്ങാനംറോഡ് പുതുതായി പി.എം.ജി.എസ്.വൈ.- II പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്.

(സി) പി.എം.ജി.എസ്.വൈ.-II പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി ഡി.ആർ.ആർ.പി. തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള കാഞ്ഞങ്ങാട് നിയമസഭ മണ്ഡലത്തിൽ പെടുന്ന റോഡുകൾ അനുബന്ധം II ആയി ചേർക്കുന്നു.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉടുമ്പൻചോല ഹാഡ പദ്ധതി

28 (4063) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹാഡ പദ്ധതിയിൽപ്പെടുത്തി ഉടുമ്പൻചോല നിയോജകമണ്ഡലത്തിൽ ഏതൊക്കെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് ; പഞ്ചായത്തും വർഷവും തിരിച്ച് വിശദാംശം നൽകാമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസിയുടെ പദ്ധതിയിൽ ഉൾപ്പെടുത്തി ഉടുമ്പൻചോല നിയോജകമണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ പി.എം.ജി.എസ്.വൈ. പദ്ധതികൾ

29 (4064) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം നിർമ്മിച്ച റോഡുകൾ ഏതൊക്കെയെന്ന് ഉത്തരവിന്റെ പകർപ്പ് സഹിതം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തിയായവ ഏത് ; ഇനിയും പൂർത്തീകരിക്കുവാനുള്ളത് ഏതൊക്കെയെന്നും, പ്രവൃത്തി ആരംഭിക്കുവാനുള്ളത് ഏതൊക്കെയെന്നും വിശദമാക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ടി റോഡുകളിൽ ഒന്നുംതന്നെ പൂർത്തീകരിച്ചിട്ടില്ല. "ഉദയമറ്റം-മാമ്പ്രപ്പാടം" റോഡിന്റെ എഗ്രിമെന്റ് പ്രകാരമുള്ള പൂർത്തീകരണ തീയതി 12-11-2015-ഉം "കാരക്കാട്-തവിട്ട്പൊയ്ക" റോഡിന്റേത് 23-12-2015-ഉം ആകുന്നു. ഒരു പ്രവൃത്തിയും ആരംഭിക്കാനായി അവശേഷിക്കുന്നില്ല.

(സി) ടി റോഡുകളുടെ പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ചാത്തന്നൂർ നിയോജകമണ്ഡല പുനർനിർണ്ണയം

30 (4065) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ നിയോജകമണ്ഡലം പുനർനിർണ്ണയം നടത്തിയപ്പോൾ മണ്ഡലത്തിൽ നിലവിലുണ്ടായിരുന്ന നെടുമ്പന ഗ്രാമപഞ്ചായത്ത് മുഖത്തല ബ്ലോക്ക് പഞ്ചായത്തിലേക്ക് മാറ്റുകയും പകരം കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിലെ പൂയപ്പള്ളി ഗ്രാമപഞ്ചായത്ത് ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുത്തുകയും ചെയ്തകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ചാത്തന്നൂർ നിയോജകമണ്ഡലത്തിലേക്ക് കൂട്ടിച്ചേർത്ത പൂയപ്പള്ളി ഗ്രാമപഞ്ചായത്ത് ഇപ്പോഴും കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് പരിധിയിലാണ് പ്രവർത്തിക്കുന്നതെന്ന കാര്യം പരിഗണിച്ച് പ്രസ്തുത ഗ്രാമപഞ്ചായത്ത് ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പിന് മുൻപ് ഈ നടപടി പൂർത്തീകരിക്കുന്നതിന് തടസ്സമുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പൂയപ്പള്ളി ഗ്രാമപഞ്ചായത്ത് നിലവിൽ കൊട്ടാരക്കര ബ്ലോക്കിന്റെ ഭാഗമാണെങ്കിലും ചാത്തന്നൂർ അസംബ്ലി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുവരുന്ന ഒരു ഗ്രാമപഞ്ചായത്താണ്. ഈ ഗ്രാമപഞ്ചായത്തിനെ കൊട്ടാരക്കര ബ്ലോക്കിൽനിന്നും വേർപെടുത്തി ഇത്തിക്കര ബ്ലോക്കിൽ ഉൾപ്പെടുത്തിയാണ് കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പിന് മുമ്പ് ബ്ലോക്ക് പുനഃക്രമീകരണവുമായി ബന്ധപ്പെട്ട നടപടികൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ തൊഴിലുറപ്പ് പദ്ധതി

31 (4066) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകളിൽ നാളിതുവരെ തൊഴിലുറപ്പ് പദ്ധതിയിൽ എത്ര കുടുംബങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര ആളുകൾ നിലവിൽ ജോലി ചെയ്യുന്നുവെന്ന് വ്യക്തമാക്കാമോ ;

(സി) നിലവിൽ തൊഴിലുറപ്പ് പദ്ധതി കൂലിയിനത്തിൽ കടിശ്ശിക നൽകുവാനുണ്ടോ ; ഉണ്ടെങ്കിൽ തുക എത്രയെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ ?

ഉത്തരം

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകളിൽ നാളിതുവരെ 20513 കുടുംബങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ നിലവിൽ 7846 ആളുകൾ ജോലി ചെയ്യുന്നു.

(സി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ കൂലിയിനത്തിൽ കടിശ്ശിക നൽകാനുണ്ട്. വിശദാംശം പഞ്ചായത്ത് തിരിച്ച് ചുവടെ ചേർക്കുന്നു :

പഞ്ചായത്തിന്റെ പേര്	കൂലിയിനത്തിലെ കടിശ്ശിക (ലക്ഷത്തിൽ)
ആല	3
ബുധനൂർ	0.29
ചെറിയനാട്	9.26
മുളക്കുഴ	4.98
പാണ്ടനാട്	5.49
പുലിയൂർ	0.65
തിരുവൻവണ്ടൂർ	2.77
വെൺമണി	2.13
ചെന്നിത്തല	15.33
മാന്നാർ	11.52
ആകെ	55.42

LIBRARY ARCHIVES Kerala Legislative Assembly

മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

32 (4067) ശ്രീ. എളമരം കരീം :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം കഴിഞ്ഞ വർഷങ്ങളിൽ 100 ദിവസം തൊഴിൽ ലഭ്യമായ കുടുംബങ്ങളുടെ എണ്ണം സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ;

(ബി) 100 ദിവസം തൊഴിൽ ലഭ്യമായവരുടെ എണ്ണത്തിൽ കുറവ് വരുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇതിനുള്ള കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ;

(ഡി) പോരായ്മകൾ ഒഴിവാക്കി പദ്ധതി ഫലപ്രദമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഉല്പാദനക്ഷമമായ ആസ്തികളുടെ നിർമ്മിതിക്ക് ഊന്നൽ നൽകി മുൻകാലങ്ങളിൽ ഏറ്റെടുത്തിരുന്ന പ്രകടമല്ലാത്തതും ആവർത്തനസ്വഭാവമുള്ളതുമായ പ്രവൃത്തികൾ 3-1-2014 -ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം പട്ടിക I &II ഭേദഗതിയെ തുടർന്ന് ഒഴിവാക്കിയിട്ടുണ്ട്. ഉല്പാദനക്ഷമവും ഈടുറ്റതും ഗുണമേന്മയുള്ളതുമായ ആസ്തികൾക്ക് പ്രാധാന്യം നൽകി പ്രവൃത്തികൾ തെരഞ്ഞെടുക്കുന്നതിനാൽ തൊഴിലുറപ്പ് പദ്ധതിയിൽ കൂടുതൽ പ്രവൃത്തിദിനങ്ങൾ സൃഷ്ടിക്കുന്നതിൽ പരിമിതിയുണ്ടായിട്ടുണ്ട്.

(ഡി) സ്വീകരിച്ചിട്ടുണ്ട്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

33 (4068) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പുപദ്ധതിയിൽ 2011 മുതൽ 2015 വരെ ഓരോ വർഷവും പേര് രജിസ്റ്റർ ചെയ്തവർ എത്രയെന്ന് ജില്ലതിരിച്ച് വിശദമാക്കുമോ ;

(ബി) 2011 മുതൽ 2015 വരെ ഓരോ വർഷവും ഇവർക്കോരോരുത്തർക്കും എത്ര ദിവസം തൊഴിൽ നല്കിയെന്നും എത്ര കേന്ദ്ര സഹായം ലഭിച്ചുവെന്നും എത്ര ചെലവാക്കിയെന്നുമുള്ള വിശദാംശം ജില്ലതിരിച്ച് ലഭ്യമാക്കുമോ ;

(സി) 2011 മുതൽ 2015 വരെയുള്ള ലേബർ ബജറ്റുപ്രകാരം ഓരോ വർഷവും പ്രതീക്ഷിക്കപ്പെട്ട ശരാശരി തൊഴിൽദിനം എത്രയെന്നും ലഭിച്ച പ്രതിദിനവേതനം എത്രയെന്നും വർഷം തിരിച്ചും ജില്ലതിരിച്ചും വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ഇത് സംബന്ധിച്ച ലേബർ ബജറ്റിന്റെയും അനുബന്ധ സംസ്ഥാന-കേന്ദ്ര സർക്കാർ ഉത്തരവുകളുടെയും 2011 മുതലുള്ള പകർപ്പുകൾ ലഭ്യമാക്കുമോ ;

(ഇ) പ്രസ്തുത പദ്ധതിയിലെ ഷെഡ്യൂൾ I-ൽപ്പെട്ട എന്തെല്ലാം പ്രവൃത്തികൾ 2011 മുതൽ 2015 വരെ ഓരോ വർഷവും സംസ്ഥാന സർക്കാർ നടപ്പിലാക്കിയെന്നും ഇവയ്ക്കോരോന്നിനും ലഭിച്ച തുകയും ചെലവാക്കിയ തുകയും എത്ര വീതമെന്നും വ്യക്തമാക്കുമോ ;

(എഫ്) നിലവിൽ തൊഴിലുറപ്പ് ജോലി ചെയ്യുവരിൽ നാളിതുവരെ വേതനം ലഭിക്കാത്തവർ ആരെല്ലാം ; ജില്ല തിരിച്ച് ലിസ്റ്റ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.*

(ബി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 2011 മുതൽ 2015 വരെ ഓരോ വർഷവും പദ്ധതിയിൽ തൊഴിൽ ലഭിച്ചവരുടെയും ലഭ്യമാക്കിയ കേന്ദ്ര സഹായത്തിന്റെയും ചെലവാക്കിയ തുകയുടെയും ജില്ലതിരിച്ചുള്ള വിശദാംശം അനുബന്ധം II ആയി ചേർത്തിട്ടുണ്ട്.*

(സി) 2011 മുതൽ 2015 വരെയുള്ള ലേബർ ബഡ്ജറ്റ് പ്രകാരം ഓരോ വർഷവും പ്രതീക്ഷിക്കപ്പെട്ട ശരാശരി തൊഴിൽദിനം സൃഷ്ടിക്കപ്പെട്ട തൊഴിൽദിനങ്ങൾ, പ്രതിദിന വേതനം എന്നിവ സംബന്ധിച്ച വിവരം അനുബന്ധം III ആയി ചേർത്തിരിക്കുന്നു.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ലേബർ ബഡ്ജറ്റിന്റെയും അനുബന്ധ സംസ്ഥാന-കേന്ദ്ര സർക്കാർ ഉത്തരവുകളുടെയും 2011 മുതലുള്ള പകർപ്പുകൾ അനുബന്ധം IV ആയി ചേർത്തിരിക്കുന്നു.*

(ഇ) 2011 മുതൽ 2015 വരെ ഓരോ വർഷവും സംസ്ഥാന സർക്കാർ നടപ്പിലാക്കിയ പദ്ധതികൾക്ക് ചെലവാക്കിയ തുക സംബന്ധിച്ച വിവരങ്ങൾ അനുബന്ധം V ആയി ചേർത്തിരിക്കുന്നു.*

(എഫ്) അനുബന്ധം VI ആയി ചേർത്തിരിക്കുന്നു.*

എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററുകൾ

34 (4069) <u>ശ്രീ. വി. ശിവൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമവികസന വകുപ്പിനുകീഴിലുള്ള വികസന പരിശീലന കേന്ദ്രങ്ങളിൽ (എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററുകൾ) ആർക്കൊക്കെയാണ് പരിശീലനം നൽകുന്നത്;

(ബി) പ്രസ്തുത പരിശീലന കേന്ദ്രങ്ങളിൽ ഒരു പരിശീലനാർത്ഥിക്ക് പ്രതിദിനം എത്ര രൂപയാണ് ഭക്ഷണത്തിനായി അനുവദിച്ചിരിക്കുന്നതെന്നും ഒരു ഫാക്കൽറ്റി അംഗത്തിന് പ്രതിദിനം എത്ര രൂപയാണ് പ്രതിഫലമായി നൽകുന്നതെന്നും വ്യക്തമാക്കുമോ ;

(സി) മേൽ പറഞ്ഞ തുകകൾ പര്യാപ്തമാണോ എന്നും പര്യാപ്തമല്ലെങ്കിൽ ആയതു പര്യാപ്തമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഗ്രാമവികസന വകുപ്പ്, ഇതര വകുപ്പുകളിലെ ഉദ്യോഗസ്ഥർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, കുടുംബശ്രീ അംഗങ്ങൾ, സ്വയം സഹായ സംഘങ്ങളിലെ അംഗങ്ങൾ, ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർ, എം.ജി.എൻ.ആർ.ഇ.ജി.എസ്. തൊഴിലാളികൾ, കർഷകർ, എസ്.സി./എസ്.റ്റി. പ്രൊമോട്ടർമാർ എന്നിവർക്ക് വികസന പരിശീലന കേന്ദ്രങ്ങളിൽ പരിശീലനം നൽകുന്നു.

(ബി) ഒരു പരിശീലനാർത്ഥിക്ക് പ്രതിദിനം ഭക്ഷണത്തിനായി 80 രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഒരു ഫാക്കൽറ്റി അംഗത്തിന് പ്രതിഫലമായി മണിക്കൂറിന് 150 രൂപയാണ് നൽകുന്നത്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) മേൽ തുക പര്യാപ്തമല്ലാത്തതിനാൽ തുക വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഗ്രാമവികസന കമ്മീഷണർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ്.

ആദിവാസികൾക്കുവേണ്ടി ഗ്രാമവികസന വകുപ്പ് നടപ്പാക്കിയതും നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളതുമായ പദ്ധതികൾ

35 (4070) <u>ശ്രീ. വി. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആദിവാസികൾക്ക് വേണ്ടി ഗ്രാമവികസന വകുപ്പുവഴി നടപ്പാക്കിയ/തീരുമാനിച്ച പദ്ധതികളുടെ പേര് വിവരം വർഷം തിരിച്ച് ലഭ്യമാക്കാമോ ;

(ബി) ഓരോ പദ്ധതികൾക്കും എത്ര രൂപാവീതം നീക്കിവച്ചുവെന്നും ഏതെല്ലാം പദ്ധതികൾ പൂർത്തീകരിച്ചുവെന്നും വ്യക്തമാക്കാമോ ;

(സി) അട്ടപ്പാടിയിൽ മാത്രം ഏതെല്ലാം പദ്ധതികൾ നടപ്പാക്കി ;

(ഡി) ഡോ. സീമാ ഭാസ്കറിന്റെ നേതൃത്വത്തിൽ അട്ടപ്പാടിയിൽ നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാം ; ഇതിനായി എത്ര രൂപ ചെലവാക്കിയെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

പത്രപ്രവർത്തകരുടെ ആശ്രിതർക്കുള്ള പെൻഷൻ വിതരണം

36 (T4071) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്രപ്രവർത്തകരുടെ ആശ്രിതർക്കുള്ള പെൻഷൻ വിതരണം ചെയ്യുന്നതിന് കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ചാലക്കുടി സബ്ട്രഷറിക്കുകീഴിൽ പ്രസ്തുത പെൻഷൻ ലഭിക്കേണ്ടവരായ ശ്രീമതി സാവിത്രി അന്തർജ്ജനം, ശ്രീമതി അമ്മിണിയമ്മ തുടങ്ങിയവർക്കുള്ള പെൻഷൻ കുടിശ്ശിക സഹിതം ലഭിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ശ്രീമതി സാവിത്രി അന്തർജ്ജനത്തിന് 11/2014 മുതൽ പെൻഷൻ വിതരണം ചെയ്ത് തുടങ്ങിയിട്ടുണ്ട്. ശ്രീമതി അമ്മിണിയമ്മയ്ക്ക് പെൻഷനും കുടിശ്ശികയും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ടിൽ (RIDF) കോഴിക്കോട് ജില്ലയിൽ റോഡുകൾ

37 (4072) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് ഫണ്ടിൽ (RIDF)-നിന്നും റോഡുകൾക്ക് തുക അനുവദിക്കുന്നതിന്റെ മാനദണ്ഡമെന്ത് എന്നത് വിശദമായി വ്യക്തമാക്കാമോ ;

(ബി) RIDF-ൽ റോഡുകൾ നവീകരിക്കുന്നതിന് പ്രൊപ്പോസൽ ആർക്കാണ് സമർപ്പിക്കേണ്ടതെന്നും പ്രൊപ്പോസലുകൾ ഗ്രാമവികസന വകുപ്പ് മുഖേനയാണോ അഥവാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണോ നൽകേണ്ടതെന്നത് വിശദമാക്കാമോ ;

(സി) ഈ സർക്കാരിന്റെ നാളിതുവരെയുള്ള ഭരണകാലത്തു RIDF-പദ്ധതിയിൽ കോഴിക്കോട് ജില്ലയിൽ ഒരു റോഡിന് പോലും തുക അനുവദിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; കോഴിക്കോട് ജില്ലയെ ഇത്തരത്തിൽ പരിഗണിക്കാതിരിക്കാൻ കാരണമെന്ത് എന്നത് വിശദമാക്കാമോ ;

(ഡി) പുതുതായി RIDF-ൽ പരിഗണിക്കുന്ന റോഡുകളിലും കോഴിക്കോട് ജില്ല പരിഗണിക്കപ്പെടാതെ പോയത് എന്തുകൊണ്ടെന്നത് വിശദമാക്കാമോ ;

(ഇ) RIDF-ൽ ഉൾപ്പെടുത്തുന്നതിന് നിയമസഭാ സാമാജികർ നൽകുന്ന പ്രൊപ്പോസലുകൾ പരിഗണിച്ച് ഭരണാനുമതി നൽകാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) നബാർഡ് പ്രവൃത്തികളുടെ ഏകോപനവും മേൽനോട്ടവും നടത്തുന്നത് ചീഫ്സെക്രട്ടറി അദ്ധ്യക്ഷനായ എസ്.എൽ.ഇ.സി. (State Level Empowered

LIBRARY ARCHIVES Kerala Legislative Assembly

Committee) ആണ്. ധനകാര്യവകുപ്പാണ് ഈ പദ്ധതിയുടെ നോഡൽ ഡിപ്പാർട്ട്മെന്റ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള നബാർഡ് വിഹിതം എസ്.എൽ.ഇ.സി. നിശ്ചയിച്ച് അറിയിക്കുന്നമുറയ്ക്ക് പ്രോജക്ടുകളുടെ കരട്നിർദ്ദേശം ബന്ധപ്പെട്ട പഞ്ചായത്തിൽനിന്നും ഗ്രാമവികസന കമ്മീഷണർ വാങ്ങി സർക്കാരിന്റെ തത്വത്തിലുള്ള അനുമതിക്ക് നൽകുകയാണ് ചെയ്യുന്നത്. അത്തരത്തിൽ അംഗീകാരം കിട്ടുന്ന പ്രവൃത്തികളുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR) വാങ്ങി നബാർഡിന്റെ അനുമതിക്ക് അയയ്ക്കുകയും അനുമതി ലഭിക്കുന്ന പ്രവൃത്തികൾക്ക് സർക്കാർ ഭരണാനുമതി നൽകുകയും ചെയ്യുന്നു.

(ബി) ആർ.ഐ.ഡി.എഫ്-ൽ റോഡുകൾ നവീകരിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ബന്ധപ്പെട്ട ജില്ല/ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ഗ്രാമവികസന കമ്മീഷണർ വഴി സർക്കാരിന്റെ തത്വത്തിലുള്ള അനുമതിക്ക് നൽകുന്നു.

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആർ.ഐ.ഡി.എഫ്. ട്രാഞ്ച XX-ൽ കോഴിക്കോട് ജില്ലയിലെ കുരാച്ചുണ്ട് ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്ന തുവ്വക്കടവ്-ഐ.ടി ജോർജ് റോഡ് (അടങ്കൽ തുക 50 ലക്ഷം രൂപ) എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഇ) പരിഗണിക്കാറുണ്ട്.

സാമൂഹ്യ സാമ്പത്തിക ജാതി സെൻസസ്

38 (4073) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സാമൂഹ്യ സാമ്പത്തിക ജാതി സെൻസസ് ഫലം പ്രസിദ്ധീകരിച്ചിരുന്നോ ;

(ബി) പ്രസ്തുത സെൻസസ് പ്രകാരം എല്ലാ ജില്ലകളിലും സർവ്വേ വിവരങ്ങളുടെ ക്രോഡീകരണം പൂർത്തീകരിച്ചിട്ടുണ്ടോ ;

(സി) പൂർത്തീകരിക്കാത്ത ജില്ലകൾ ഏതെല്ലാമാണ് ; ആയതിന്റെ കാരണങ്ങൾ എന്തെല്ലാമാണ് ?

<u>ഉത്തരം</u>

(എ) സാമൂഹ്യ സാമ്പത്തിക ജാതിസെൻസസ് ഫലം കേന്ദ്രസർക്കാർ secc.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്തെ 9 (കാസർഗോഡ്, വയനാട്, പാലക്കാട്, എറണാകുളം, ഇടുക്കി, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട, കൊല്ലം) ജില്ലകളിലെ അന്തിമ ലിസ്റ്റ് പ്രസ്തുത വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(സി) കേരളത്തിലെ 4 (കണ്ണൂർ, മലപ്പുറം, തൃശ്ശൂർ, തിരുവനന്തപുരം) ജില്ലകളിലെ അന്തിമ ലിസ്റ്റും പ്രസിദ്ധീകരണത്തിനായി കേന്ദ്ര സർക്കാരിന് കൈമാറാൻ തയ്യാറായിട്ടുണ്ട്.

കോഴിക്കോട് ജില്ലയിലെ പരാതികളുടെ അപ്‌ലോഡിംഗ് ഇനിയും പൂർത്തിയായിട്ടില്ല. പരാതികളുടെ തീർപ്പ് അപ്‌ലോഡ് ചെയ്യുന്നതിനുള്ള സോഫ്റ്റ്‌വെയറിൽ വന്ന സാങ്കേതിക തടസ്സമാണ് അപ്‌ലോഡിംഗ് വൈകാനിടയാക്കിയത്.

ദേശീയ സാമ്പത്തിക സർവ്വേ

39 (T4074) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ദേശീയ സാമ്പത്തിക സർവ്വേ പ്രകാരം വിവിധ മാനവ വികസന സൂചകങ്ങളിൽ കേരളത്തിന്റെ സ്ഥാനം വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

2011 UNDP India report പ്രകാരം മാനവ വികസന സൂചകത്തിൽ കേരളത്തിന്റെ സ്ഥാനം ഇന്ത്യയിൽ ഒന്നാമതാണ്. (മാനവ വികസന സൂചക =0.625). UNDP India report പ്രകാരം മാനവ വികസന സൂചകത്തിൽ ആഗോള റാങ്കിംഗിൽ ഇന്ത്യയുടെ സ്ഥാനം 119 ആണ് (മാനവ വികസന സൂചകം =0.519). ഈ റിപ്പോർട്ടിൽ കേരളത്തിന്റെ സ്ഥാനം 99 ആണ്. (ഇത് ഫിലിപ്പൈൻസിനും റിപ്പബ്ലിക് ഓഫ് മോൾഡോവാ എന്നീ രാജ്യങ്ങൾക്കും ഇടയിലാണ്.

വിവിധ പദ്ധതികളിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ

40 (T4075) <u>ശ്രീ. വി. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്ലാൻ, നോൺപ്ലാൻ, സംസ്ഥാനാവിഷ്കൃതം എന്നീ ഇനങ്ങളിൽ വിവിധ പദ്ധതികൾക്കായി നീക്കിവച്ച തുക എത്രയാണെന്നു വ്യക്തമാക്കാമോ ;

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ഇനങ്ങളിൽ ഓരോ വർഷവും ചെലവഴിച്ച തുക എത്ര ;

(സി) ഓരോ പദ്ധതിയിനത്തിലും ഓരോ വർഷവും ചെലവാക്കാതെവന്ന തുക എത്ര ; ലാപ്സായ തുക എത്ര ; വിശദമാക്കാമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

പദ്ധതി നടത്തിപ്പിലെ കാലതാമസം

41 (T4076) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ പദ്ധതികളുടെ നടത്തിപ്പിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുവാൻ എന്തെങ്കിലും പ്രത്യേക നടപടികൾ പരിഗണനയിലുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(ബി) ഭരണാനുമതി ലഭിച്ച പദ്ധതികൾക്ക് സാങ്കേതികാനുമതി ലഭിക്കുന്നതിനും പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതിനും ഉണ്ടാകുന്ന കാലതാമസത്തിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ പരിശോധന നടത്താൻ ആവശ്യമായ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ &ബി) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

സംസ്ഥാന ആസൂത്രണ ബോർഡിന്റെ പുനഃസംഘടന

42 (4077) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ആസൂത്രണബോർഡിനെ പുനഃസംഘടിപ്പിക്കുന്ന വിഷയം പഠിച്ച റിപ്പോർട്ട് നൽകുന്നതിനായി ഏതെങ്കിലും സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പുനഃസംഘടനയിലൂടെ ലക്ഷ്യമിടുന്നത് എന്താണെന്നും ചുമതലപ്പെടുത്തിയ സ്ഥാപനം ഏതാണെന്നും വിശദമാക്കാമോ ;

(സി) പ്രസ്തുത സ്ഥാപനം പ്രാഥമിക റിപ്പോർട്ടോ, കരട് റിപ്പോർട്ടോ, അന്തിമ റിപ്പോർട്ടോ നൽകിയിട്ടുണ്ടോ ;

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത റിപ്പോർട്ട് ലഭിച്ചെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഇ) പ്രസ്തുത പഠനം നടത്തുന്നതിനുള്ള ആകെ ചെലവ് എത്ര രൂപയാണ് ; നാളിതുവരെ എത്ര രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്; വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാന ആസൂത്രണ ബോർഡിന്റെയും ജില്ലാതല സംവിധാനങ്ങളുടെയും പ്രവർത്തനരീതിയും ഘടനയും സമഗ്രമായി പരിശോധിച്ച് കൂടുതൽ മെച്ചപ്പെട്ട സേവനവും ഭരണക്രമവും നടപ്പാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് കേന്ദ്രസർക്കാർ സ്ഥാപനമായ അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ് കോളേജ് ഓഫ് ഇൻഡ്യ, ഹൈദരാബാദ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിരുന്നു.

(സി&ഡി) സംസ്ഥാന ആസൂത്രണ ബോർഡിന്റെ പഠന റിപ്പോർട്ട് തയ്യാറാക്കിയിരുന്നത് പ്ലാനിംഗ്കമ്മീഷന്റെ ഘടനയുമായികൂടി താരതമ്യപ്പെടുത്തിയായിരുന്നു. പ്ലാനിംഗ് കമ്മീഷൻ നിലവിലില്ലാത്ത സാഹചര്യത്തിലും പകരം രൂപീകരിച്ച നീതി ആയോഗിൽനിന്നും ആസൂത്രണ പ്രക്രിയ സംബന്ധിച്ച് വ്യക്തമായ സൂചനകൾ ലഭിച്ചിട്ടില്ലാത്തതിനാലും റിപ്പോർട്ടിന്മേൽ തീരുമാനം കൈക്കൊള്ളുവാൻ കഴിഞ്ഞിട്ടില്ലാത്തതും ടി റിപ്പോർട്ട് സംസ്ഥാന ആസൂത്രണ ബോർഡിന്റെ പരിഗണനയ്ക്ക് വന്നിട്ടില്ലാത്തതുമാകുന്നതിനാൽ റിപ്പോർട്ടിന്റെ പകർപ്പ് ഇപ്പോൾ ലഭ്യമല്ലാത്തതാണ്.

(ഇ) പ്രസ്തുത പഠനത്തിനായി സർക്കാർ ഭരണാനുമതി നൽകിയിരുന്നത് 22.95 ലക്ഷം രൂപയ്ക്കാണ്. ടി തുക പ്രസ്തുത സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

സംസ്ഥാന ബാങ്കേഴ്സ് അവലോകന യോഗം

43 (T4078) ഡോ. ടി. എം. തോമസ് ഐസക് :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ബാങ്കേഴ്സ് അവലോകന യോഗത്തിൽ സംസ്ഥാനത്തിന്റെ താല്പര്യത്തിനനുസരിച്ച് ബാങ്കുകളുടെ പ്രവർത്തനം പ്രയോജനപ്പെടുന്നുണ്ടോയെന്ന് വിലയിരുത്താറുണ്ടോ ; വിശദമാക്കാമോ ;

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്തെ ദേശസാൽകൃത ബാങ്കുകളിൽ നിക്ഷേപതോതിൽ വൻവർദ്ധനയുണ്ടാകുമ്പോഴും വായ്പ നൽകുന്നതിന്റെ അനുപാതം കുറവാകുന്നതായ വിലയിരുത്തലുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ സംസ്ഥാനത്തിന്റെ പൊതു വികസനത്തിനും സാധാരണക്കാരുടെ താൽപര്യത്തിനുമനുസരിച്ച് ബാങ്കുകളുടെ പ്രവർത്തനവും നിക്ഷേപവും പ്രയോജന പ്പെടുത്തുന്നതിന് ഏതെങ്കിലും തരത്തിലുള്ള ആലോചനകൾ അവലോകന യോഗത്തിൽ നടത്താറുണ്ടോയെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. ബാങ്കിംഗ് നെറ്റ് വർക്കിന്റെ വളർച്ച, ഡെപ്പോസിറ്റ്, വിതരണം ചെയ്ത ലോൺ, ലോൺ കുടിശ്ശിക, നിക്ഷേപ തോത്, എൻ.ആർ.ഐ. ഡെപ്പോസിറ്റ്, എൻ.ആർ.ഐ. അഡ്വാൻസ്, വിദ്യാഭ്യാസലോൺ, കാർഷികലോൺ തുടങ്ങിയ രംഗങ്ങളിൽ സംസ്ഥാനത്തിലെ ജനങ്ങൾക്ക് ഉപയോഗപ്രദമായി ബാങ്കുകൾ പ്രവർത്തിക്കുന്നുണ്ടോയെന്ന കാര്യം സംസ്ഥാനതല ബാങ്കുകളുടെ സമിതി യോഗത്തിൽ വിലയിരുത്താറുണ്ട്.

(ബി) ഉണ്ട്.

(സി) സംസ്ഥാനത്തിന്റെ വികസനത്തിനുതകുന്ന വിഷയങ്ങളിൽ ബാങ്കുകളുടെ സഹകരണം ആവശ്യപ്പെട്ടുകൊണ്ട് നിരവധി അജണ്ടകൾ എസ്.എൽ.ബി.സി. യോഗത്തിൽ സർക്കാർ വയ്ക്കുകയും അവ ചർച്ച ചെയ്ത് തീരുമാനം എടുക്കുകയും ചെയ്യുന്നു. കൂടാതെ ബഹു.മുഖ്യമന്ത്രി, മന്ത്രിമാർ, മറ്റുന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ എസ്.എൽ.ബി.സി. യോഗങ്ങളിൽ പങ്കെടുത്തുകൊണ്ട് ബാങ്കുകളുടെ നിക്ഷേപാനുപാതവും പ്രവർത്തനവും സംബന്ധിച്ച കാര്യങ്ങളിൽ നിരവധി ശുപാർശകൾ നൽകാറുണ്ട്.

സാമൂഹിക-സാമ്പത്തിക -ജാതി സെൻസസ്

44 (4079) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമവികസന വകുപ്പ് നടത്തുന്ന സാമൂഹിക-സാമ്പത്തിക-ജാതി സെൻസസ് ഇനിയും ഏതെല്ലാം ജില്ലകളിലാണ് ജോലികൾ പൂർത്തീകരിക്കാനുള്ളത്;

(ബി) ഏതെല്ലാം ജില്ലകളിലെ സെൻസസ് റിപ്പോർട്ട് പ്രസിദ്ധീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

859/2017.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കോഴിക്കോട് ജില്ലയുടെ ജോലികൾ മാത്രമാണ് പൂർത്തീകരിക്കുവാനുള്ളത്.

(ബി) കാസർഗോഡ്, വയനാട്, പാലക്കാട്, എറണാകുളം, ഇടുക്കി, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട, കൊല്ലം എന്നീ ജില്ലകളിലെ സെൻസസ് റിപ്പോർട്ട് എൻ.ഐ.സി. പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

സാമ്പത്തിക സ്ഥിതിവിവര കണക്ക് വിഭാഗം

45 (4080) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സാമ്പത്തിക സ്ഥിതിവിവര കണക്ക് വിഭാഗം ശക്തിപ്പെടുത്തുന്നതിനുള്ള പരിപാടിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ആരെല്ലാമാണ് പ്രസ്തുത പരിപാടിയുമായി സഹകരിക്കുന്നത്;

(ഡി) പ്രസ്തുത പരിപാടി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്റ്റേറ്റ് സ്റ്റാറ്റജിക് സ്റ്റാറ്റിസ്റ്റിക്കൽ പ്ലാൻ വിവരസാങ്കേതിക വിനിമയ സങ്കേതങ്ങൾ ശക്തിപ്പെടുത്തി വിവരശേഖരണവും വിവരം നൽകലും കാര്യക്ഷമവും കുറ്റമറ്റതും വേഗത്തിലും നൽകുന്നതിനാണ് ഈ പദ്ധതി പ്രധാനമായും ഊന്നൽ നൽകുന്നത്. കൂടാതെ, ഈ പദ്ധതിയിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും കപ്പാസിറ്റി ബിൽഡിംഗിനും വിവിധ മേഖലകളുമായി ബന്ധപ്പെട്ട സർവ്വെകൾ എന്നിവയ്ക്കും പ്രാധാന്യം നൽകിയിട്ടുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) മേൽപ്പറഞ്ഞ രണ്ട് പദ്ധതികളും സെൻട്രൽ സ്റ്റാസ്റ്റിക്സ് ആഫീസിന്റെ നിർദ്ദേശപ്രകാരമാണ് സാമ്പത്തികസ്ഥിതിവിവരക്കണക്ക് വകുപ്പ് നടപ്പിലാക്കുന്നത്.

(ഡി)

(i) സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ രൂപീകരിച്ചു കമ്മീഷന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ചും അതോറിറ്റിയെ സംബന്ധിച്ചും ചെയർമാന്റെയും മെമ്പേഴ്സിന്റെയും സേവന വേതന വ്യവസ്ഥകളെ സംബന്ധിച്ചും ഉത്തരവായിട്ടുണ്ട്.

(ii) ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റിയും വിദഗ്ദ്ധ സമിതികളും സർക്കാർ രൂപീകരിക്കുകയും അവയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(iii) കെ.എസ്.എസ്.പി. റിപ്പോർട്ടിൽ ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ ഡയറക്ടർ തസ്തിക ഡയറക്ടർ ജനറലായി അപ്ഗ്രേഡ് ചെയ്തും ഡയറക്ടർ (എസ്.ഡി.പി.) ഡയറക്ടർ (എസ്.ഡി.ആർ.റ്റി), ഒരു അഡീഷണൽ ഡയറക്ടർ എന്നീ തസ്തികകൾ പുതുതായി സൃഷ്ടിച്ചുകൊണ്ട് സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പിനെ പുനഃസംഘടിപ്പിച്ചിട്ടുണ്ട്.

(iv) വകുപ്പിലെ എല്ലാ വിഭാഗം ജീവനക്കാർക്കും ആവശ്യമായ പരിശീലനം നൽകുന്നതിനായി ട്രെയിനിംഗ് & റിസർച്ച്ഇൻസ്റ്റിറ്റ്യൂട്ട് (SASA) നിർമ്മാണത്തിന് പൂവച്ചൽ ഗ്രാമപഞ്ചായത്തിലെ കട്ടയ്ക്കോട് പ്രവർത്തിക്കുന്ന വിഗ്യാൻ കോളേജ് ഓഫ് അപ്ലൈഡ് സയൻസിന്റെ ഒരേക്കർ സ്ഥലം സർക്കാരിന് കൈമാറുന്നതിനായി ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിനും ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ പേരിൽ ആക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

(v) കേഡർ സ്ട്രക്ചർ &പേഴ്സണൽ മാനേജ്മെന്റ് വർക്ക് സ്റ്റഡി നടത്തുന്നതിനായി സെൻട്രൽ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റ് ഡയറക്ടറും ഡയറക്ടർ ജനറലുമായി 11-3-2014-ന് കരാർ ഒപ്പുവയ്ക്കുകയും വർക്ക് സ്റ്റഡിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(vi) വകുപ്പിന്റെ കീഴിലുള്ള വിവിധ ഓഫീസുകളിലെ നിലവിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഫർണിച്ചറുകൾ വാങ്ങുകയും ഐ.സിറ്റി. ഇൻഫ്രാസ്ട്രക്ചർ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വർക്ക് സ്റ്റേഷൻ നിർമ്മിക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

(vii) Local Level Planning മായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കോ-ഓർഡിനേറ്റ് ചെയ്യുന്നതിനായി LSGD സെക്രട്ടറി ചെയർമാനായി കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(viii) ജൻഡർ സ്റ്റാറ്റിസ്റ്റിക്സിനെ സംബന്ധിച്ച് ഒരു സംസ്ഥാനതല വർക്ക് ഷോപ്പും അറവുശാലകളുടെ പ്രവർത്തനത്തെ സംബന്ധിച്ചുള്ള ഒരു സർവ്വെയും നടപ്പിലാക്കിയിട്ടുണ്ട്.

(ix) 13- ാം ധനകാര്യകമ്മീഷന്റെ ധനസഹായത്തോടെ ജില്ലകളുടെ ബിസിനസ്സ് രജിസ്റ്റർ തയ്യാറാക്കൽ, വകുപ്പിന്റെ നെറ്റ് വർക്കിംഗ് സിസ്റ്റം ശക്തിപ്പെടുത്തൽ, തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് ശേഖരിക്കൽ, NSS ഡേറ്റ പൂൾ ചെയ്യുന്നതിനുള്ള നടപടികൾ, ഫാം ആക്ടിവിറ്റിയിൽ ഉൾപ്പെടുത്തി കൃഷി ചെലവ് സർവ്വേ, ഹോർട്ടികൾച്ചർ സർവ്വേ, അപൂർവ്വ വിളകളെക്കുറിച്ചുള്ള സർവ്വേ എന്നീ പ്രവർത്തനങ്ങൾ പ്രസ്തുത കാലയളവിൽ നടത്തിയിട്ടുണ്ട്.

കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ

46 (4081) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിൽ കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ നടപ്പാക്കിയിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാം ; ആയത് നടപ്പാക്കിയിട്ടുള്ളത് ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ; ഓരോ പ്രവൃത്തിക്കും അനുവദിച്ച എ.എസ്. തുക എത്ര ; വർഷം തിരിച്ച് വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

വിവരങ്ങൾ ശേഖരിച്ചുവരുന്നു.

വിദ്യാഭ്യാസ വായ്പ

47 (4082) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വിദ്യാഭ്യാസ വായ്പയുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

<u>ഉത്തരം</u>

ഐ.ബി.എ.പ്രകാരമുള്ള നിർദ്ദേശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* എന്നാൽ മാനേജ്മെന്റ് ക്വാട്ടയ്ക്ക് ഐ.ബി.ഐ. പ്രകാരമുള്ള മാനദണ്ഡമല്ല പകരം അതാത് ബാങ്കുകളുടെ സ്കീം അനുസരിച്ചാണ് വായ്പ നൽകുന്നത്.

നിർമ്മൽ ഭാരത് അഭിയാൻ, ഐ.എൽ.സി.എസ്. പദ്ധതികളുടെ പ്രവർത്തനം

48 (4083) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർമ്മൽ ഭാരത് അഭിയാൻ പദ്ധതി നടത്തിപ്പിനായി കേന്ദ്ര സർക്കാർ 2011 മുതൽ 2015 വരെ ഓരോ വർഷവും സംസ്ഥാനത്തിന് എത്ര തുക അനുവദിച്ചു നൽകിയെന്നും ഓരോ വർഷവും എത്ര തുക പ്രസ്തുത ഫണ്ടിൽനിന്നും ചെലവാക്കിയെന്നും വ്യക്തമാക്കുമോ ;

(ബി) മറ്റൊരു കേന്ദ്രാവിഷ്കൃത പദ്ധതിയായ ഐ.എൽ.സി.എസ്. പദ്ധതി നടത്തിപ്പിനായി 2011 മുതൽ 2015 വരെ ഓരോ വർഷവും എത്ര കേന്ദ്ര സഹായം ലഭിച്ചുവെന്നും ഏതെല്ലാം പ്രവൃത്തികൾക്കാണ് എന്നും ഓരോ വർഷവും എത്ര തുക ചെലവാക്കിയെന്നും വ്യക്തമാക്കുമോ ;

(സി) ഗ്രാമപ്രദേശത്തെ ഖര-ദ്രവ മാലിന്യ സംസ്കരണത്തിനായുള്ള കേന്ദ്ര പദ്ധതിയായ എൻ.ബി.എ. പദ്ധതിയുടെ ഭാഗമായി ലഭിച്ച സർക്കാർ സഹായത്തിൽ നിന്നും 2011 മുതൽ 2015 വരെ ഓരോ ജില്ലയിലും ഏതെല്ലാം പഞ്ചായത്തുകൾക്ക് എത്ര സഹായം സംസ്ഥാന സർക്കാർ ലഭ്യമാക്കി ; വർഷം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(ഡി) 2011 മുതൽ 2015 വരെ ഓരോ വർഷവും അങ്കണവാടി ശുചിത്വ പരിപാലനം, ശിശു സൗഹൃദ ടോയ്‌ലറ്റ് നിർമ്മാണം, വിദ്യാലയ ശുചിത്വ പരിപാടി, വ്യക്തികൾക്ക് കക്കൂസ് നിർമ്മാണം തുടങ്ങിയവയ്ക്ക് എത്ര തുക കേന്ദ്ര സഹായം ലഭിച്ചുവെന്നും ഓരോ വർഷവും ഏതെല്ലാം പഞ്ചായത്തുകളിൽ എത്ര തുക വീതം ചെലവാക്കിയെന്നും വ്യക്തമാക്കുമോ ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) എൽ.ബി.എ. പദ്ധതി പ്രകാരം കേന്ദ്ര സഹായത്തിൽ ലഭിക്കുന്ന തുകയിൽ 2011 മുതൽ 2015 വരെ ഓരോ വർഷവും വിവര-വിജ്ഞാന വ്യാപന പ്രവൃത്തികൾക്കായി ലഭിച്ച തുക എത്ര ; ചെലവാക്കിയ തുക എത്ര ; ഏതു പ്രദേശങ്ങളിൽ ചെലവാക്കി ; വിശദാംശം ലഭ്യമാക്കുമോ ;

(എഫ്) ഇത്തരത്തിൽ കേന്ദ്ര സഹായങ്ങൾ ലഭിക്കുന്നുവെന്ന് നക്ഷത്രചിഹ്നമിടാത്ത ചോദ്യമായി അനുവദിക്കാവുന്നതാണെങ്കിലും ഇവ ചെലവാക്കാനായി ശുചിത്വമിഷൻ കാണിക്കുന്ന അനാസ്ഥ പരിശോധിച്ചുവോ ; വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) വ്യക്തമാക്കാം.

(രൂപ ലക്ഷത്തിൽ)

വർഷം	കേന്ദ്ര സർക്കാർ അനുവദിച്ച തുക	ചെലവ് (മുൻ നീക്കിയിരിപ്പ് സഹിതം)
2011-12	158.89	987.89
2012-13	...	951.51
2013-14	2150.60	2510.83
2014-15	3397.23	3951.69
ആകെ	5706.72	5706.72

(ബി) ഐ.എൽ.സി.എസ്. എന്ന പദ്ധതി വ്യക്തിഗത ഗാർഹിക ശൗചാലയം നിർമ്മാണ പ്രവർത്തികൾക്കുവേണ്ടിയുള്ളതാണ്.

വർഷം	കേന്ദ്രം	ചെലവ് (രൂപ ലക്ഷത്തിൽ)
2011-12	125.00	125.00
2013-14	375.00	375.00

(സി) നിർമ്മൽ ഭാരത് അഭിയാൻ നിലവിൽ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിയുടെ ഭാഗമായി ലഭിക്കുന്ന കേന്ദ്ര സംസ്ഥാന സഹായം എല്ലാ ഘടകങ്ങളുംകൂടി നിർവ്വഹിക്കപ്പെടുന്നതിനുള്ളതാണ്. ലഭ്യമായ തുകയിൽ നിന്നും ഖരദ്രവമാലിന്യ സംസ്കരണ ഘടകത്തിന് പഞ്ചായത്തുകൾ ചെലവഴിച്ച തുക അനുബന്ധമായി ചേർക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നിർമ്മൽ ഭാരത് അഭിയാൻ നിലവിൽ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിയുടെ ഭാഗമായി ലഭിക്കുന്ന കേന്ദ്ര സംസ്ഥാന സഹായം എല്ലാ ഘടകങ്ങളുംകൂടി നിർവ്വഹിക്കപ്പെടുന്നതിനുള്ളതാണ്. പഞ്ചായത്തുകൾ ചെലവഴിച്ച തുക അനുബന്ധമായി ചേർക്കുന്നു.*

(ഇ) നിർമ്മൽ ഭാരത് അഭിയാൻ നിലവിൽ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിയുടെ ഭാഗമായി ലഭിക്കുന്ന കേന്ദ്ര സംസ്ഥാന സഹായം എല്ലാ ഘടകങ്ങളുംകൂടി നിർവ്വഹിക്കപ്പെടുന്നതിനുള്ളതാണ്. ലഭ്യമായ തുകയിൽനിന്നും വിവിരവിജ്ഞാന വ്യാപന പ്രവർത്തനങ്ങൾക്കായി 2011 മുതൽ 2015 വരെ 866.33 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. ആകെ ചെലവിന്റെ 15.18 ശതമാനം.

(എഫ്) ഇക്കാര്യത്തിൽ ശുചിത്വ മിഷൻ ഒരു അനാസ്ഥയും കാണിച്ചിട്ടില്ല.

വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നതിലെ മാനദണ്ഡം

49 (4084) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നതിലെ മാനദണ്ഡം എന്തെല്ലാം എന്നറിയിക്കുമോ ;

(ബി) വിദ്യാഭ്യാസ വായ്പകളുടെ 2008-09-ലെ പലിശനിരക്കും നിലവിലെ പലിശനിരക്കും എത്രയാണ് ;

(സി) വിദ്യാഭ്യാസ വായ്പയ്ക്ക് ഇൻഷ്വറൻസ് പരിരക്ഷ നല്കിയിട്ടുണ്ടോ ;

(ഡി) ഏതെങ്കിലും ദേശസാൽകൃത ബാങ്കുകൾ അമിത പലിശ ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത്തരം ബാങ്കുകൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കാൻ കഴിയുന്നത് ;

(ഇ) പലിശ നിശ്ചയിക്കുന്നതിലെ മാനദണ്ഡം വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) IBA Scheme പ്രകാരമുള്ള മാനദണ്ഡം അനുബന്ധമായി ചേർക്കുന്നു.* എന്നാൽ മാനേജ്മെന്റ് ക്വാട്ടയ്ക്ക് IBA Scheme പ്രകാരമുള്ള മാനദണ്ഡമല്ല പകരം അതാത് ബാങ്കുകളുടെ സ്കീം അനുസരിച്ചായിരിക്കും വായ്പ അനുവദിക്കുന്നത്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അതാത് ബാങ്കുകൾക്ക് അവരവരുടെ പലിശനിരക്കായിരിക്കും.

(സി) ഇല്ല.

(ഡി&ഇ) ഇന്ത്യൻ ബാങ്കേഴ്സ് അസോസിയേഷന്റെ മോഡൽ എഡ്യൂക്കേഷണൽ ലോൺ സ്കീം ഖണ്ഡിക എട്ട് പ്രകാരം ബേസ്റേറ്റിനെ ആധാരമാക്കി അതാത് ബാങ്കുകൾക്ക് വിദ്യാഭ്യാസ ലോണിന്റെ പലിശ നിരക്ക് നിശ്ചയിക്കാവുന്നതാണ്. ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന നിരക്ക് മറ്റു ലോണുകളേക്കാൾ കൂടുതലും വ്യത്യസ്ത ബാങ്കുകളിൽ വ്യത്യസ്തവുമാണ്. വിദ്യാഭ്യാസ ലോണിന്റെ പലിശനിരക്ക് കാർഷിക ലോണിന്റേതിന് തുല്യമാക്കി കുറയ്ക്കണമെന്ന് ആവശ്യപ്പെട്ട് മുഖ്യമന്ത്രി കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രിക്ക് കത്തെഴുതിയിട്ടുണ്ട്.

പദ്ധതിവിഹിതം ഒറ്റ ബഡ്ജറ്റ് ശീർഷകത്തിൽ വകയിരുത്തുന്ന രീതി

50 (4085) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് വേണ്ട വിഹിതം ഒറ്റബഡ്ജറ്റ് ശീർഷകത്തിൽ വകയിരുത്തുന്ന രീതി ഏതു വർഷം മുതലാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) പുതിയ രീതി അവലംബിക്കാനിടയായ കാരണങ്ങളും ഉദ്ദേശ്യലക്ഷ്യങ്ങളും എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇത്തരത്തിൽ ഒറ്റ ബഡ്ജറ്റ് ശീർഷകത്തിൽ തുക വകയിരുത്തിയത് ഏതെല്ലാം പദ്ധതിക്ക് വേണ്ടിയാണെന്നും അവയ്ക്കെല്ലാം കൂടി ആകെ എന്ത് തുക വകയിരുത്തിയെന്നും ഓരോ പദ്ധതിക്കും എന്ത് തുക വീതം ചെലവഴിച്ചിട്ടുണ്ടെന്നും മൊത്തം ചെലവുകൾ എത്ര ശതമാനമെന്നും വർഷം തിരിച്ച് വിശദമാക്കുമോ ;

(ഡി) ചെലവുകളുടെ ശതമാനക്കണക്കിന്റെ അടിസ്ഥാനത്തിൽ പല പദ്ധതികൾക്കായി ഒറ്റ ബഡ്ജറ്റ് ശീർഷകത്തിൽ തുക വകയിരുത്തുന്ന പുതിയ രീതി വിജയമാണോയെന്നും ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിച്ചുവോയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2013-14 വാർഷികപദ്ധതി മുതലാണ് മുഖ്യഅടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കുവേണ്ട വിഹിതം ഒറ്റ ബഡ്ജറ്റ് ശീർഷകത്തിൽ വകയിരുത്തുന്ന രീതിക്ക് തുടക്കം കുറിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പശ്ചാത്തല വികസന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ഫണ്ടിന്റെ അപര്യാപ്തതയുണ്ടാകുന്നത് ഒഴിവാക്കുന്നതിനുവേണ്ടിയാണ് ഇത്തരം പദ്ധതികൾ ഒരു ശീർഷകത്തിൽ കൊണ്ടുവന്നിട്ടുള്ളത്. ഇതിൻപ്രകാരം ടി ശീർഷകത്തിൽ ഉൾപ്പെടുന്ന പദ്ധതികളുടെ പുരോഗതിക്കനുസരിച്ച് ഫണ്ട് ലഭ്യത ഉറപ്പാക്കുന്നതിന് സാധിക്കുന്നു.

(സി) 2013-14, 2014-15, 2015-16 എന്നീ വാർഷികപദ്ധതികളിൽ യഥാക്രമം 846.03 കോടി, 1225.00 കോടി, 2000.00 കോടി രൂപ വീതം വകയിരുത്തിയിട്ടുണ്ട്. ഓരോ പദ്ധതിക്കും എന്ത് തുക വീതം ചെലവഴിച്ചിട്ടുണ്ടെന്നും മൊത്തം ചെലവുകൾ എത്ര ശതമാനമെന്നും വർഷം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) പുതിയ രീതി വിജയകരമാണെന്ന് വിലയിരുത്തപ്പെടുന്നു. ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിച്ചിട്ടുണ്ട്.

കോഴിക്കോട് ജില്ലയിൽ നബാർഡ് ധനസഹായത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രോജക്ടുകൾ

51 (4086) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015-16 വർഷം കോഴിക്കോട് ജില്ലയിൽ നബാർഡ് ധനസഹായത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രോജക്ടുകൾ ഏതെല്ലാം ; ഇവ നിയമസഭാ മണ്ഡലം തിരിച്ച് വിശദമായി വ്യക്തമാക്കാമോ ;

(ബി) ഓരോ പ്രോജക്ടിനും ഭരണാനുമതി നൽകിയ ഉത്തരവിന്റെ പകർപ്പും തുകയും വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) 2015-16 വർഷം നബാർഡ് ധനസഹായത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെ മുൻഗണനാക്രമ ലിസ്റ്റ് തയ്യാറായിട്ടില്ല. പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നതേയുള്ളൂ.

ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ നബാർഡ് പദ്ധതികൾ

52 (4087) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

859/2017.

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ സർക്കാരധികാരമേറ്റശേഷം ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള നബാർഡ് സഹായ പദ്ധതികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) മണ്ഡലത്തിൽ നിലവിൽ പരിഗണനയിലുള്ള നബാർഡ് പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ;

(സി) ഈ പദ്ധതികളിൽ പൂർത്തിയായവ ഏതൊക്കെ ; നിർമ്മാണത്തിലിരിക്കുന്നവ ഏതൊക്കെ ; വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള നബാർഡ് പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. നബാർഡ് ആർ.ഐ.ഡി.എഫ്. XVIII അംഗനവാടി കെട്ടിട(നമ്പർ72) നിർമ്മാണം,മുളക്കുഴ ഗ്രാമപഞ്ചായത്ത്, അംഗീകൃത തുക 5.75 ലക്ഷം.
2. നബാർഡ് ആർ.ഐ.ഡി.എഫ്. XVIII അരീക്കര മുളനിൽക്കുന്നതിൽപ്പടി താഴം ഭാഗം റോഡ് നിർമ്മാണം, ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത്, അംഗീകൃത തുക 30 ലക്ഷം.

(ബി) നബാർഡ് XXI ലേയ്ക്കാണ് പുതിയ പ്രവൃത്തികൾ ഏറ്റെടുക്കേണ്ടത്. ഉൾപ്പെടുത്തേണ്ട പ്രവൃത്തികളെക്കുറിച്ച് തീരുമാനമായിട്ടില്ല.

(സി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ അനുവദിച്ച രണ്ട് പ്രവൃത്തികളും ഇതുവരെ പൂർത്തീകരിച്ചിട്ടില്ല. അംഗനവാടി കെട്ടിടനിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. അരീക്കര മുളനിൽക്കുന്നതിൽപ്പടി താഴം ഭാഗം റോഡ് പ്രവൃത്തിക്ക് എസ്റ്റിമേറ്റ് റിവിഷൻ പരിശോധിച്ചുവരുന്നു.

കേന്ദ്രാവിഷ്കൃത പദ്ധതികൾ

53 (4088) <u>ശ്രീ. കെ. ശിവദാസൻ നായർ</u> :
<u>ശ്രീ. ബെന്നി ബെഹനാൻ</u> :
<u>ശ്രീ. ജോസഫ് വാഴക്കൻ</u> :
<u>ശ്രീ. സി. പി. മുഹമ്മദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) കേന്ദ്രാവിഷ്കൃത പദ്ധതികളിൽ സംസ്ഥാനങ്ങൾക്കുള്ള അധികാരം പരിമിതമാണെന്ന് പരാതിയുണ്ടോ ; വിശദമാക്കുമോ ;

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഫണ്ടിന്റെ എത്ര ശതമാനമാണ് സംസ്ഥാനത്തിന് ലഭിക്കുന്നതെന്ന രൂപരേഖയായോ ; വിശദമാക്കുമോ ;

(സി) ഓരോ പദ്ധതിക്കും കേന്ദ്ര ബഡ്ജറ്റിൽ പ്രത്യേകം തുക വകയിരുത്തുന്നതിന് സമ്മർദ്ദം ചെലുത്തുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

മിഷൻ 676 -ൽ ഉൾപ്പെടുത്തിയ കോഴിക്കോട് ജില്ലയിലെ പ്രവൃത്തികൾ

54 (4089) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676 പദ്ധതിയിൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കാൻ തീരുമാനിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവയിൽ ഓരോ പ്രവൃത്തിക്കും വകയിരുത്തിയ തുക എത്ര വീതമാണെന്ന് വിശദമാക്കാമോ ;

(സി) ഓരോ പ്രവൃത്തിയും പൂർത്തീകരിക്കുന്നതിന് കാലയളവ് നിശ്ചയിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

ക്ഷീരവരം പദ്ധതി

55 (4090) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ ക്ഷീരവികസന മേഖലയിലെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ക്ഷീരകർഷകരുടെ ക്ഷേമത്തിനുമായി പാലക്കാട് ജില്ലയിൽ ക്ഷീരവരം എന്ന പദ്ധതിക്ക് രൂപം നല്കിയതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(സി) ക്ഷീരവരം പദ്ധതിയ്ക്കായി എന്തെല്ലാം സഹായങ്ങളാണ് സർക്കാരിന്റെ ഭാഗത്തുനിന്ന് ലഭ്യമാക്കുകയെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) ഉണ്ട്. പാലക്കാട് ജില്ലയിലെ ക്ഷീരസംഘം പ്രതിനിധികളുടെ യോഗതീരുമാനപ്രകാരം പാലക്കാട് പാക്കേജ് ഫോർ ഡെയറി ഡെവലപ്മെന്റ് അഥവാ ക്ഷീരവരം എന്ന പേരിൽ പാലക്കാട് ജില്ലയ്ക്കുവേണ്ടി തയ്യാറാക്കിയ പദ്ധതി നിർദ്ദേശം പാലക്കാട് ജില്ലാ ഓഫീസർ മുഖേന വകുപ്പിൽ ലഭ്യമായിട്ടുണ്ട്. ടി പദ്ധതി തൻവർഷത്തെ പ്ലാൻ പദ്ധതി നിർദ്ദേശങ്ങളിലോ ബഡ്ജറ്റ് വിഹിതത്തിലോ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ പ്രത്യേക അനുമതിയും ഫണ്ടും ലഭ്യമാക്കേണ്ടതുണ്ട്.

അന്യസംസ്ഥാനത്ത് നിന്നെത്തുന്ന പാലിന്റെ ഗുണനിലവാരം

56 (4091) <u>ശ്രീ. പി. തിലോത്തമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യസംസ്ഥാനത്തുനിന്നും വിവിധ പേരുകളിലെത്തുന്ന പാലാണ് പല ഭക്ഷണശാലകളിലും ഉപയോഗിക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇവയുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ക്ഷീരവികസന വകുപ്പ് എന്തെങ്കിലും സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ ;

(ബി) അന്യസംസ്ഥാനത്തുനിന്നും വിവിധ പേരുകളിലെത്തുന്ന പാൽ സർക്കാർ അനുമതിയോടെയും ക്ഷീരവികസന വകുപ്പിന്റെ അംഗീകാരത്തോടെയുമാണോ ഹോട്ടലുകളിലും മറ്റ് ഭക്ഷണശാലകളിലും ഉപയോഗിക്കപ്പെടുന്നതെന്ന് വിശദമാക്കുമോ ;

(സി) ഗുണനിലവാരം ഇല്ലാത്ത പാൽ സംസ്ഥാനത്ത് ഉപയോഗിക്കപ്പെടാതിരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. മാർക്കറ്റിൽ ലഭ്യമാകുന്ന എല്ലാ ബ്രാൻഡ് പാലിന്റെയും സാമ്പിൾ പാൽ വിൽപ്പനകേന്ദ്രങ്ങളിൽനിന്ന് ശേഖരിച്ച് പതിനാല് ക്വാളിറ്റി കൺട്രോൾ ലാബിലും കൂടാതെ, സ്റ്റേറ്റ് ഡയറി ലാബിലും പരിശോധിച്ച് റിപ്പോർട്ട് ഫുഡ് സേഫ്റ്റി കമ്മീഷണർക്ക് നൽകിവരുന്നു. ഗുണനിലവാരം കുറഞ്ഞതോ മായം കലർന്നതോ ആയ പാൽ കണ്ടെത്തിയാൽ നിയമനടപടികൾ സ്വീകരിക്കുവാൻ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് ആക്ട് 2006 പ്രകാരം ഫുഡ്സേഫ്റ്റി കമ്മീഷണർക്ക് ആണ് അധികാരം.

(ബി) വിവിധ പേരുകളിലെത്തുന്ന പാൽ ഹോട്ടലുകളിൽ ഉപയോഗിക്കുന്നതിന് ക്ഷീരവികസന വകുപ്പിന്റെ അനുമതിയോ അംഗീകാരമോ ആവശ്യമില്ല. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേർഡ്സ് ആക്ട് 2006 പ്രകാരം ഭക്ഷ്യവസ്തുക്കളുടെ സംഭരണം, വിതരണം, ഗുണനിലവാരം എന്നിവ ഉറപ്പാക്കേണ്ടത് ഭക്ഷ്യസുരക്ഷാ വകുപ്പാണ്.

(സി) ക്ഷീരവികസന വകുപ്പിൽ പതിനാല് ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ, സ്റ്റേറ്റ് ഡയറി ലാബിലും ജില്ലകളിൽ ലഭ്യമാകുന്ന എല്ലാ ബ്രാൻഡ് പാൽ സാമ്പിളുകളും ശേഖരിച്ച് പരിശോധിച്ച് ഗുണനിലവാരം കണ്ടെത്തുന്നു. ജില്ലകളിൽ നിന്ന് ലഭിക്കുന്ന റിപ്പോർട്ട് കൺസോളിഡേറ്റ് ചെയ്ത് ഫുഡ് സേഫ്റ്റി കമ്മീഷണർക്ക് സമർപ്പിക്കുന്നു. തുടർനടപടികളും നിയമനടപടികളും സ്വീകരിക്കേണ്ടത് ഫുഡ് സേഫ്റ്റി കമ്മീഷണർ ആണ്. ക്വാളിറ്റി കൺട്രോൾ ഓഫീസർ ഉപഭോക്തൃ ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചുവരുന്നുണ്ട്. ഓണക്കാലത്ത് ജില്ലാതലത്തിൽ ഇൻഫർമേഷൻ സെന്റർ സ്ഥാപിച്ച് പാലിന്റെ ഗുണമേന്മ ജനങ്ങളെ ബോധ്യപ്പെടുത്താറുണ്ട്. കൂടാതെ, ലഘുലേഖകൾ ചർച്ചാക്ലാസുകൾ എന്നിവയും നടത്തി വരുന്നു.

മിൽമ ഡയറികളിൽ പാൽ കർശനമായ ഗുണനിലവാര പരിശോധനകൾക്ക് വിധേയമായ ശേഷമാണ് സ്വീകരിക്കുന്നത്. കേരളത്തിലെ ക്ഷീരസംഘങ്ങളിൽ നിന്നും സംഭരിക്കുന്ന പാലും സംസ്ഥാനത്തിന് പുറത്തുനിന്നും കൊണ്ടുവരുന്ന പാലും ഇപ്രകാരമുള്ള കർശന ഗുണനിലവാര പരിശോധനകൾക്ക് വിധേയമാക്കിയ ശേഷമാണ് സ്വീകരിക്കുന്നത്. മാത്രമല്ല പാലിന്റെ ഗുണനിലവാരം കൃത്യമായ ഗുണനിലവാര പരിശോധനയിലൂടെ ഉറപ്പുവരുത്തിയശേഷം മാത്രമെ മിൽമപാൽ വിതരണം ചെയ്യുന്നുള്ളൂ.